# 90 YEARS OF SENGUPTA LIBRARY



## PARAYANCHERY KOZHIKODE

PARAGON GROUP OF RESTAURANTS

SINCE
PARAGON
RESTAURANT & CATERING
1939

*The Taste Destination*

Salkara
Paragon Group
A unit of Paragon Restaurant Catering

Paragon Group
M GRILL
GRILLS & MULTICUSINE

PARAGON'S
BROWN TOWN
BAKERY & CAFÉ
FRESH BAKES & QUALITY BREWS

Salkara
XPRESS



# സെൻഗുപ്ത പബ്ലിക് ലൈബ്രറി

പറയഞ്ചേരി, കോഴിക്കോട്

# സുവനീർ




**Cover page**
**Conceptualisation:**
**Mr.Narendra Raghunath.**
Narendra raghunath is an artist and academic based in Bengaluru. He has many national and international publications and exhibitions to his credit.

**Artist: Anjali.**
Anjali is a visual communicator based in Bengaluru.

Both Narendra raghunath and Anjali have their roots in Parayancheri, Kozhikode

## ഉള്ളടക്കം

### ലേഖനം


**സ്മൃതിപർവ്വം**.................................................. 5
പി.എം.നാരായണൻ
**തായ്‌വേരിന്റെ ബലം**............................................ 8
എം.എൻ.കാരശ്ശേരി
**ഇടശ്ശേരിയുടെ ലോകം**.......................................... 17
സി.ആർ പരമേശ്വരൻ
**നന്മയുടെ ഉറവ വറ്റാതിരിക്കണമെങ്കിൽ** ............. 29
നവാസ് പൂനൂർ
**അന്ധവിശ്വാസങ്ങളുടെ ലോകം**.............................. 34
എ.ജി.ഗീത
**രാജലക്ഷ്മി-ആത്മവിഷാദത്തിന്റെ ബലിക്കല്ലിൽ വീണ കണ്ണീർ** ........................ 36
എൻ. ദേവദാസൻ


### കവിത


**യാത്ര** ................................................................ 7
ശ്രീധരനുണ്ണി
**പൂക്കാത്ത മാവ്** ................................................ 19
മലയത്ത് അപ്പുണ്ണി
**കാട്-കാട്ട് ജാതിക്കാർ**........................................ 25
ഡോ.ജമുനാദേവി
വിവർത്തനം ഡോ.ആർസു.
**മരീചിക** ........................................................... 28
പൂനൂർ കെ. കരുണാകരൻ


### കഥ


**ഓരോ വിളിയുംകാത്ത് ഒരമ്മ**.................................. 11
യു.കെ.കുമാരൻ
**ഒറ്റനാളത്തെ വിജയി** ........................................... 13
കെ.പി. സുധീര
**അണ്ണു** ............................................................. 20
കെ.വി. മോഹൻകുമാർ
**ജാതിമരത്തിന്റെ മാതാവ്**..................................... 26
സി.വി.ബാലകൃഷ്ണൻ
**അടിവാരം അഥവാ ഒരു കാരൂർക്കഥ**......................... 31
വി.ആർ. സുധീഷ്



എസ്.കെ. പൊറ്റക്കാട് ജന്മശതാബ്ദി അനുസ്മരണം



ബോധവൽക്കരണ ക്ലാസ്സ് - ഡോ:ഫവാസ്



ഗാന്ധി ക്വിസ്സ് മത്സരം - അനുസ്മരണം - സമ്മാനദാനം



ഗാന്ധി സ്മൃതി പ്രദർശനം



ഗാന്ധിജി അനുസ്മരണ സമ്മേളനവും,
സെൻഗുപ്ത പബ്ലിക് ലൈബ്രറി ഹാളിന്റെ ഉൽഘാടനവും.




ലഹരി വിരുദ്ധ സെമിനാർ



**Deshaprya J.M. Sen Gupta**

## സെൻഗുപ്ത പബ്ലിക് ലൈബ്രറിയുടെ സ്ഥാപക ആചാര്യൻമാർ



**അയനിക്കണ്ടി നാരായണൻ നായർ**



**കിഴക്കെ കാഞ്ഞോളി നാരായണൻ നായർ**



**കെ. കൃഷ്ണൻ നായർ**



**എ. ബാലഗോപാൽ**
മുൻ പ്രസിഡണ്ട്



## നിർവ്വാഹക സമിതി

**ഇടത്തേ അറ്റം:** ടി. മോഹൻദാസ്, ടി. രാജേന്ദ്ര (വൈസ് പ്രസിഡണ്ട്), സി. രാമചന്ദ്രൻ, ടി.വി.ഹരി (പ്രസിഡണ്ട്)
പി.എം. നാരായണൻ (സെക്രട്ടറി), എൻ.ദേവദാസൻ
**നിൽക്കുന്നവർ:** പി.കെ. ഷീന, സി. ബീന (ലൈബ്രേറിയൻ), എം. നസീം, എം. നാരായണൻ
എം.ദിനേശൻ (ജോ. സെക്രട്ടറി), ബാബു കുട്ടാക്കിൽ



**സുവനീർ കമ്മറ്റി:** ടി. രാജേന്ദ്രൻ (വൈസ് ചെയർമാൻ), ടി.വി. ഹരി (വൈസ് ചെയർമാൻ),
പൂനൂർ കരുണാകരൻ (ചെയർമാൻ)
പി. ബാലസുബ്രഹ്മണ്യൻ (വൈസ് ചെയർമാൻ), പി.എം. നാരായണൻ (കൺവീനർ)



## വനിതാ വിഭാഗം



സി. രാമചന്ദ്രൻ
ആഘോഷ കമ്മറ്റി ചെയർമാൻ

വി.ടിമാധവൻ
മുൻ പ്രസിഡണ്ട്



ലേഖനം:

# സ്മൃതിപർവ്വം

പി.എം. നാരായണൻ




ഈ പ്രദേശത്തെ മൂന്നു ചെറുപ്പക്കാരുടെ സ്ഥിരോൽസാഹവും നിശ്ചയദാർഢ്യവും കൊണ്ടാണ് 1933 കാലഘട്ടത്തിൽ പറയഞ്ചേരിയിൽ സെൻഗുപ്ത പബ്ളിക് ലൈബ്രറി എന്ന സ്ഥാപനം തുടങ്ങാൻ കഴിഞ്ഞത്. അവർ കിഴക്കെ കാഞ്ഞോളി നാരായണൻ നായർ, കീഴേടത്ത് കൃഷ്ണൻ നായർ, അയനികണ്ടി നാരായണൻ നായർ എന്നിവരായിരുന്നു. ഒരു ലൈബ്രറി തുടങ്ങുന്നതിനെകുറിച്ചും യുക്തമായ പേരു നൽകുന്നതിനെപറ്റിയും അവർ ആലോചിച്ചു. 1933 മെയ് മാസത്തിൽ വടകര വെച്ച് നടത്തപ്പെട്ട കേരളാ പ്രദേശ് കോൺഗ്രസ് കമ്മറ്റിയുടെ സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചത് ജെ.എൻ. സെൻഗുപ്ത എന്ന ബംഗാളിൽ നിന്നുള്ള നേതാവായിരുന്നു. സമ്മേളനം കഴിഞ്ഞ് ബംഗാളിലേക്ക് തിരിച്ചുപോയ അദ്ദേഹം രണ്ട് മാസത്തിനുള്ളിൽ ദിവംഗതനായി. കേരളീയരുടെ സ്നേഹാദരങ്ങൾക്ക് പാത്രമായ അദ്ദേഹം സ്വാതന്ത്ര്യസമരരംഗത്ത് ജ്വലിച്ചു നിന്ന വ്യക്തിത്വമായിരുന്നു. കൂടാതെ കൽക്കത്ത മേയറും ലെജിസ്ലേറ്റീവ് അസംബ്ലി അംഗവുമായിരുന്നു. അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മിറ്റിയുടെ പ്രസിഡണ്ടായിരുന്ന നെല്ലി സെൻഗുപ്ത, ജെ.എൻ. സെൻഗുപ്തയുടെ ജീവിത സഖിയായിരുന്നു. ആ ധീരദേശാഭിമാനിയുടെ സ്മരണ നിലനിർത്താൻ വേണ്ടിയാണ് അദ്ദേഹത്തിന്റെ പേരിൽ ലൈബ്രറി ആരംഭിക്കാൻ ലൈബ്രറിയുടെ സ്ഥാപകർ തീരുമാനിച്ചത്. ഈ ലൈബ്രറി സ്ഥിതി ചെയ്യുന്ന സ്ഥലം, സൗജന്യമായി നൽകിയത് പ്രദേശത്തെ അറിയപ്പെടുന്ന ഒരു പൊതു പ്രവർത്തകനായിരുന്ന അയനികണ്ടി ഗോപാലൻ നായർ അവർകളായിരുന്നു. ലൈബ്രറിയുടെ നവതി ആഘോഷവേളയിൽ നന്ദിപൂർവ്വം അദ്ദേഹത്തെയും അദ്ദേഹത്തിന്റെ സംഭാവനകളെയും സ്മരിക്കേണ്ടതാണ്. പിന്നിട്ട 90 വർഷങ്ങളിൽ ഈ സ്ഥാപനത്തിന്റെ സാരഥ്യം വഹിച്ചും അല്ലാതെയും ലൈബ്രറിക്ക് നിസ്വാർത്ഥ സേവനം അർപ്പിച്ച എല്ലാ മഹൽ വ്യക്തികളെയും ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

സെൻഗുപ്ത പബ്ലിക് ലൈബ്രറി കോഴി

ക്കോട്ട് പ്രത്യേകിച്ച് പറയഞ്ചേരി പ്രദേശത്തെ വിദ്യാഭ്യാസ, സാംസ്കാരിക, സാമൂഹിക മേഖലയുടെ ഉന്നമനത്തിനായി സുപ്രധാനപങ്ക് വഹിച്ചിട്ടുണ്ട്. അക്ഷരങ്ങളുടെ വെള്ളി വെളിച്ചത്തിലൂടെ ഈ നാട്ടിലെ സാധാരണക്കാരുടെ ഇടയിൽ സാമൂഹ്യബോധവും കൂട്ടായ്മയെക്കുറിച്ചുള്ള അവബോധവും വളർത്തിയെടുക്കുന്നതിൽ ഈ ഗ്രന്ഥാലയം വഹിച്ച പങ്ക് എക്കാലവും സ്മരിക്കപ്പെടും. 1936ൽ കോഴിക്കോട് ടൗൺഹാളിൽ ടിക്കറ്റ് വെച്ച് നടത്തപ്പെട്ട ഒ. ചന്തുമേനോന്റെ "ഇന്ദുലേഖ" എന്ന പ്രശസ്ത നോവലിന്റെ നാടകാവിഷ്കാരം അരങ്ങേറി. അഞ്ച് മണിക്കൂർ നീണ്ടുനിന്ന നാടകം അക്ഷരാർത്ഥത്തിൽ ജനങ്ങളെ പുളകം കൊള്ളിച്ചു എന്ന് ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. ഈ നാടകത്തിന്റെ പ്രദർശനത്തിൽ നിന്നും കിട്ടിയ വരുമാനമാണ് ലൈബ്രറിയുടെ ആദ്യത്തെ കെട്ടിടത്തിന്റെ നിർമ്മാണ ചെലവിലേക്ക് ഉപയോഗിച്ചത്.

വർഷങ്ങൾ കഴിഞ്ഞപ്പോൾ ഇന്ത്യ സ്വതന്ത്രമാവുകയും ഒരു ജനകീയ ഗവൺമെന്റിന്റെ കീഴിലാവുകയും ചെയ്തു. അതോടുകൂടി എല്ലാതലങ്ങളിലും പുതിയ പ്രതീക്ഷകളും സ്വപ്നങ്ങളും നാമ്പെടുത്തു. കാലത്തിനൊത്തവണ്ണം ലൈബ്രറി കെട്ടിടം പരിഷ്ക്കരിക്കേണ്ടത് ഒരു അടിയന്തിരാവശ്യമായി വന്നു. ഇന്ത്യാ ഗവൺമെന്റിന്റെ ഗ്രാമവികസനപദ്ധതിയുടെ ധനസഹായം തേടുകയും നല്ല സംഖ്യ സഹായമായി ലഭിക്കുകയും ചെയ്തു. ബാക്കി ഈ പ്രദേശത്തെ ഉദാരമതികളുടെ അകമഴിഞ്ഞ സഹായസഹകരണങ്ങളോടുകൂടി 1956ൽ ലൈബ്രറിക്ക് പുതിയൊരു ബ്ലോക്ക് നിർമ്മിക്കുവാനും പഴയ കെട്ടിടം പരിഷ്ക്കരിക്കാനും കഴിഞ്ഞു. സെൻഗുപ്ത ലൈബ്രറിയുടെ പ്രഥമ പ്രസിഡണ്ട് എ. ഉണ്ണിനായർ അവർകളെ ആദരപൂർവ്വം സ്മരിക്കുന്നു. മലബാറിൽ ലൈബ്രറി പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ നേതൃത്വപരമായ പ്രവർത്തനം കാഴ്ചവെച്ച വ്യക്തിയായിരുന്നു എ. ബാലഗോപാൽ. കൂടാതെ, ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ ചെയർമാനുമായിരുന്നു അദ്ദേഹം. 30 കൊല്ലക്കാലം ലൈബ്രറിയുടെ പ്രസിഡണ്ട് സ്ഥാനം അലങ്കരിച്ച് നിസ്വാർത്ഥ സേവനം അനുഷ്ടിച്ച എ. ബാലഗോപാലൻ അവർകളെ ഈ ആഘോഷവേളയിൽ പ്രത്യേകം സ്മരിക്കുന്നു. പ്രശസ്ത എഴുത്തുകാരനും ലൈബ്രറിയുടെ ആദ്യകാല പ്രവർത്തകനുമായിരുന്ന എ.സി. ഗോവിന്ദൻ അവർകളുടെ സ്മരണയ്ക്കായി അദ്ദേഹത്തിന്റെ ബന്ധുക്കളുടെ സഹായസഹകരണങ്ങളോടെ നവീകരിച്ച എ. സി.ഗോവിന്ദൻ സ്മാരകഹാൾ ലൈബ്രറിയിൽ പ്രവർത്തിക്കുന്നു. വലുപ്പം കൊണ്ടും സ്ഥല സൗകര്യംകൊണ്ടും ഈ ലൈബ്രറി ഇതര ലൈബ്രറികളിൽ നിന്ന് വ്യത്യസ്ഥമാണ്. ഇപ്പോൾ ലൈബ്രറിയിൽ 12000 ത്തിൽ കൂടുതൽ പുസ്തകങ്ങൾ ഉണ്ട്.

പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ സേവനപ്രവർത്തനങ്ങൾ, സാംസ്കാരിക സമ്മേളനങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ, ക്വിസ് മത്സരങ്ങൾ, ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകൽ, മറ്റ് പ്രോത്സാഹനങ്ങൾ എന്നീ പ്രവർത്തനങ്ങൾ ചെയ്യുന്നതിൽ ലൈബ്രറി എന്നും മുൻപന്തിയിലാണ്. ലൈബ്രറിയുടെ ഉപവിഭാഗമായ വനിതാവിഭാഗം വളരെ സജീവമായി പ്രവർത്തിക്കുന്നു.

കലാലയങ്ങളിൽ നിന്നും നമുക്ക് പരിമിതമായ വിജ്ഞാനം മാത്രമാണ് സ്വായത്തമാക്കാൻ കഴിയുകയുള്ളൂ. സിലബസ് അധിഷ്ഠിതമായ പഠനമാണല്ലോ അവിടെ നടക്കുന്നത്. അറിവിന്റെ നിസ്സീമമായ ലോകം കലാലയങ്ങൾക്ക് പുറത്താണ്. വിജ്ഞാനകുതുകികൾക്ക് യഥേഷ്ടം ആ മേഖല ഉപയോഗപ്പെടുത്താവുന്നതാണല്ലോ. ഈ ഒരു കാഴ്ചപ്പാടിൽ വിലയിരുത്തുമ്പോൾ ഗ്രന്ഥശാലകളുടെ പ്രാധാന്യം വളരെ വലുതാണ്. അതുകൊണ്ടുതന്നെ ഗ്രന്ഥശാലകൾ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളാണ്. ഒരു പ്രദേശത്തിന്റെ സാംസ്കാരികമായ ഔന്നത്യം നിർണ്ണയിക്കുന്നതിൽ ലൈബ്രറികൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. വിജ്ഞാനത്തിന്റെ പൊൻകിരണങ്ങൾ വിതറി ഒരു നാടിന്റെ ഹൃദയത്തുടിപ്പായി മാറിയ, ദീപ്തമായ ഒരു ചരിത്രമാണ് സെൻഗുപ്ത ലൈബ്രറിയുടേത്. ഈ സരസ്വതീ ക്ഷേത്രത്തിന്റെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്ക് വേണ്ടി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. അതോടൊപ്പം ഇനിയും അനേകം നൂറ്റാണ്ടുകൾ ഈ ഗ്രന്ഥാലയം നിലനിൽക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യാം.

പി.എം. നാരായണൻ


You may never know what results come of your actions, but if you do nothing, there will be no results.
Mahatma Gandhi



We are manufacturing

- **M Sand**
- **P Sand**
- **40 mm Metal**
- **20 mm Metal**
- **6 mm Metal**
- **Quarry Waste**



# AROOR GRANITES

Mob: 9349100894 / 9207793060

PO. Olavatoor, Via. Ayikkarappadi, Aroor, Malappuram Dt.

# യാത്ര

ആളും വെയിലിന്റെ
നാളങ്ങളേറ്റു ഞാൻ
നീളെ നടക്കുകയല്ലോ.
ആദിയുമന്തവുമില്ലാത്ത പാതയെ-
ന്നാരോ പറഞ്ഞതും കേട്ടു
ചൂടുവാനില്ലല്ലോ സത്യക്കുടയാത്മ
ദാഹം പെരുക്കുകയല്ലോ
നീറും മുറിവുണ്ട് പാരം വിശപ്പുണ്ട്
പാതയിൽ മുള്ളുകളുണ്ട്.
എന്നിട്ടുമെന്നിട്ടുമെന്തിനീയാത്രയെ-
ന്നേതുമറിയുകയില്ലാ.
ആരെത്തിരക്കി ഞാൻ പോകുന്നുവെന്നതും
തീരെയറിയുകയില്ലാ.
ദൂരെയപാരത
യിങ്കലൊരൽഭുത
താരകമുണ്ടെന്നു കേട്ടു
പേരറിവീലെങ്കിലെന്തേ തിരക്കിഞാ-
നങ്ങെത്തുമെന്നതു സത്യം
ആകയാലെല്ലാം
സഹിച്ചുഞാൻ മുന്നോട്ടു
പോകുന്നു കാലങ്ങളോളം!

**ശ്രീധരനുണ്ണി**



ലേഖനം:



# തായ്‌വേരിന്റെ ബലം

എം.എൻ.കാരശ്ശേരി

എം.ടി.യുടെ ലോകത്തേക്ക് നന്നെ കുട്ടിക്കാലത്തുതന്നെ നഗരം കടന്നുവരുന്നു. അച്ഛനും നഗരവും അന്ന് കേട്ടുകേൾവിയായിരുന്നു. പണത്തിലും പ്രതാപത്തിലും കുടികൊണ്ടിരുന്ന ആ പുകഴ്ച്ചകൾ എത്രയോ അകലത്തായിരിക്കുമ്പോഴും ഏറെ അടുത്തായിരുന്നു.

“ശ്ശി ദൂരം ണ്ടോ മുത്താച്ചീ?”

“കൊളംബിലിക്കോ?”

“അല്ല, അവടയ്ക്കേയ്.... വടക്കേപ്പാട്ടേക്ക്.”

‘നാലുകെട്ടി’ലെ അപ്പുണ്ണിയുടെ ബാല്യകാലത്ത് അകലെയുള്ള നഗരവും അടുത്തുള്ള തറവാടും തമ്മിൽ ഇടകലരുന്ന ചിത്രമാണിത്.

ജീവിത വിജയം നേടാൻ ദരിദ്രമായ നാട്ടിൻപുറത്തെ ഉപേക്ഷിക്കുകയും സമ്പന്നമായ നഗരത്തെ ആശ്രയിക്കുകയും ചെയ്യുക ഇതാണ് എം.ടി.യുടെ കഥാനായകന്മാരുടെ രീതിശാസ്ത്രം. ‘വിദേശ’മായ വയനാട്ടിൽ പോയി അപ്പുണ്ണിയും കോഴിക്കോട്ട് ഹോട്ടൽ കച്ചവടം നടത്തി ശേഖരൻ നായരും പണക്കാരായി ഗ്രാമത്തിൽ തിരിച്ചെത്തുന്നു. സേതുവിന്റെ മോചനകവാടവും നഗരം തന്നെ. നിരവധി ചെറുകഥകളിലും ഈ പതിവ് പുലരുന്നു. ‘ബന്ധന’ത്തിലെ കഥാഗതിതന്നെ നല്ല ഉദാഹരണം. എന്തിന്, ഈ കഥാകൃത്ത് താൻ തന്നെയും നഗരത്തിൽചെന്ന് അറബിപ്പൊന്നിന്റെ കള്ളക്കച്ചവടം നടത്തി സമ്പന്നനാകാനാഗ്രഹിക്കുകയും അത് നടക്കാതെ വന്നപ്പോൾ ആ കച്ചവടത്തെ പറ്റി നോവലെഴുതാൻ മിനക്കെടുകയും ചെയ്തതായി ‘അറബിപ്പൊന്നി’ന്റെ ആമുഖത്തിൽ പറഞ്ഞിട്ടുണ്ടല്ലോ!

ഇങ്ങനെപുറപ്പെട്ടുപോയി ‘നാഗരികന്മാ’രാകുന്നതും സമ്പന്നരാകുന്നതും ചീത്തയാകുന്നതും പുരുഷന്മാരാണ്; ഭർത്താക്കന്മാരാണ്; അച്ഛന്മാരാണ്. ‘പതനം’ എന്ന കഥയിലെ കഥാപാത്രത്തിന്റെ ആലോചന“മിടുക്കൻ എന്റെ മറന്നുപോയ ഓമനപ്പേരായിരുന്നു” എന്നാണ്. പൊതുവെ ഈ കഥാചിത്രങ്ങളുടെ മൂല്യബോധം “മിടുക്കി”ൽ സംഗ്രഹിക്കാം. ആ ഓമനപ്പേര് വിളിച്ചുകേൾക്കാൻ മിക്കവരും കൊതിക്കുന്നു. സമ്പത്തിനും കോയ്മയ്ക്കും വേണ്ടി അവർ മുന്നും പിന്നും നോക്കാതെ ചൂതാടുന്നു. നഗരം അവർക്ക് കളമൊരുക്കുന്നു.

## റിവേഴ്സ് ഗിയറിലെ ഓട്ടം

ഈ പരക്കം പാച്ചിലിനിടയിലും മിക്കവരും എളുപ്പം ഭൂതകാലത്തിലേക്ക് വീണുപോകുന്നു. അവരുടെ കാറുകളിൽ റിവേഴ്സ് ഗീറ് മാത്രമേയുള്ളൂ എന്നു തോന്നിപ്പോകും. കാറിൽ മുന്നോട്ടു പോകുമ്പോഴും അവർ ഓർമ്മയിൽ പിന്നോട്ടു പായുകയാണ്. ഒരുതരം ഊഞ്ഞാലാട്ടം. ഏതു നേരത്തും ഫ്ളാഷ് ബാക്കുകൾ തെളിയുന്ന യവനികയായി ഇവിടെ മനസ്സ് കോലം മാറുന്നു. “മുപ്പത്തേഴിൽ പരവശരായിക്കഴിഞ്ഞ്” അവർ ഏതു നഗരത്തിലും സ്വന്തം ഗ്രാമത്തിന്റെ ഒരു കീറും ചുമന്ന് ജീവിക്കുന്നു. കുട്ടിക്കാലത്ത് ശേഖരിച്ച “ഒരുപിടി കുന്നിക്കുരു’ഇപ്പോഴും കീശയിലുണ്ട്. ഈ പറയുന്ന കുട്ടിക്കാലം അവരിൽ മിക്കവർക്കും കയ്പ്പേറിയതുതന്നെ – പട്ടിണിയും അപമാനവും സ്നേഹശൂന്യതയും മാത്രം കൊണ്ടുവന്ന നാളുകൾ. അന്നത്തെ സ്വപ്നം മാത്രമായിരുന്നു നഗരം. അതൊരു വിശിഷ്ട ദേശം കൂടിയായിരുന്നു.

"അപ്പുക്കുട്ടന്റെ പളുങ്കുഡപ്പിയേക്കാളും എമ്പ്രാൻകുട്ടിയുടെ മൗത്ത് ഓർഗനേക്കാളും മുന്തിയതാണ് എന്റെ മൂങ്ങ, അതേയ് കൊളം ബിൽനിന്ന് കൊണ്ടുവന്നതാണ്." (നിന്റെ ഓർമ്മ യ്ക്ക്)

ആ ബാലനെസംബന്ധിച്ചിടത്തോളം കൊളംബ് പ്രിയപ്പെട്ടതായിത്തീരുന്നത് അതൊരു പേരുകേട്ട നഗരമായതുകൊണ്ടു മാത്ര മല്ല, തന്റെ അച്ഛന്റെ സ്ഥലമായതുകൊണ്ടുകൂടി യാണ്. അത് കൈയെത്താത്ത ഉയരത്തിലാണ്. അച്ഛൻ വിണ്ണും അമ്മ മണ്ണും ആയി വകതിരി ഞ്ഞുനിൽക്കുകയാണ്.

എം.ടി.യുടെ മണ്ഡലത്തിൽ നഗരം അച്ഛന്റെയും നാട്ടിൻപുറം അമ്മയുടെയും രൂപഭാ വങ്ങൾ കൈവരിക്കുന്നു - സമ്പത്തും അപരിചി തത്വവും മിടുക്കും നീതി നടത്തുന്ന നഗരം. ദാരിദ്ര്യവും വ്യക്തിബന്ധങ്ങളും നിസ്സായതയും പുലരുന്ന നാട്ടിൻപുറം. എം.ടി. നഗരത്തെ പേടിച്ചു; നാട്ടിൻപുറത്തെ സ്നേഹിച്ചു.

**"കർക്കടകം"** എന്ന കഥ തുടങ്ങുന്നു: "മിഥുനം - കർക്കടകം കാലത്തെ മഴ അമ്മയെ പ്പോലെയാണ്. ഓർക്കാതിരിക്കുമ്പോഴാണ്, നല്ല നേരമാണെന്ന് വിചാരിച്ച് അടുക്കുമ്പോഴാണ് പൊട്ടിച്ചാടുക. ഇടിയും മഴയും തുടങ്ങിയാൽ സ്കൂളിൽ വരുന്നതും പോകുന്നതും മാത്രമല്ല വിഷമം വിശപ്പും."

കർക്കടകം പിറന്നാളിന്റെ, പട്ടിണിയുടെ, സ്വന്തം ഗ്രാമത്തിന്റെ, അമ്മയുടെ ഓർമ്മയാണ്. ഗ്രാമം മാതൃത്വമാകുന്നു.

"വിലാപയാത്ര"യിലും മറ്റു രചനക ളിലും കാണുന്നതുപോലെ അച്ഛൻ നഗരം തന്നെ. വളരെയകലെ നഗരത്തിലാണദ്ദേഹം. മാസം തോറും ധാരാളം പണം അയയ്ക്കും. അതേ നഗരത്തിൽ നിന്നാണ്, കൊളംബിൽ നിന്നാണ് ചതിയുടെ ആദ്യ അനുഭവം വരുന്നത്; അച്ഛൻ നാട്ടിൽ വന്നപ്പോൾ കൂടെ കൊണ്ടുവന്നി രുന്ന ലീല എന്ന പെൺകുട്ടി ആരോ പറഞ്ഞു കേട്ടതുപോലെ, ഏതോ സ്നേഹിതന്റെ മകളല്ല, അദ്ദേഹത്തിന്റെ തന്നെ മകളാണ് അന്ന അറിവ് ബാല്യ സ്മൃതിയിലെ ചന്നിനായകമാകുന്നു: നഗരം 'കാപ്പിറ്റൽ' തന്നെ. മൂലധനം എന്ന അർഥത്തിലും അധികാരകേന്ദ്രം എന്ന അർഥ ത്തിലും.

പിതൃവിരോധത്തിന്റെ കനലുകൾ പതുക്കെ എരിഞ്ഞുതുടങ്ങുകയായി. എല്ലാ അധികാരരൂപങ്ങളേയും വെല്ലുവിളിക്കാൻ മക്കളും മരുമക്കളും പ്രാപ്തി നേടുന്നു.

'പാതിരാവി'ലെ മൊയ്തീൻ സ്വന്തം പിതാവായ ഗോപിയെ ആട്ടിയിറക്കുന്നു.

നാലുകെട്ട് പൊളിക്കാനായുന്ന അപ്പു ണ്ണിയെ സംബന്ധിച്ച് അമ്മാവന്മാർക്ക് മാപ്പില്ല, അച്ഛനെവിഷം കൊടുത്തുകൊന്ന സെയ്താലി ക്കുട്ടിക്ക് തീർച്ചയായും മാപ്പുണ്ട്!

മക്കൾക്ക് മൂപ്പെത്തുമ്പോൾ അവർ എന്തായിത്തീരും എന്നതിനെപ്പറ്റി ഈ എഴുത്തു കാരന് കൃത്യമായ കണക്കുണ്ട്. 'മൂടുപടം' എന്ന കഥയിലെ ഈ വാക്യം നോക്കൂ, "കൊല്ലങ്ങൾക്കു മുമ്പാണ് മകൻ യുവാവായിട്ടി ല്ല, വെറുക്കാൻ പഠിച്ചിട്ടില്ല."

പണക്കാരൻ പാവപ്പെട്ടവനെയും നഗരം നാട്ടിൻപുറത്തെയും അച്ഛൻ അമ്മയെയും ക്യാപ്പിറ്റലിസം ഫ്യൂഡലിസത്തെയും കീഴ്പ്പെടു ത്തുന്നത് കണ്ടുനിൽക്കുകയായിരുന്നു, ഈ എഴുത്തുകാരൻ എന്ന് അദ്ദേഹത്തിന്റെ കഥാ ലോകം പറയുന്നു. അവിടത്തെ പുരുഷന്മാർ ജീവിതം തേടി, പണം തേടി നഗരങ്ങളിലേക്കു ചെല്ലുന്നു. തങ്ങളെ നിസ്സാരന്മാരാക്കി അവഗ ണിച്ചുതള്ളുന്ന പിതൃരൂപങ്ങൾക്കെതിരെയാണ് അവരുടെ മുന്നേറ്റം. നഗരത്തെ കീഴൊതുക്കുന്ന തിലൂടെ കഥാകൃത്ത് 'അച്ഛൻ'എന്ന ബിംബത്തെ തോല്പിക്കുകയാവാം.

വാസുദേവൻ നായരുടെ മിക്ക കഥാപാ ത്രങ്ങളുടെ പ്രവൃത്തിയിലും ഇത്തരം ഒരർഥ മാനം കുടിയിരിപ്പുണ്ട്. അച്ഛനെക്കൊന്ന സെയ്താലിക്കുട്ടിയുടെ വീട്ടിൽ നിന്ന് പാത്തുമ്മ വെച്ച ചോറും കറിയും കഴിക്കുമ്പോൾ അപ്പുണ്ണി വിശപ്പ് മാറ്റുകയല്ല, "വെറുത്തിരുന്ന എന്തെ ല്ലാമോ പൊളിച്ചിടുന്ന രസം" ഉണ്ണുകയായിരു ന്നു. ക്രോധത്തിന്റെ വളർത്തുപുത്രനായ ഗോവിന്ദൻകുട്ടി അച്ഛനെപ്പറ്റി ഓർക്കുന്നുപോലു മില്ല, അവരിൽ പലർക്കും അച്ഛന്റെയും കാരണവ ന്മാരുടെയും പാരമ്പര്യത്തിന്റെ എല്ലാ രൂപങ്ങ ളോടും അറപ്പുതോന്നുന്നു. പലർക്കും അമ്മ നിന്ദ സ്വഭാവത്തിന്റെ അംശമാണ്; അന്യസം സ്കാരങ്ങളോടാണെങ്കിൽ അവർക്ക് നിലവിട്ട കമ്പവും!

അമ്മ പില്ക്കാലത്ത് സ്വീകരിച്ച പുരു ഷന് അപ്പുണ്ണിയുടെ സ്വന്തം വീട്ടിൽ സ്വീകരണ മുണ്ട്. ഗോവിന്ദൻകുട്ടി പൊന്നാനിയിൽ ചെന്ന് തൊപ്പിയിട്ട് അബ്ദുല്ലയായി - പൈതൃകനിഷേ ധത്തിന്റെ, ഈഡിപ്പൽ ആവേഗത്തിന്റെ, ചക്രം ഭിന്നമായ പഥങ്ങളിലൂടെ ഉരുണ്ടുരുണ്ട് മുന്നോട്ടു പോകുന്നു.

**നായകനും വില്ലനും**

നഗരത്തിൽ എത്തിപ്പെടുന്നതോടെ വ്യക്തികൾ കാപട്യത്തിലേക്കു വഴിതിരിയുന്നു എന്നതാണ് എം.ടി.യുടെ ഒന്നാമത്തെ പാഠം. കഥാനായകന്മാർ തന്നെ വില്ലന്മാരായി വേഷം മാറിവരുന്ന വിചിത്രമായൊരു താളം അവിടെ കാണാം. അവരുടെ അണിയറ നഗരമാണ്, ഗോപി, സേതു തുടങ്ങിയ നായകരൂപങ്ങൾ ഉദാ

ഹരണം. 'അസുരവിത്തി'ലെ ശേഖരൻ നായരെയും അയാളുടെ മകൻ കൊച്ചപ്പനെയുമൊക്കെ ചതി പഠിപ്പിച്ചുവിട്ടത് പട്ടണം തന്നെ. 'മഹാനഗരത്തിന്റെ പശ്ചാത്തലത്തിൽ' എന്ന ചെറുകഥയിലെ സുന്ദരിയായ മിസ്സിസ് മാധവീ മേനോൻ എന്ന ഭാര്യയെയും 'ബന്ധന'ത്തിലെ ഭർത്താവിനെയും മാറ്റിത്തീർക്കുന്നതും നഗരജീവിതം ആണ്. എം.ടി. വാസുദേവൻ നായരുടെ സങ്കല്പത്തിലെ പ്രധാനപ്പെട്ട വില്ലൻ നഗരമാകുന്നു; ചതി ഇപ്പറഞ്ഞ വില്ലന്റെ സഹജരീതിയാകുന്നു.

എം.ടി.യുടെ കഥാപാത്രങ്ങളുടെ ജീവിതഗതിയെ നിയന്ത്രിക്കുന്ന മുഖ്യമായ സംഗതി ചതിയാണ്. ചതിയന്മാരുടെ കഥകളോട് ഈ കഥാകൃത്തിന് അവസാനിക്കാത്ത ആഭിമുഖ്യമുണ്ട്.

കൊള്ളരുതായ്കകളെല്ലാം നഗരത്തിൽ മാത്രമാണ് എന്ന് എം.ടി. വിചാരിക്കുന്നില്ല. നാട്ടിൻപുറത്തിന്റെ ക്രൂരതകളും സ്വാർഥവും അദ്ദേഹത്തിന്റെ രചനകളിൽ ആവിഷ്ക്കാരം നേടുന്നുണ്ട്: കുട്ട്യേടത്തിയും വേലായുധനും ഗോവിന്ദൻകുട്ടിയും പീഢിപ്പിക്കപ്പെട്ടത് ഗ്രാമങ്ങളിൽ വെച്ചാണല്ലോ - പക്ഷെ, ഗ്രാമത്തിൽ അപ്പോഴും ശക്തമായ വ്യക്തിബന്ധങ്ങളുണ്ട്. അയൽപക്കവും സമുദായമൈത്രിയും ത്യാഗമനഃസ്ഥിതിയും ക്ഷമയും അവിടെ സ്വാഭാവികമായി തെഴുത്തുവളരുന്നു. ഗ്രാമവാസികൾ കൂട്ടായ്മയുടെ പങ്കുകാരാണ്, ഒറ്റപ്പെട്ട വ്യക്തികളല്ല. 'വില്പനയ്ക്ക്' എന്ന കഥയിൽ കാണുന്നതുപോലെ നഗരജീവിതത്തിന് സഹജമായ അന്യത്വവും ശൂന്യതയും താങ്ങാനാവാതെ ഒരു മനുഷ്യജീവി സ്വയം ലേലത്തിന് വെക്കേണ്ട ദുരവസ്ഥ തീർച്ചയായും അവിടെയില്ല.

ഇവിടെ നഗരകഥാപാത്രങ്ങളെ കാത്തുകിടക്കുന്ന ശനിദശ വേറെയാണ്; കുട്ടിക്കാലത്ത് ആഗ്രഹിച്ചതുപോലെ നഗരത്തിനെയും സമ്പത്തിനെയും കീഴടക്കി മിടുക്കന്മാരായി 'ഉയർന്ന്' നിൽക്കുമ്പോൾ ആ നില്പ് എത്രമാത്രം നിരർഥകമാണ് എന്ന് അവർക്ക് വെളിവുവരുന്നു. കാലവും വാരിക്കുഴിയും പതനവും പാതിരാവും ബന്ധനവും എല്ലാം അത്തരം മടുപ്പിന്റെയും ആത്മനിന്ദയുടെയും കഥകളാണ് - ഒറ്റപ്പെടുകയും സ്വയം അപരിചിതരാവുകയും ചെയ്യുന്ന നിസ്സഹായരായ മനുഷ്യർ. തനിക്കു തന്നെ അന്യരായിത്തീർന്നവർ. കഥാകൃത്ത് അവർക്ക് ഓരോരുത്തർക്കും 'അയാൾ' എന്നു പേരിടുന്നു. ഇവിടെ 'ഞാൻ' പലപ്പോഴും 'അയാൾ' ആണ്. ഉത്തമപുരുഷ സർവനാമം 'അയാൾ' ആയി മാറുന്ന ഈ വ്യാകരണത്തെറ്റിൽ എം.ടി.യിലെ പല ശരികളുമുണ്ട്.

ഒരു സവിശേഷത വകതിരിച്ച് മനസ്സിലാക്കേണ്ടതുണ്ട്.

ആന്തരമായ ശൂന്യതകൊണ്ട് ദുർബലമായിത്തീരുന്നുതും ആത്മനിന്ദ അനുഭവിക്കുന്നതും പുരുഷ കഥാപാത്രങ്ങളാണ്. എം.ടി.യുടെ സ്ത്രീകഥാപാത്രങ്ങൾ കരുത്തു കൂടുതലുള്ളവരും ആത്മാഭിമാനം ഉയർത്തിപ്പിടിക്കുന്നവരുമാണ്. ദാരിദ്ര്യമോ, പുരുഷന്മാരുടെ ചതികളോ അവരെ അങ്ങേയറ്റം ദുഃഖിതരാക്കുന്നുണ്ടാകാം. അതൊന്നും സാമാന്യമായി അവരെ ആത്മനിന്ദയിലേക്കു നയിക്കുന്നില്ല; ദുഃഖത്തിന്റെ ഘനീഭവിച്ച രൂപമായ വിമലയെ നോക്കൂ - ക്ഷമിക്കാനും കാത്തിരിക്കുവാനുമുള്ള ആ കരുത്ത് ആത്മനിന്ദയ്ക്ക് ഇടം അനുവദിക്കുന്നില്ല. ഒന്നിനെയും ആരെയും കൂസാത്ത കുട്ട്യേടത്തിക്ക് ശാപം പേടിയില്ല. ചെകുത്താനെയും ബ്രഹ്മരക്ഷസിനെയും കൂടി പേടിയില്ല. അവർ 'ധീര'യായി ജീവിക്കുന്നു. സഹികെടുമ്പോൾ അതേ ധൈര്യത്തോടെ ഒരു തുണ്ട് കയറിൽ അത് അവസാനിപ്പിക്കുകയും ചെയ്യുന്നു. 'അസുരവിത്തി'ലെ അമ്മയും സഹോദരിയും ഏതു കഷ്ടപ്പാടലും തന്റേടം വിടാത്തവരാണ്. തറവാടിന്റെ മഹത്ത്വം ഓർത്തുകൊണ്ട്, പട്ടിണിയിലും പരിവട്ടത്തിലും ജീവിച്ച് മരിച്ചുപോവുന്നതിൽ അവർക്കൊരു കേസ്സുമില്ല. അന്യമതക്കാരന്റെ കുഞ്ഞിനെ'പിഴച്ചുപെറാനു'ള്ള ദുര്യോഗമുണ്ടായിട്ടും 'പാതിരാവി'ലെ പാത്തുമ്മ പിടിച്ചു നിൽക്കുന്നു. ഇവിടെ തായ്ക്കുലം ക്ഷമയിൽ പുലരുന്നു.

ഈ സ്ത്രീവ്യക്തിത്വത്തിന്റെ ആദിമരൂപം 'കർക്കിടക'ത്തിൽ കാണുന്ന അമ്മ തന്നെയായിരിക്കണം. മകനെപട്ടിണിക്കിട്ടും ബന്ധുവിനെസൽക്കരിക്കുന്നതിൽ അവർ കാണിക്കുന്ന അഭിമാനബോധം! ഇല്ല. ഈ ലോകത്ത് സ്ത്രീകൾക്ക് ആത്മനിന്ദയില്ല, ദുരിതമേയുള്ളൂ.

കരുത്തിന്റെ ആരാധകനായ എം.ടി.യുടെ സ്ത്രീകളും ഗ്രാമീണകഥാപാത്രങ്ങളും പൊതുവെ കരുത്തരാണ് എന്നു പറയാം. ദൗർബല്യം അദ്ദേഹം മിക്കസമയത്തും നഗരത്തിൽ കുടിയേറുന്നവർക്കായി പകുത്തുകൊടുക്കുന്നു. സേതുവിനോളം ആന്തരമായ ശൂന്യത അനുഭവിക്കുന്ന ഒരു സ്ത്രീയോ ഗ്രാമീണനോ വാസുദേവൻനായരുടെ പ്രപഞ്ചത്തിൽ ഇല്ല - നാട്ടിൻപുറത്തിന്റെ മണ്ണിൽ തൊടാതെ നിൽക്കുമ്പോൾ വ്യക്തികളുടെ കരുത്തു ചോർന്നുപോകുന്നു എന്നവാം.

സൂര്യന്റെ സ്വർണപ്രഭ തേടി നഗരാകാശത്തിലേക്കു കവരംവീശി വളരുവാൻ നിലവിട്ട് കൊതിക്കുന്നവർ തായ്വേര് നഷ്ടപ്പെടുത്തുന്നു എന്ന് എം.ടി. പറഞ്ഞുകൊണ്ടേയിരിക്കുന്നു.

■

# ഓരോ വിളിയും കാത്ത് ഒരമ്മ

യു.കെ. കുമാരൻ

അമ്മ എനിക്കൊരു വിസ്മയമായിരുന്നു. അച്ഛന്റെ വിളികൾക്ക് പിറകെ ഓടിക്കൊണ്ടിരിക്കുന്ന ഒരു അനുസരണയുള്ള ഭാര്യ. വീട്ടിലെ എല്ലാ ജോലികളും രാത്രി വൈകുന്നതുവരെ ചെയ്തുകൊണ്ടിരിക്കുന്ന കാര്യപ്രാപ്തിയുള്ള ഒരു വേലക്കാരി. മക്കളുടെ എല്ലാ കാര്യങ്ങളും മുറ തെറ്റാതെ നോക്കണമെന്ന് നിർബന്ധമുള്ള ഒരമ്മ.

അമ്മയെ മുന്നിൽ കണ്ടാണ് 'ഒറ്റക്കൊരു സ്ത്രീ ഓടിക്കൊണ്ടിരിക്കുന്നു' എന്ന കഥ ഞാൻ എഴുതിയത്. അമ്മയുടെ രണ്ടാം 'ജന്മ'ത്തിലാണ് ഞാൻ അമ്മയുടെ മകനായത്. ഒമ്പതാമത്തെ വയസ്സിലാണ് അമ്മയുടെ ആദ്യ ജന്മം ആരംഭിക്കുന്നത്. ആരുടെയോ തോളിലേറിയാണ് ആദ്യഭർത്താവിന്റെ വീട്ടിലേക്ക് പോയതെന്ന് അമ്മ തമാശയായി പറയാറുണ്ട്. പന്ത്രണ്ടു കൊല്ലം അവിടെ അമ്മ പ്രസവിക്കില്ല എന്നു കരുതി ആദ്യഭർത്താവ് അമ്മയെ ഒഴിവാക്കുകയായിരുന്നു. അതു കഴിഞ്ഞാണ് അമ്മയുടെ രണ്ടാം ജന്മം. തനിക്കു നഷ്ടപ്പെട്ട മക്കളെ തന്ന ആൾ എന്ന നിലയിൽ അമ്മയ്ക്ക് അച്ഛനോട് വളരെയേറെ സ്നേഹമുണ്ടായിരുന്നു.



പന്ത്രണ്ടുകൊല്ലം ഒന്നിച്ചു കഴിഞ്ഞ ആദ്യ ഭർത്താവിനോടുള്ള അമ്മയുടെ മനോഭാവം എന്തായിരിക്കും? ചിലപ്പോഴൊക്കെ ഞാൻ ചോദിച്ചു നോക്കിയിട്ടുണ്ട്. അപ്പോഴൊക്കെ നിസ്സംഗതയോടെ അമ്മ പറഞ്ഞിരുന്നത് 'എന്റെ മക്കളുടെ അച്ഛനല്ലേ എനിക്ക് വലുത്' എന്നായിരുന്നു. ആദ്യ ഭർത്താവോ, ആദ്യകാലത്തെ കുടുംബജീവിതമോ അമ്മയുടെ ഓർമ്മയിൽ പോലുമില്ലായിരുന്നു. അതിനെക്കുറിച്ചോർക്കുന്നതു പാപമാണെന്ന് പോലും അമ്മ കരുതി. അച്ഛൻ വിളിക്കുമ്പോഴോ, വിളിക്കാതിരിക്കുമ്പോഴോ ആ വിളിപ്പുറത്തുണ്ടാവണമെന്നും അമ്മ വിശ്വസിച്ചു. അച്ഛന്റെ സുഖസൗകര്യങ്ങൾക്കു വേണ്ടി ഉഴിഞ്ഞു വെച്ച ഒരു ജീവിതം മാത്രമാണ് അമ്മയുടേത്. ഒരു തരം സ്വാർഥതയോടെ അച്ഛൻ അതാസ്വദിക്കുകയും ചെയ്തിരുന്നു. രോഗശയ്യയിൽ കിടക്കുമ്പോൾ പോലും അച്ഛന്റെ കാര്യങ്ങൾ കൃത്യമായി അമ്മ അന്വേഷിക്കുമായിരുന്നു. ഗർഭപാത്രം നീക്കം ചെയ്യുന്ന ശസ്ത്രക്രിയ കഴിഞ്ഞു മൂന്നാമത്തെ ദിവസം വയലിലെ ജോലിക്കാർക്ക് ഭക്ഷണമെത്തിക്കുവാൻ വേണ്ടി അമ്മ അടുക്കളയിൽ കയറി. രണ്ടാഴ്ച ശരീരം അനക്കരുതെന്ന ഡോക്ടറുടെ നിർദേശമുണ്ടായിരുന്നു. അതു പാലിക്കാൻ അമ്മ തയ്യാറായില്ല. അമ്മ വിശ്രമിച്ചു കാണണമെന്ന് അച്ഛനും താൽപര്യമില്ലായിരുന്നു. അമ്മ അടുക്കളയിൽ കയറിയതിന് ഞാൻ ശാസിച്ചപ്പോൾ അമ്മ പറഞ്ഞു: "നിനക്ക് നിന്റെ അച്ഛനെക്കുറിച്ച് ഒരു തിരിപാടുല്ല, അതാ നീ ഇങ്ങനെപറേണത്. ഓല്ക്ക് ദേഷ്യം പിടിച്ചാല് ഇവിടെ കുഴമാന്തിരമാക്കും."

മക്കളെ അടിക്കുമ്പോഴോ, ശാസിക്കുമ്പോഴോ മാത്രമേ അച്ഛനോട് അമ്മ ദേഷ്യപ്പെട്ടു എന്തെങ്കിലും പറഞ്ഞിരുന്നുള്ളു. അല്ലാതെ അച്ഛനെതിരായി ഒന്നും പറയുക അമ്മയുടെ ശീലമായിരുന്നില്ല. മാത്രമല്ല, അമ്മയുടെ സംസാരത്തിൽ അച്ഛൻ ആദ്യം തൊട്ടേ ഉണ്ടെന്ന ഭാവമാണ് എന്നുമുണ്ടായിരുന്നത്.

ഒരു മഴക്കാലരാത്രിയിൽ അച്ഛനും അമ്മയും ഞാനും സഹോദരങ്ങളും വീടിന്റെ വരാന്തയിൽ ഇരിക്കുകയായിരുന്നു. അച്ഛൻ പഴയകാല സംഭവങ്ങൾ പലതും പറയാൻ തുടങ്ങി. നല്ല ധൈര്യശാലിയായിരുന്നു അച്ഛൻ. വിവാഹത്തിനു മുമ്പു നടന്ന കാര്യങ്ങളാണ് അച്ഛൻ സംസാരിച്ചുകൊണ്ടിരിക്കുന്നത്. സേലത്ത് ഒരു രാത്രിയിൽ എത്തിപ്പെടുന്നു. കുറെ പണം അച്ഛന്റെ കൈയിലുണ്ട്. അത് അവിടെ നിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകണം. ഒരു കുതിരവണ്ടി വിളിച്ച് അച്ഛൻ അവിടേക്കു പുറപ്പെട്ടു. കുറച്ചു കഴിഞ്ഞപ്പോൾ മറ്റു ചിലർ പിന്നാലെ ഒരു കുതിരവണ്ടിയിൽ വരുന്നതാണ് കണ്ടത്. ഇതിലെന്തോ ചതിയുണ്ടെന്ന് അച്ഛന് മനസ്സിലായി. കുറച്ചാളുകൾ കൂടി നിൽക്കുന്ന ഒരു സ്ഥലം കണ്ടപ്പോൾ അച്ഛൻ കുതിര വണ്ടിയിൽ നിന്നും എടുത്തുചാടി. ആളുകളുടെ അടുത്തേക്കോടി. അവർ പറഞ്ഞാണ് അച്ഛൻ അറിയുന്നത്, ആളുകളെ തട്ടിക്കൊണ്ടുപോയി പണം കവർന്നു കൊല്ലുന്ന സംഘത്തിൽപ്പെട്ടവരായിരുന്നു അവരെന്ന്. കുതിരവണ്ടിയിൽ നിന്നും അന്നു ഞാൻ ചാടിയിറങ്ങിയില്ലെങ്കിൽ ഇന്നു ഞാൻ ബാക്കിയുണ്ടാകില്ലായിരുന്നു. അച്ഛന്റെ വിവരണം കേട്ട് അന്തംവിട്ടു നിന്ന അമ്മ പറഞ്ഞത് ഇങ്ങനെയായിരുന്നു, "എന്റെ കുട്ട്യേളുടെ ഒരുനിസ്സീബ് (ഭാഗ്യം) അല്ലെങ്കിൽ ബാക്കിയാകുമായിരുന്നോ!" അമ്മയുടെ രണ്ടാം വിവാഹത്തിനും വളരെ വർഷം മുമ്പ്, അമ്മ ആദ്യഭർത്താവിനൊപ്പം കഴിയുമ്പോഴാണ് ഈ സംഭവമെന്ന് അമ്മ മറന്നു പോയിരുന്നു. അത്രയുണ്ട് അമ്മയുടെ ശുദ്ധത, അമ്മയ്ക്ക് ആരോടും പകയും, കുശുമ്പും ഒന്നുമില്ലായിരുന്നു. അച്ഛന്റെ ചില നേരങ്ങളിലെ മുശടൻ സ്വഭാവങ്ങളെ സ്നേഹിച്ചു കൊണ്ടു കഴിയുക എന്നതു മാത്രമായിരുന്നു അമ്മയുടെ ലക്ഷ്യമെന്ന് തോന്നുന്നു. അക്ഷരം വായിക്കാൻ അത്രയൊന്നും അറിവില്ല. എന്നാലും ശീലാവതിയും സരോജിനിയുടെ ചില വടക്കൻ പാട്ടുകളും ഞങ്ങൾക്ക് ഉച്ചത്തിൽ പാടിത്തരാറുണ്ടായിരുന്നു. കടങ്കഥകളും പറഞ്ഞുതരും.

കുട്ടിക്കാലം എനിക്ക് രോഗകാലമായിരുന്നു. ബാലക്ഷയം പിടിച്ചു ഞാൻ മരിച്ചുപോകുമെന്ന് കരുതി. ദിവസങ്ങളോളം അമ്മ രാത്രിയിൽ ഉറങ്ങാതെ, എന്റെ നെഞ്ചിടിപ്പും നോക്കി ദൈവത്തോട് പ്രാർത്ഥിച്ചു കഴിഞ്ഞ കാര്യം പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഡോക്ടറെ കാണിക്കാൻ എന്നെയും തോളിലിട്ടു നാലു നാഴിക അങ്ങോട്ടും ഇങ്ങോട്ടും നടന്നിട്ടുണ്ട്. എനിക്കു വേണ്ടി ചെറുപ്പത്തിലേ കഷ്ടപ്പെട്ടതുകൊണ്ടാകാം എന്നോട് അമ്മയ്ക്ക് ഏറെ വാത്സല്യമുണ്ടായിരുന്നു.

അച്ഛൻ മരിച്ചപ്പോഴാണ് അച്ഛനോടുള്ള അമ്മയുടെ സ്നേഹം മറ്റൊരു തരത്തിൽ ഞാൻ അറിഞ്ഞത്. നാട്ടിൽ നിന്നും അമ്മയെ കുറച്ചുകാലത്തേക്ക് എന്റെ കൂടെ നഗരത്തിലെ ഫ്ളാറ്റിലേക്ക് കൊണ്ടുവരാൻ ഞാൻ തീരുമാനിച്ചു. അമ്മ സമ്മതിക്കുകയും ചെയ്തു. കാലത്തെ ബസ്സിന് പുറപ്പെടാൻ വേണ്ടി രാത്രി തന്നെ എല്ലാ ഒരുക്കങ്ങളും ചെയ്തു. കാലത്തു ഞാനെഴുന്നേറ്റു നോക്കിയപ്പോൾ അമ്മയ്ക്ക് പുറപ്പെടാനുള്ള ഭാവമില്ല. ഞാൻ ചോദിച്ചു: "എന്താ ഒരുങ്ങാത്തത്?" അപ്പോൾ അമ്മയുടെ മറുപടി: "ഞാൻ വരുന്നില്ല. ഞാൻ വന്നു കഴിഞ്ഞാൽ അച്ഛൻ വന്ന് വിളിക്കുമ്പോൾ ഇവിടെ ആരാണുണ്ടാവാ."

ഭർത്താവ് മരിച്ചിട്ടും, ഓരോ പ്രാവശ്യവും വിളിച്ചുകൊണ്ടിരിക്കുകയാണെന്ന് വിശ്വസിക്കുന്ന ഒരു ഭാര്യ. ആ വിളിക്ക് മറുവിളി കൊടുക്കാൻ കാത്തിരിക്കുന്നു. ഞാൻ അമ്മയുടെ കണ്ണുകളിലേക്ക് വല്ലാത്ത ആദരവോടെ നോക്കി. "ഓരോ വിളിയും കാത്ത്" എന്ന കഥ അമ്മയ്ക്ക് എന്റെ ഭാര്യ വായിച്ചുകൊടുത്തു. അപ്പോൾ അമ്മയുടെ മറുപടി. "കുറച്ചുകാലം കൂടിയല്ലേ ഈ വിളി കാത്തു നിൽക്കാൻ ഞാനു ണ്ടാവൂ." അച്ഛന്റെ വിളികൾ മാത്രം കേൾക്കുന്ന ഒരു ലോകത്തേക്ക് അമ്മയും യാത്രയായി.

■




Ceebees
SINCE 1939
A Tradition Built on Quality & Trust
NEW
Cochin Bakery
C.S.I. Shopping Center, Bank Road, Kozhikode,
Ph: 2722599, 2727777
Our Sister Concern
Cochin Bake House
Vikas Building
Rly. Station Link Road,
Kozhikode. Ph: 2700211
Kanath Building,
Oppsite SK Park, Puthiyara
Ph: 0495-2743677
Cochin Bakery
Sree Ganesh Arcade,
Kannur Road, Nadakkavu,
Kozhikode, Ph: 2760211
VH Crown Building,
Chevayoor, Kozhikode-17
Ph: 0495-2351477, 2351577



SUITE ROOM & GUEST ROOMS



MAHATHMA AUDITORIUM
Seating Capacity - 200



JAWAHAR AUDITORIUM
Seating Capacity - 75



PRIYADARSINI AUDITORIUM
Seating Capacity - 40

**CHEVAYUR BANK**
*- Your sincere friend in need*

## ചേവായൂർ ബേങ്ക് ഗോൾഡൻ ജൂബിലി ബിൽഡിംഗ്, പാറോപ്പടി

അത്യാധുനിക സൗകര്യങ്ങളോടെ
സജ്ജീകരിച്ച കോൺഫറൻസ് ഹാളുകൾ,
ബാൻക്വറ്റ്ഹാൾ, സ്യൂട്ട് റൂം ഉൾപ്പടെയുള്ള
ഗസ്റ്റ്റൂമുകൾ.
ബാങ്ക് പാറോപ്പടി ശാഖ
സഹകരണ സൂപ്പർ മാർക്കറ്റ്

**ബ്രാഞ്ചുകൾ**
മെയിൻ ബ്രാഞ്ച്, തൊണ്ടയാട്, ഫോൺ: 2741015
പാറോപ്പടി, ഫോൺ: 2370875 പുതിയപാലം, ഫോൺ: 2742038
കോവൂർ, ഫോൺ: 2351328 കോട്ടൂളി, ഫോൺ: 2744605
മൈലാംപാടി, ഫോൺ: 2744015 ഐ.ടി. പാർക്ക്, ഫോൺ: 2354015
വെള്ളിമാട്കുന്ന്, ഫോൺ: 2731315 എ.ടി.എം. (ഹെഡ് ഓഫീസ് ബിൽഡിംഗ്)
**നീതി മെഡിക്കൽ സ്റ്റോർ ഇംഗ്ലീഷ് മരുന്ന് ഷോപ്പ്,**
തൊണ്ടയാട്, ഹെഡ് ഓഫീസ് ബിൽഡിംഗ്, ഫോൺ: 0495 2741615
കോവൂർ, ഫോൺ: 2351342
**സഹകരണ സൂപ്പർ മാർക്കറ്റ്**
തൊണ്ടയാട്, ഹെഡ്ഓഫീസ് ബിൽഡിംഗ്, ഫോൺ: 8281 020 658
ചേവരമ്പലം, റീഗൽ ബിൽഡിംഗ്, ഫോൺ: 0495 2981015
ഗോൾഡൻ ജൂബിലി ബിൽഡിംഗ്, പാറോപ്പടി, ഫോൺ: 79942 25229
സഞ്ചരിക്കുന്ന സഹകരണ സ്റ്റോർ, ഫോൺ: 8281 02 06 54

## ചേവായൂർ സർവ്വീസ് സഹകരണ ബേങ്ക്

ക്ലിപ്തം നമ്പർ എഫ്.1245, ചേവരമ്പലം പി.ഒ.,
കോഴിക്കോട് 17, ഫോൺ: 2741015, 2743090,
e-mail: chevayurscb@gmail.com, www.chevayurbank.com

---

Sweet Surprise
SURPRISE IN EVERY BITE !

HOME BAKED

- Cakes & Pastries
- Cakesicles
- Cake Pops
- Cookies
- Donuts
- Ice creams - (on pre order)
- Macrons
- Milk cake
- Puddings
- Tea Cakes
- Tender Coconut Milk cake

+91 98950 53669
PALAPARAMBIL ROAD, KUTHIRAVATTOM







# ഒറ്റ നാളത്തെ വിജയി

കെ.പി. സുധീര

അന്നത്തെ ദിവസം വിനോദ് വളരെ അസ്വസ്ഥനായി കാണപ്പെട്ടു. അയാൾ പതിവിനു വിപരീതമായി എന്താണിങ്ങനെകട്ടിലിനെശരണം പ്രാപിച്ചിരിക്കുന്നത് എന്ന് കാർത്തിക അമ്പരന്നു. ആശുപത്രിയിൽ നിന്ന് വന്നെത്തി, കുളി കഴിഞ്ഞ് ചായപോലും കുടിക്കാതെ!

കോടതിയിലേക്കുള്ള കടലാസ് കെട്ടുകൾ അടുക്കി വെച്ച് കാർത്തിക നിവർന്നു. ഡ്രൈവർ എല്ലാം കാറിൽ എടുത്തു വെച്ചോളും. ഇന്ന് ധാരാളം കേസുകൾ ഉള്ള ദിവസം.

കിടപ്പറയിലേക്ക് കടന്ന്, ഒട്ടും മൂർച്ചയില്ലാത്ത ശബ്ദത്തിൽ കാർത്തിക അന്വേഷിച്ചു:

"എന്താ വിനോദ്, പേഷ്യന്റിന് അധികം ഉണ്ടോ? എന്താ ഇത്ര വിഷമം?"

"ഏയ്, ഇന്നലെ ഒട്ടും ഉറങ്ങിയില്ല. ഇന്നും ഓഫീസിൽ പോണില്ല. കുറച്ചു ഉറങ്ങട്ടെ. എന്നിട്ട് അങ്ങോട്ട് വീണ്ടും പോണം."

കാർത്തിക കട്ടിലിൽ വന്നിരുന്നപ്പോൾ, ഏതോ വില കൂടിയ ഷാംപൂവിന്റെ സുഗന്ധം മൂക്കിലേക്ക് തുളച്ചുകയറി.

"വിനു – ആരാണ് പേഷ്യന്റ് എന്നു പോലും പറഞ്ഞിട്ടില്ല. ഒരു ഫ്രണ്ട് എന്ന്! ഞാൻ അറിയാൻ പാടില്ലാത്ത ഏത് ഫ്രണ്ട്! ആണോ പെണ്ണോ? സത്യം പറയൂ, അതൊരു സ്ത്രീയല്ലേ?

വിനോദ് വെടിയേറ്റ മൃഗത്തെപ്പോലെ ചാടിയെഴുന്നേറ്റു. "ബുൾഷിറ്റ് – സ്വൈരം തരില്ല. പ്ലീസ് കാർത്തി. ഒരു സാധാരണ പെണ്ണിനെ പോലെ തരംതാഴരുത്."

"അങ്ങനെപറയരുത് വിനൂ. ഞങ്ങൾ പെണ്ണുങ്ങളെല്ലാം അസാധാരണക്കാരികളാണ്. പിന്നെ ദേഷ്യം കാണിച്ച് സത്യത്തെ മറച്ചു പിടിക്കുന്നു. ആ ടെക്നിക് വിനു ആണ് നിർത്തേണ്ടത്."

എത്ര ശ്രമിച്ചിട്ടും ശബ്ദത്തിന് മാർദ്ദവം നഷ്ടപ്പെടുന്നു. ഈ വിനു എന്തു ഭാവിച്ചാണ്!

"നമുക്ക് കുട്ടികൾ ജനിക്കാത്തത് ഭാഗ്യമായി കാർത്തി – അല്ലെങ്കിൽ ഈ വഴക്കുകളൊക്കെ കേട്ട്–"

ഉത്തരം പറയുന്നതിനു പകരം പുത്തൻ സിൽക്ക് സാരി ഉലച്ചു കൊണ്ട് കാർത്തിക ധൃതിപ്പെട്ട് ഫ്രിഡ്ജിനരികിലേക്ക് നീങ്ങി. തണുത്തവെള്ളം ഉള്ളം തണുപ്പിച്ചേക്കും.

ഇന്നത്തെ ദിവസം എന്തിനാണ് യാതനാപൂർണമാക്കുന്നത്? പരസ്പരം കുറ്റപ്പെടുത്തലും ചോദ്യം ചെയ്യലും പതിവില്ലാത്തതാണ്. വഴക്കുകൾ ഒന്നുമില്ലാത്ത ദിവസങ്ങൾ അസ്തമിക്കുകയാണോ? തുറന്നു പറയാത്തതല്ലേ വിനുവിന്റെ പ്രശ്നം? താൻ വിനുവിൽ നിന്ന് എന്തെങ്കിലും ഒളിച്ചു വെക്കാറുണ്ടോ?

അപ്പോഴേക്കും ഗേറ്റിൽ ഒരു ഓട്ടോറിക്ഷ വന്നു നിൽക്കുന്ന ശബ്ദം. വാതിൽ തുറന്നപ്പോൾ ഇസ്തിരിക്കിട്ട ഇളം നീല ഷർട്ടാണ് കണ്ണിൽപ്പെട്ടത്. ഓ – ഡ്രൈവർ ശ്രീധരനല്ല. അയാൾ ഒന്ന് വേഗം വന്നുവെങ്കിൽ വീട്ടിൽ നിന്ന് ഇറങ്ങാമായിരുന്നു. വിനുവിന് സ്വൈരം കിട്ടിയേനെ!

തിരഞ്ഞുനടക്കാൻ ആഞ്ഞപ്പോൾ ആ രൂപം അടുത്തെത്തി.

"ഗൃഹമില്ലാത്തവനായി, വിശന്നവനായി, തണുത്ത് വിറച്ച് ഒരു പാവം വന്നെത്തിയിട്ടുണ്ട്. വിശപ്പിന് എന്തെങ്കിലും കിട്ടില്ലേ?"

മ്ലാനമായ മനസ്സ് മറച്ച് മുഖം പ്രഫുല്ലമാക്കി കാർത്തിക ചിരിച്ചു.

"ഹാരിത്! കുറേ ആയല്ലോ കണ്ടിട്ട്. വരൂ.. വരൂ.. ഭക്ഷണമൊക്കെ തരാം – ഭാഗ്യം! കുറച്ചു കഴിഞ്ഞാൽ ഞാൻ ഇറങ്ങിപ്പോയേനെ!"

ആ കാലുകൾക്ക് ഇടർച്ചയുണ്ടോ? എന്തോ ഒരു പാരവശ്യം.

വിളറിയ ആ രൂപം വീട്ടിൽ കയറാതെ കയ്യിലുള്ള സിഗരറ്റ് ഒരു തിടുക്കവും ഇല്ലാതെ ആസ്വദിച്ച് ആഞ്ഞു വലിക്കുകയാണ്.

"വിനു – ഇതാരാ വന്നതെന്ന് നോക്കൂ."

വിനു വാതിൽക്കൽ എത്തിയതും, പ്രതീക്ഷിക്കാത്ത ഒരു തിടുക്കത്തിൽ നിലവിളിച്ചു.

"അയ്യോ ബാലു – നീയിങ്ങെത്തിയോ?"

കാർത്തിക അയാളുടെ കയ്യിൽ തടയാനെന്നപോലെ പിടിച്ചു.

"എന്താ വിനു ഇത്? എത്ര നാൾ കൊണ്ടാണ് ബാലു വന്നത്!"

വിനോദ് ബാൽക്കണിയുടെ പടവുകൾ ചാടി ഇറങ്ങി ബാലുവിന്റെ കയ്യിൽ പിടിച്ചു.

"ബാലു – എന്താദ് – പിന്യേം സിഗരറ്റ് വലിക്യാ? ഇവിടെ കൊണ്ടാ-മതി-മതി"

കാർത്തിക ചിരിച്ചു.

"എന്തിനാ വിനു? വലിച്ചോട്ടെ, ജീവിതം വേണോ, സിഗരറ്റ് വേണോ എന്ന് ചോദിച്ചാൽ

സിഗരറ്റ് മതീന്ന് പറയുന്ന പാർട്ടിയോടാണോ ഉപദേശം? വാ. അകത്തേക്ക് വാ. ഞാൻ ബ്രേക്ക്ഫാസ്റ്റ് എടുത്ത് വെക്കാം. നല്ല കടുപ്പ മുള്ള ബാലു സ്പെഷ്യൽ കോഫിയും.''

കാർത്തിക അകത്തേക്ക് നടന്നപ്പോൾ, ബാലുവിന്റെ ചിരി, പൊട്ടി ഉടയുന്ന ഹൃദയ ത്തിന്റെ തേങ്ങൽ പോലെ ചിലമ്പിച്ചു. പിന്നീട് അയാളുടെ വിളർത്ത ഉടൽ സോഫയിലമർന്നു. വിനു ബാലുവിന്റെ ചുമലിൽ കൈ വെച്ചിരിക്കു കയാണ്. കാർത്തിക കാപ്പിക്കപ്പ് ഡൈനിങ് ടേബിളിൽ വെച്ചു.

വിനോദ് അയാളെ എഴുന്നേൽപ്പിക്കാൻ പാടുപെടുകയാണ്.

''വേണ്ടെടോ. എനിക്ക് തനിച്ച് ചെയ്യാം. എനിക്ക് ഞാൻ മതി എന്ന് പറഞ്ഞല്ലോ''

''ഓ-ഇന്ന് കാലത്തേ സുര സേവയും തുട ങ്ങിയിരുന്നോ ബാലു?'' കാർത്തിക കളിയാക്കി.

''അതൊന്നുമല്ലടോ. നീ എന്നെ കുറിച്ച് വിചാരപ്പെടുന്നുണ്ടോ എന്നൊരു തോന്നൽ. അതല്ലേ നിന്നെ കാണാൻ എത്തിയത്?''

കാർത്തികയുടെ ചിരി ഇത്തവണ അല്പം ഉച്ചത്തിലായി.

''ബാലു അസോസിയേറ്റ്സി''ന്റെ എം.ഡി. ഇന്നല്പം നർമ്മ രസവുമായിട്ടാണല്ലോ വരവ്?

''താൻ അടുത്ത് വന്ന് നോക്ക് — മദ്യമൊന്നു മല്ല. കാലിന് ഒരിടർച്ച. അത്രതന്നെ.''

അപ്പോഴേക്കും വിനുവിന്റെ മൊബൈൽ കിട പ്പുമുറിയിലിരുന്ന് ശബ്ദിച്ചു.

''ഓഫീസിൽ നിന്നാവും. ബാലു, ഇപ്പോ വരാംട്ടോ.''

വിനോദ് അങ്ങോട്ട് നീങ്ങി.

''കോടതിക്ക് പോകാറായോ കാർത്തി? എനിക്കും പോവാറായി. എല്ലാ പഥങ്ങളും സമു ദ്രത്തിലേക്ക് മടങ്ങും പോലെ, നമ്മളൊക്കെ എന്നെങ്കിലും.''

കാർത്തിക പെട്ടെന്ന് ബാലുവിന്റെ മുഖം പിടിച്ചുയർത്തി. ''സത്യം പറ ബാലു, നീ ആത്മ ഹത്യ ചെയ്യാൻ പോണോ?''

''ചരിത്രത്തെ നിഷേധിക്കാൻ ഞാൻ ആര്? അതിനൊന്നും എനിക്ക് കഴിയില്ല. മനുഷ്യവർഗ്ഗ ത്തിന്റെ പാപം മുഴുവൻ ഏറ്റെടുത്ത ഒരു ജന്മ മല്ലേ?''

കാർത്തിക രക്തവർണ്ണമായിപ്പോയ തന്റെ മുഖം അമർത്തിത്തുടച്ചു. ''ഒരു ജന്മം മുഴുവനും സ്വന്തം ശരീരത്തെ പീഢിപ്പിച്ചത് മതിയായില്ലേ ബാലു?''

നെഞ്ചിൽ ഒരു കൈ അമർത്തിപ്പിടിച്ചു ബാലു ചിരിക്കാൻ ശ്രമിച്ചു. കാർത്തികയെ നോക്കി, ഒന്ന് പുരികമുയർത്തി പറഞ്ഞു.

''ആകാശത്തെ പിളർന്ന് ചെല്ലുന്ന മിന്നൽ വെളിച്ചം പോലെ!''

തന്റെ നീല സാരിയുടെ ഞൊറികളിൽ തെരുപ്പിടിച്ച് കാർത്തിക ശിരസ്സ് താഴ്ത്തി അവൾ പറഞ്ഞു പോയി:

''സിംഹാസനത്തിൽ നിന്ന് സ്വയം നിഷ്കാ സിതരായവർ തന്നെ ഇത് പറയണം.''

ബാലു അല്പനേരം കണ്ണടച്ചിരുന്നു. പിന്നെ സോഫയിലേക്ക് ചാരി.

''നീ ചെന്ന് കാപ്പി കൊണ്ടുവാ, വല്ലാത്ത ദാഹം.''

കാർത്തിക കാപ്പി കൊണ്ടുവന്നപ്പോൾ, തന്നെ കുടിപ്പിക്കണം എന്ന് ആംഗ്യം. ഒരിറക്ക് കുടിച്ച് ആംഗ്യം കൊണ്ട് തന്നെ പറഞ്ഞു - മതി. കാപ്പിക്കപ്പ് ടീപോയിൽ വെച്ച് തിരിഞ്ഞപ്പോ ഴേക്കും വിനോദ് തിരിച്ചെത്തി.

എന്തോ പറയാൻ തുടങ്ങുമ്പോഴേക്കും ബാലു പതുക്കെ എഴുന്നേറ്റു. ''ഞാൻ ആശുപ ത്രീന്നാണ് വരവ്. കാർ ഓടിക്കാൻ വയ്യ. അപ്പോ ഓട്ടോ വിളിച്ചു.''

മിടിക്കുന്ന ഹൃദയത്തോടെ കാർത്തിക അടുത്ത് ചെന്നിരുന്നു. ''വയ്യെടോ. ജീവിതംകൊണ്ട് ചൂതാട്ടം നടത്തിയവനല്ലേ? ഞാൻ തോറ്റു കൊണ്ടേ ഇരിക്കുന്നു. ഒരിക്കലെ ങ്കിലും ഒന്ന് ജയിക്കണംന്ന് തോന്നി ജയിൽ ചാടി പുറത്ത് പോന്നതാണ്. ആശുപത്രിത്തട വീന്നേ - ഒരു ബ്ലാങ്ക് ചെക്ക് മേശപ്പുറത്തിട്ട് ഇങ്ങ് പോന്നു. പിന്നെ അഡ്വാൻസ് നേരത്തെ കെട്ടി വെച്ചിട്ടുണ്ടല്ലോ.''

വിനു അരികത്ത് ചെന്ന് വിരൽ പിടിച്ചു.

''ബാലു കുറച്ചു കിടക്കു - ഇന്നലത്തെ പ്പോലെ ശ്വാസം മുട്ട് കൂടണ്ട - എനിക്ക് ഫോൺ വന്നത് ഹോസ്പിറ്റലിന്നാ - ഡോക്ടരും ആംബുലൻസും ഇപ്പോൾ എത്തും.''ബാലു സോഫയിലേക്ക് അല്പം ക്ഷീണിതനായി തല ചായ്ച്ചു.

''മദ്യം ലിവറിനെകയറിപ്പിടിച്ചോ? പിന്നെന്താ ആശുപത്രിവാസം?''

മുഖത്ത് ഭാവഭേദം വരുത്താതിരിക്കാൻ ശ്രദ്ധിച്ച് കാർത്തിക വിനോദിന്റെ ചുമലിലേക്ക് ചാഞ്ഞു.

''എന്തെല്ലാം കാണണം ബാലു? എന്തൊ ക്കെയാണ് ബാലു വരുത്തിവെക്കുന്നത്?''

ബാലു കീശയിൽ തപ്പി.

''സിഗരറ്റ് - ഒരു സിഗരറ്റ് - വിനുവിന് ശീല

ല്ലാത്തതല്ലേ? കിട്ടാൻ വഴിയുണ്ടോ? ഞാൻ ഓട്ടോക്കാരനിൽ നിന്ന് സംഘടിപ്പിച്ചതാ നേരത്തെ–''

വിനോദും കാർത്തികയും മുഖത്തോടു മുഖം നോക്കി.

''ആദ്യം കാപ്പി കുടിക്കൂ, നമുക്ക് സംഘടിപ്പിക്കാം. കാർത്തീടെ ഡ്രൈവർ ശ്രീധരൻ ഇപ്പോഴെത്തും. വാങ്ങിപ്പിക്കാം. പ്ലീസ് വെയിറ്റ് ബാലു–''

വിനോദ് കാപ്പി ഒരിറക്കും കൂടി കുടിപ്പിച്ചു.

''ഒന്നും ഇറങ്ങില്ല, വിനൂ. വേദന–വേദന.''

ബാലു കാർത്തികക്ക് നേരെ തിരിഞ്ഞു.

''ഒന്നും ഞാൻ നിന്നോട് പറഞ്ഞിട്ടില്യ. പന്ത്രണ്ടാമത്തെ വയസ്സിൽ തുടങ്ങിയതല്ലേ? അച്ഛനിങ്ങനെവായുവിലേക്ക് പുക വിട്ടു വളയങ്ങൾ സൃഷ്ടിക്കുന്നത് കുട്ടിയായ ഞാൻ കൗതുകത്തോടെ നോക്കിയിരിക്കും. ഒരിക്കൽ കനൽ കെടാതെ മുറ്റത്ത് പുകഞ്ഞു കിടക്കുന്ന ഒരു കുറ്റി എടുത്തു ഞാൻ ചുണ്ടോട് ചേർത്തു. അതിന്റെ സ്വാദും മണവും എനിക്കിഷ്ടമായി. ഇപ്പോഴും ഒരു പ്രിയ കാമുകിയെ ചുംബിക്കുന്ന ലഹരിയാണ്, ഓരോ പഫും എടുക്കുമ്പോൾ. അങ്ങനെഅച്ഛൻ വലിച്ച് കഴിഞ്ഞ് കുറ്റി എറിയുന്നത് ഞാൻ കാത്തുനിൽക്കും. ചിലപ്പോൾ കുറ്റി എന്ന് പറയാൻ ഒന്നും കാണില്ല. അപ്പോൾ അച്ഛൻ അറിയാതെ ഒരിക്കൽ പോക്കറ്റിൽ നിന്നും ഒന്ന് കട്ടെടുത്തു. ആരുമറിഞ്ഞില്ല. വിറക് പുരയുടെ മറവിൽ ചെന്ന് നിന്ന് കുറച്ചു വലിച്ചു. ബാക്കി പിറ്റേന്ന്. അങ്ങനെവീട്ടിൽ ആരു വന്നാലും സിഗരറ്റ് പാക്ക് വെക്കുന്നിടത്ത് നിന്ന് ഞാൻ ആരും കാണാതെ ഒന്നെടുക്കും. കോളേജിൽ ഞാൻ ബെസ്റ്റ് സ്റ്റുഡന്റ് ആയിരുന്നു എന്ന് വിനുവിനറിയാം. അന്നും ഇന്നും ഇവനാണ് എന്റെ ബെസ്റ്റ് ഫ്രണ്ട്. കാർത്തികക്കറിയോ, അവനെഇഷ്ടമുള്ള ഒരു പെൺകുട്ടി ഉണ്ടായിരുന്നു, ശ്രീജ. അവൻ തിരിഞ്ഞ് നോക്കിയില്ല. ബെസ്റ്റ് ഫ്രണ്ട് ആയ എന്നെ വിട്ടു അവൾക്കൊപ്പം മരം ചുറ്റാൻ വയ്യെന്ന് ഒറ്റ വാശി. കാർത്തികയെ എനിക്കായി കണ്ടുപിടിച്ചതും വിനുവായിരുന്നു. അവന് കല്യാണം വേണ്ടാ. ഞാൻ സുഖമായി ജീവിക്കുന്നത് കാണണം എന്ന്!'' ബാലു കുറച്ചുനേരം കണ്ണടച്ച് ചാരിയിരുന്നു. ''വയ്യെടോ, സംസാരിക്കാനും വയ്യ. ചുമ വരാൻ പാടില്ല – വന്നാൽ –''

കാർത്തിക അകത്ത് പോയി ഇളംചൂടുള്ള വെള്ളവുമായി വന്നു. ഗ്ലാസ് ചുണ്ടോടു ചേർത്തു ചുണ്ടിൽ നിന്ന് ഒലിച്ചിറങ്ങിയ ജലം സാരിത്തലപ്പുകൊണ്ട് തുടച്ചു.

''മതി – ബാലൂ – ബാക്കി നാളെ പറയാം.''

ബാലു നേരെയിരുന്ന് അവളെ നോക്കി പുഞ്ചിരിച്ചു ഒരു കോടിയ ചിരി.

''നാളെയോ? കാർത്തി – ഈ ദിവസത്തെ നിന്റെ ജീവിതത്തിൽ നിന്ന് നീ എറിഞ്ഞുകളയണം.''

കാർത്തിക അടുത്ത് ചെന്നിരുന്നു കൊണ്ട് പറഞ്ഞു – ''ബാലു – ദൈവം നിങ്ങളുടെ ഉള്ളിൽ തന്നെ എന്ന് എത്ര തവണ ഞാൻ പറഞ്ഞു തന്നിട്ടുണ്ട്. വേർപെടാൻ എന്തിനായിരുന്നു ഇത്ര തിടുക്കം. സിഗരറ്റ് കുറയ്ക്കൂ – കുറയ്ക്കൂ എന്ന് ഞാൻ ഇടയ്ക്കിടെ നിലവിളിച്ചതല്ലാതെ നമ്മൾ തമ്മിൽ എന്തായിരുന്നു പ്രശ്നം? എന്നിട്ട് എന്നിൽ നിന്നകന്ന്, വിവാഹം കഴിക്കാൻ മടിച്ചു നിന്ന ചങ്ങാതിയെത്തന്നെ പകരക്കാരനായി കണ്ടുപിടിക്കുകയും ചെയ്തു. എന്നെ നിർബന്ധിച്ച് – നിർബന്ധിച്ച് – ഇല്ലെങ്കിൽ മരിച്ചുകളയുമെന്ന് ഭീഷണിപ്പെടുത്തി.''

കാർത്തിക കിതച്ചു.

ശബ്ദം ഇടറാതിരിക്കാൻ കാർത്തിക ചിരിക്കാൻ ഒരു വിഫല ശ്രമവും നടത്തി.

ബാലു ഇത്തവണ വിനോദിന് നേർക്ക് തിരിഞ്ഞിരുന്നു.

''വിനുവിൽ നിന്ന് മറച്ചുവെച്ച കാര്യങ്ങളാണ് ഇനി. എനിക്ക് മുപ്പത്തി അഞ്ച് വയസ്സായപ്പോഴായിരുന്നു ആദ്യത്തെ അറ്റാക്ക് വന്നത്. നീ അന്ന് ഗൾഫിലായിരുന്നു. അച്ഛനുമമ്മയും നേരത്തെ പോയത് നന്നായി. ഒറ്റമകന്റെ പതനം കാണാതെ കഴിഞ്ഞല്ലോ. ബന്ധുക്കളൊക്കെ കുടി നിർത്താൻ നിർബന്ധിച്ചു. സിഗരറ്റ് ആയിരുന്നു വില്ലൻ. അന്നും ഇന്നും പണത്തിന് മുട്ടില്ല. ആരോഗ്യത്തിനായിരുന്നു മുട്ട്. കാർത്തിക എന്റെ ആരോഗ്യ കാര്യങ്ങളെല്ലാം ഏറ്റെടുത്തു. രാപ്പകൽ ശുശ്രൂഷ. വീട്ടുകാര്യങ്ങളും അവൾ നന്നായി ശ്രദ്ധിച്ചു. എന്നെ നോക്കാൻ വേണ്ടി ഉണ്ടായിരുന്ന ജോലി വിട്ടു. പുകവലി നിർത്താതെ രക്ഷയില്ല, എന്ന് ഡോക്ടർ. കാർത്തി, സിഗരറ്റ് ഒളിച്ചുവയ്ക്കാൻ തുടങ്ങിയപ്പോൾ ഞങ്ങൾ തമ്മിൽ പ്രശ്നം തുടങ്ങി. പിന്നീട് ബൈപാസ് വേണ്ടി വന്നു. അതും നിന്നെ അറിയിച്ചില്ല. നീ ജോലി കളഞ്ഞ് തിരിയെ വന്നാലോ! വിനു, എത്രകാലമാണ്, യൗവ്വനം കത്തിക്കാളുന്ന പ്രായത്തിൽ ഈ പെൺകുട്ടി, മദ്യത്തിനും സിഗരറ്റിനും അടിപ്പെട്ട ഒരുവനെനോക്കി, കാലം കഴിക്കുക! ഉറക്കം വരാതെ കിടക്കുമ്പോൾ ഞാനോർക്കും. പിന്നീട് രാത്രിയിൽ എനിക്ക് ശ്വസിക്കാൻ ബുദ്ധിമുട്ട് അറിഞ്ഞു. തുടങ്ങി. കാർത്തിക അറിയാതെ പാതി രാത്രിയിൽ ബാൽക്കണിയിൽ ചെന്നിരുന്നു ഞാൻ പാട് പെട്ട് ശ്വാസം എടുക്കും. ഡോക്ടറുടെ അടുത്ത് ഒരിക്കൽ ഞാൻ തനിച്ചു ചെന്നു. എന്റെ വലതു ശ്വാസകോശം എടുത്തു മാറ്റണമെന്ന് ഡോക്ടർ. കാൻസർ അല്ല. ചെയിൻ സ്മോക്കേഴ്സിന് വരുന്ന സി.ഒ.പി.ഡി അഥവാ, ക്രോണിക് ഒബ്സ്ട്രക്ടീവ് പൾമോനറി ഡിസീസ്! ആറുമാസത്തിനുള്ളിൽ സർജറി നടത്തിയില്ലെങ്കിൽ തട്ടി പോകുമെന്ന്! ഞാൻ നാട്ടിൽ ചെന്ന് ചെറിയമ്മയോട് പറഞ്ഞു

– 'ഞാൻ ഭാര്യയുമായി തെറ്റിപ്പിരിഞ്ഞു. ചെറിയമ്മ ഒരു ജോലിക്കാരനെകണ്ടുപിടിക്കണം. ഞാൻ ഓപ്പറേഷൻ കഴിഞ്ഞു വന്നാൽ എന്നെ നോക്കാൻ.' 'നെന്നെ നോക്കാൻ ഞാൻ പോരെ?' എന്ന് ചെറിയമ്മ ഒറ്റക്കരച്ചിൽ–''

കിതപ്പ് കൂടിയപ്പോൾ ബാലു നിർത്തി.

കാർത്തിക രണ്ട് കയ്യും കൂട്ടി തൊഴുതു. കരയാൻ ബാലുവിനായി ഇനി കണ്ണീരൊന്നും ബാക്കി യില്ല. കരച്ചിലല്ല തൊണ്ടയിലൊരു കഴപ്പ്. അറിയാത്ത വിശദാംശങ്ങൾ! കാർത്തികയെ ബാലു എന്തിന് ഒഴിവാക്കിയെന്ന് – അർത്ഥം ഗ്രഹിച്ചു കഴിഞ്ഞപ്പോൾ വാക്കിനെമറന്നു.

''ബാക്കിയൊക്കെ ഞങ്ങൾക്ക് അറിയാലോ ബാലു. ഇപ്പോഴെങ്കിലും സത്യം ഒക്കെ തുറന്നു പറഞ്ഞൂലോ. അതുമതി. വിദേശത്ത് ജോലി ചെയ്യുന്ന സ്നേഹിതനെവിളിച്ചുവരുത്തി, സ്വന്തം ഭാര്യയെ അയാളുടെ ചുമലിൽ ഏൽപ്പിക്കുന്നു. ഭാര്യയെ വിടാം, എന്നാൽ സിഗരറ്റിനെവയ്യ, അല്ലേ?''

ബാലുവിന്റെ സൗന്ദര്യം തികഞ്ഞ മുഖത്ത് ഒരു കരുവാളിപ്പ്. കണ്ണുകൾ തള്ളിവരും പോലെ!

''ഞാനാരേം കുറ്റപ്പെടുത്തുന്നില്ല ബാലു. കഴിഞ്ഞത് കഴിഞ്ഞു. മനസ്സെന്നാൽ ഭൂതകാലമാണ്. ഓർമ്മകളെ വിസർജ്യങ്ങൾ എന്ന പോലെ ഞാൻ തള്ളിക്കളഞ്ഞു. എന്നാൽ മനസ്സിനെപുറത്താക്കാൻ ആർക്കും കഴിയില്ല.''

ബാലു കാർത്തികയുടെ വിരലിൽ പിടിച്ചു.

''ശ്വാസം കിട്ടുന്നില്ലെങ്കിലും നിന്റെ വർത്തമാനങ്ങൾ പഴയപോലെ കേൾക്കാൻ ആയല്ലോ, ദരിദ്രൻ വീണ്ടും ധനികനായതുപോലെ!''

കാർത്തിക കുഴങ്ങിയ മനസ്സോടെ ചോദിച്ചു പോയി.

''നിന്റെ ആന്തരികസ്വത്വത്തെ നീ ഇനിയും അറിഞ്ഞില്ലല്ലോ ബാലു – ആട്ടെ, ഇത്തവണ എന്തിനായിരുന്നു ആശുപത്രിവാസം?''

''സർജറി കഴിഞ്ഞിട്ടും ധൂമപാനം നിർത്താൻ എനിക്കായില്ല. എന്നാൽ മദ്യത്തിന്റെ കൈവിട്ടു. മൂന്നാലു പാക്കറ്റ് സിഗരറ്റ് ഒറ്റ ദിവസം കൊണ്ട് ഞാൻ വലിച്ചു തീർത്തു. ശ്വാസം കിട്ടാതെ പിടയുമ്പോൾ വീണ്ടും ആശുപത്രിയിലേക്ക്. ഇപ്പോൾ ഡോക്ടർ പറയുന്നു, ഇടതു ശ്വാസകോശത്തിന്റെ ഒരു ഭാഗം കൂടി എടുത്ത് കളയണമെന്ന്!''

വിനോദ് ബാലുവിന്റെ ചുമലിൽ പതുക്കെ കൈവച്ചു.

''ഒരാഴ്ച നിന്റെ കൂടെ ആശുപത്രിയിൽ ആണെന്ന് കാർത്തികയോട് പറയാതെ ഞാൻ – ഒക്കെ നിന്റെ നിർബന്ധമല്ലേ?''

സ്വീകരണമുറിയിലേക്ക് ഡ്രൈവർ കടന്നു വന്നു. അയാളുടെ പുകയാൽ കറുത്ത ചുണ്ടുകളിലേക്ക് നോക്കി ബാലു കൈനീട്ടി –

''സ്നേഹിതാ, എനിക്കൊരു സിഗരറ്റ് തരൂ.''

വിനോദിനോ, കാർത്തികക്കോ എതിർക്കാനാവും മുൻപ് ശ്രീധരൻ സന്തോഷത്തോടെ പോക്കറ്റിൽ നിന്ന് ഒരു ബീഡി തപ്പിയെടുത്തു.

''സിഗരറ്റില്ലാ സാറേ, ബീഡിയാ.''

ചമ്മൽ മറയ്ക്കാതെ അയാൾ ബീഡി എടുത്ത് നീട്ടിയതേയുള്ളൂ.

ബാലു അത് തട്ടിപ്പറിച്ചെടുത്തു. പുറത്തൊരു ഹോൺ മുഴങ്ങി.

''നോക്കട്ടെ, പുറത്ത് ഏതോ വണ്ടി വന്നിട്ടുണ്ട്.''

ശ്രീധരൻ പുറത്തേക്കിറങ്ങി.

''കാർത്തി നീ വിഷമിക്കേണ്ട. എനിക്കും വിഷമമില്ല. മരണത്തോട് അടുക്കുമ്പോൾ മനുഷ്യന്റെ മനസ്സ് അതിന്റെ പ്രവർത്തനം നിർത്തിവെക്കുമെന്ന് കേട്ടിട്ടുണ്ട്. എന്നാൽ ഹൃദയം മിടിച്ചു കൊണ്ടേയിരിക്കും. ആ ഹൃദയമാണ് സിഗരറ്റ് ആവശ്യപ്പെടുന്നത്.''

ആംബുലൻസിലേക്ക് രോഗിയെ കയറ്റു മുൻപ് തന്നെ അയാൾ സോഫയിലേക്ക് ചെരിഞ്ഞു കഴിഞ്ഞിരുന്നു.

ചെറുപ്പക്കാരനായ ഡോക്ടർ പൾസ് പരിശോധിച്ച് ചിന്താധീനനായി. കണ്ണുകൾ വിരൽകൊണ്ട് ചേർത്തടച്ച് ശരീരം സോഫയിൽ നിവർത്തി കിടത്തി. കൈകൾ ശരീരത്തോട് ചേർത്തു വെയ്ക്കുമ്പോൾ ചുരുട്ടിപ്പിടിച്ച കൈകൾ! അത് വിടർത്തി വെക്കാൻ ഡോക്ടരും വിനോദും കിണഞ്ഞു ആവുന്നില്ല.

''ഒന്നും കൊണ്ടുപോകാനായില്ലെങ്കിലും സാരമില്ല ഡോക്ടർ, ബാലു അത് കൊണ്ടുപോകട്ടെ. അയാളുടെ ജീവന്റെ ഭാഗമാണത്. അയാളത് മരണത്തിന് പോലും വിട്ടു കൊടുക്കില്ല.'' കാർത്തിക കരയുന്ന ശബ്ദത്തിൽ പറഞ്ഞു.

■

BAJAJ | KTM | Husqvarna | Chetak | Jeep | TATA MOTORS Connecting Aspirations | HYUNDAI | Canon | ATHER | HYUNDAI MOBIS

info@kvrgroup.co.in




# Scaling up dreams together.

**How about a throwback to those good old days?** When we were mesmerized with those wheels, it brought endless joy and excitement. Showing off among our friends each time when we got a new one. We stood amazed when a real car passes by, in a dream of owning one, once we grow up. We at **KVR GROUP** are immensely happy to hit the milestone of 25 successful years of delivering trust, happiness and that dream come true moment to our valuable customers in the North Malabar region. On the occasion of our silver jubilee, we thank all our customers who are a part of this amazing journey with us.

| BAJAJ | KTM / Husqvarna | Chetak | Jeep | TATA MOTORS Connecting Aspirations | HYUNDAI | Canon | ATHER | HYUNDAI MOBIS |
|---|---|---|---|---|---|---|---|---|
| KANNUR : 9447 195 677<br>CALICUT : 9895 666 279<br>WAYANAD : 9895 666 279 | KANNUR : 8138 066 399<br>CALICUT : 9633 444 455<br>WAYANAD : 9544 084 455 | 9847 404 455 | KANNUR : 8129 666 222<br>CALICUT : 8129 222 666 | KANNUR : 9746 476 001<br>MALAPPURAM : 7558 860 066<br>PALAKKAD : 7034 166 611 | 7559 999 555 | 9447 086 058 | 7736 780 888 | 755 999 9277 |

KVR GROUP
**KVR GROUP**
**INDIA | UAE**

The Authorised Dealer for
**Bajaj Two/Three Wheelers, KTM, Husqvarna, Chetak, Jeep, Tata Motors, Hyundai and Ather**

The Authorised Distributors for
**Canon, Hyundai Mobis**


Abacus
classes are
conducted
on Saturdays.
Start Right School
has classes from Play Classes to Std. IV.
Day Care facilities are available
Ph: 0495 2744463
START
RIGHT
SCHOOL
A.P.Balakrishna Pillai Road, Govindapuram PO., Calicut - 673 016.


59
കൊല്ലത്തെ
സേവന പാരമ്പര്യം
Customer Care
0495-27 20 912
0903-77 20 912
G Pay 9847658610
PM
PM.STORES
Free
HOME
delivery
"എന്റെ കട"
Whole Sale & Retail Grocery
GST.No: 32ARKPP5057D1ZV
Puthiyara, Kozhikode

ലേഖനം:

സി.ആർ.പരമേശ്വരൻ

# ഇടശ്ശേരിയുടെ ലോകം



വലിയ സാഹിത്യാഭിനിവേശം ഉണ്ടായിരുന്ന കൌമാരയൌവനങ്ങളാണ് എനിക്കുണ്ടായിരുന്നത്. എനിക്ക് ഇടശ്ശേരിയോടുള്ള ആരാധനക്കുള്ള പ്രധാനകാരണം ആ ആരംഭ ദശയിൽ എന്റെ വിനീതമായ സാഹിത്യജീവിതത്തെയും അത് വഴി ജീവിതത്തെത്തന്നെയും നിർണ്ണയിച്ച പഞ്ചമഹാകവികളിൽ ഒരാളായിരുന്നു അദ്ദേഹമെന്നതാണ്. അദ്ദേഹത്തിന്റെ കവിതകളിൽ നിന്ന് കൂടിയാണ് എന്നിൽ രാഷ്ട്രീയാവബോധം ഉണ്ടാകുന്നത്. അദ്ദേഹത്തിന്റെ മൂല്യമണ്ഡലത്തിന്റെ അന്ത്യദർശനം നേടാൻ ഭാഗ്യമുണ്ടായ ഒരാൾ എന്ന നിലയിൽ ഒരു എഴുത്തുകാരന്റെ ധർമ്മനിഷ്ഠയും മാനവികതയും സാമൂഹ്യബോധവും എത്ര ഉയരത്തിൽ ആയിരിക്കണം എന്ന് അദ്ദേഹം തന്റെ കവിതകളിലൂടെ എന്നെ ഓർമ്മപ്പെടുത്തി. അദ്ദേഹത്തിന്റെ പുത്രന്മാരായ ഹരികുമാറും മാധവനും ഡോ. ദിവാകരനും ആയുള്ള യൌവനാരംഭം മുതലുള്ള അടുപ്പം മൂലം ഇടശ്ശേരിയുടെ വ്യക്തി ജീവിതത്തിലെ ഒരിക്കലും പിഴവ് വരാത്ത സ്വഭാവ ദാർഢ്യത്തിന്റെയും ആദർശശുദ്ധിയുടെയും ആസ്തികതയുടെയും പ്രതിഫലനമാണ് അദ്ദേഹത്തിന്റെ കവിത എന്ന് എനിക്ക് ബോദ്ധ്യമായി... ഇടശ്ശേരിക്ക് ഔപചാരിക വിദ്യാഭ്യാസം കുറവായിരുന്നു. പക്ഷെ ഇടശ്ശേരിക്കവിതയുടെ ഗഹനത അളക്കാൻ എത്രയോ സർവകലാശാലാഗവേഷണപ്രബന്ധങ്ങൾ മലയാളത്തിൽ ഉണ്ടായി! വിശാലമായ മാനവികതയുടെ അതതു കാലത്തെ ജൈവപ്രതികരണം എന്ന നിലയിൽ ആദ്യകാല കവിതകളിലൂടെ തന്നെ അദ്ദേഹം ദേശീയവാദിയായി. 'പണിമുടക്കം', 'ചകിരിക്കുഴികൾ', 'കുടിയിറക്കൽ', 'പുത്തൻ കലവും അരിവാളും' എന്നീ രചനകളിലൂടെ സോഷ്യലിസ്റ്റും കമ്മ്യൂണിസ്റ്റും ഒക്കെ ആയി. ലോകത്തിൽ മനുഷ്യർ എവിടെവിടെയൊക്കെ കുടിയിറക്കപ്പെടുന്നുണ്ടോ, എവിടെവിടെയൊക്കെ അവരുടെ ചട്ടികൾ പുറത്തെറിയപ്പെടുന്നുണ്ടോ ആ ഇടങ്ങളെ ഒക്കെ കൂട്ടിചേർത്ത് ഒരു ഭൂപടം വരക്കണമെന്ന് ഉള്ള അന്തർദേശീയ വീക്ഷണം 'കുടിയിറക്കൽ' എന്ന കവിതയിലൂടെ മുക്കാൽ നൂറ്റാണ്ട് മുൻപ് ആണ് അദ്ദേഹം അവതരിപ്പിക്കുന്നത്! 'പെങ്ങളു'ടെയും 'നെല്ലുകുത്തുകാരി പാറു'വിന്റെയും ദൈന്യ കഥകൾ എഴുതുകവഴി ആദ്യകാല സ്ത്രീവാദി ആയി. 'കുറ്റിപ്പുറം പാലം' എഴുതുക വഴി വികസനമാത്രമായ പുരോഗമനസങ്കൽപ്പത്തെ അക്കാലത്തു തന്നെ അദ്ദേഹം സംശയിച്ചു. 'ഇസ്ലാമിലെ വൻമല' പോലെ മലയാളത്തിലെ ഏറ്റവും സവിശേഷമായ മതേതരകാവ്യങ്ങളിൽ ഒന്ന് രചിച്ചു. 'പൂതപ്പാട്ടും' 'കാവിലെപ്പാട്ടും' ഉൾപ്പെടെയുള്ള രചനകളിലെ ദ്രാവിഡമായ ആദിരൂപങ്ങളുടെ മൗലികതയെ കുറിച്ചുള്ള ചർച്ചകൾ എത്രെയെങ്കിലും ഉണ്ടായിട്ടുണ്ട്. ഇത്രയും സമഗ്രമായ മാനവികതക്ക് ഉടമയായിട്ടും താനേതെങ്കിലും രാഷ്ട്രീയപ്രസ്ഥാനത്തോടോ പ്രത്യയശാസ്ത്രത്തോടോ ബന്ധനാണെന്നു ഇടശ്ശേരി അവകാശപ്പെട്ടിട്ടില്ല. ജീവിതത്തിന്റെ മുക്കാൽ പങ്കും ദരിദ്രനായി ജീവിച്ചിട്ടുള്ള ഇടശ്ശേരി വ്യക്തിജീവിതത്തിൽ ഉണ്ടാകുന്ന ആഘാതങ്ങൾക്ക് ജീവിതത്തെ കൂടുതൽ ജീവത്താക്കുന്നതിനുള്ള കഴിവിനെകുറിച്ച് സദാ ബോധവാനായിരുന്നു. അദ്ദേഹത്തിന്റെ ഷഷ്ട്യബ്ദപൂർത്തിയുടെ ഘട്ടത്തിൽ ആണെന്ന് തോന്നുന്നു, ആ കവിതകളെ നിരൂപണം ചെയ്തുകൊണ്ട് 'ക്രൂരതയാണ് ഇഷ്ടദേവത' എന്നൊരു ലേഖനം വായിച്ചതായി ഓർക്കുന്നു. ബഹുമാനപ്പെട്ട കവി മാധവൻ അയ്യപ്പത്തായിരുന്നു നിരൂപകൻ എന്നാണ് ഊഹം. കാല്പനികതാസ്പർശമില്ലാത്ത ക്രൂരവും പരുഷവുമായ യാഥാർഥ്യബോധമാണ് ഇടശ്ശേരി കവിതയുടെ മുഖമുദ്ര എന്ന് സ്ഥാപിക്കുന്ന ആ ലേഖനം എനിക്ക് എക്കാലത്തും വളരെ സാർഥകമായി തോന്നിയിട്ടുണ്ട്. ചങ്ങമ്പുഴയും വള്ളത്തോളും ഉൾപ്പടെ നിരവധി പേരുടെ കാല്പനികത മലയാളത്തെ ഭരിക്കുന്ന കാലത്താണ് പരുഷമായ ഈ വിമതസ്വരമുയരുന്നത്. 'ഹാ, രക്ഷക്കാത്മകർമ്മം ശരണം, ഇതരമില്ലില്ല മാപ്പെന്ന ഗീരിൻ ക്രൂരത്വത്താൽ ഉയർത്തപ്പെടുക പിന്നെയും നീ' എന്ന് ആഹ്വാനം ചെയ്യുന്ന 'മാപ്പില്ല' എന്ന കിടയറ്റ മുക്തകത്തിലും

‘പൂജാപുഷ്പം’ എന്ന കവിതയിലും ഒക്കെ ഇടശ്ശേരി ക്രൂരതയെന്ന തന്റെ ഇഷ്ടദേവതയെ ഉപാസിക്കുന്നുണ്ട്. ജീവിതമെന്ന പരുഷയാഥാർത്ഥ്യത്തെ കുറിച്ച് നിരന്തരം പറയുമ്പോഴും പേലവതയുടെ പ്രകാശനങ്ങളും ഇടശ്ശേരിക്കവിതയിൽ ധാരാളം ഉണ്ട്. ‘ഇടക്ക് കണ്ണീരുപ്പ് പുരട്ടാതെന്തിനു ജീവിത പലഹാരം?’ എന്ന് ജീവിതത്തിലെ സുഖദുഃഖസമ്മിശ്രതയെ ഇടശ്ശേരി എപ്പോഴും ചൂണ്ടിക്കാട്ടുന്നു.‘ഉണ്ണികൃഷ്ണനോട്’ ‘അശോകമഞ്ജരി’,‘ഒരു ഗന്ധർവൻ പാടുന്നു’,‘പൂതപ്പാട്ട്’ എന്നിങ്ങനെഎത്രയോ കവിതകളിൽ ഇടശ്ശേരി വാൽസല്യത്താലോ പ്രണയത്താലോ തരളിതനാവുന്നുമുണ്ട്. തന്റെ അടിയുറച്ച ആസ്തികതയുടെ കവിതാവൽക്കരണം ഇടശ്ശേരിക്കവിതയുടെ വളരെ പ്രധാനപ്പെട്ട ഒരു മുഖമാണ്. ഇടശ്ശേരി ഹിന്ദുമതം ഗാന്ധിജിയുടെ ഹിന്ദുമതം ആണ്. ഉപനിഷത്തിൽ തുടങ്ങി ബുദ്ധനിലൂടെയും പുരാണേതിഹാസങ്ങളിലൂടെയും വളർന്ന് ഗാന്ധിജിയിൽ അവസാനിക്കുന്ന ഹിന്ദു മതധാരയിൽ നിന്ന് ഇടശ്ശേരി ഒരുപാട് ഊർജ്ജം സംഭരിക്കുന്നു. ഹിന്ദുമതത്തെ ഒരു സെമിറ്റിക് മതമാക്കാൻ ശ്രമിക്കുന്ന ഹിന്ദുത്വപ്രത്യയ ശാസ്ത്രത്തിന്റെ നേരെ എതിർദിശയിലാണ് ഇടശ്ശേരി സഞ്ചരിക്കുന്നത്. മിസ്റ്റിസിസവും കർമ്മോന്മുഖതയും പ്രണയവും സമ്മേളിക്കുന്ന മലയാളത്തിലെ ഒരു അനന്യമായ കവിതയാണ് ‘അമ്പാടിയിലേക്ക് വീണ്ടും’ എന്നത്. ‘അഭയം തേടി, ഹനുമാന്സേവ തുഞ്ചൻ പറമ്പിൽ’- എന്നിങ്ങനെഒരുപാട് കവിതകൾ ഇത്തരത്തിൽ ഉണ്ട്. വളരെ ഋജുവും ലളിതവുമാണ് ഇടശ്ശേരിയുടെ മതേതരത്വം. ‘ഇസ്ലാമിന്റെ വന്മല’യും ‘മുഹമ്മദബ്ദുൾറഹിമാൻ’ എന്നീ കവിതകൾ അത് തെളിയിക്കുന്നു. പൊതുവേ നമ്മുടെ എഴുത്തുകാർക്ക് അറുപതു വയസ്സിനു ശേഷം സർഗ്ഗാത്മകത കുറയുന്നതായാണ് കണ്ടുവന്നിട്ടുള്ളത്. എന്നാൽ ഇടശ്ശേരിയുടെ കാര്യത്തിൽ മറിച്ചാണ് സംഭവിച്ചത്. പ്രായമേറും തോറും അദ്ദേഹത്തിന്റെ കവിത കൂടുതൽ കൂടുതൽ പക്വമാവുകയായിരുന്നു. അറുപതാം വയസ്സിൽ എഴുതിയ ‘കാവിലെ പാട്ട്’ മുതൽ ഒന്നാം തരം കവിതകളുടെ മറ്റൊരു പുതിയ അദ്ധ്യായം ആരംഭിക്കുകയാണ് അദ്ദേഹം. അന്ത്യകാല കവിതകളായ ‘ചന്ത പിരിഞ്ഞപ്പോൾ’, ‘കടത്തുതോണി’ എന്നിവയൊക്കെ അദ്ദേഹത്തിന്റെ കാവ്യജീവിതത്തിലെ തത്വചിന്താനിർഭരമായിരുന്ന ഒരു ശാന്തിപർവത്തെയാണ് സൂചിപ്പിക്കുന്നത്. ‘പിന്നിലാവുള്ള രാത്രി’, ‘ഒരു ഗന്ധർവൻ പാടുന്നു’, ‘ഒരു പിടി നെല്ലിക്ക’ തുടങ്ങി എത്രയോ കവിതകൾ അവസാനനാളുകൾ വരെ പുഷ്ക്കലമായിരുന്ന ഒരു കവിമനസ്സിനെയാണ് പ്രകടിപ്പിക്കുന്നത്. അദ്ദേഹം അവസാനം വരെ സൂക്ഷിച്ചിരുന്ന കാവ്യോർജ്ജത്തെ പരിഗണിക്കുമ്പോൾ ഇടശ്ശേരിയുടെത് ഒരു അകാലചരമമായിരുന്നു എന്നു വേണം കണക്കാക്കാൻ. ക്രുദ്ധയാഥാർത്ഥ്യങ്ങളുടെ കവിയായ ഇടശ്ശേരി മലയാള കവിത നിലനിൽക്കുമെങ്കിൽ ഇനിയുമേറെക്കാലം പ്രസക്തനായി തുടരും. ■





# പൂക്കാത്തമാവ്

വഴിവക്കിലെ മാവേ
പൂക്കാത്തതെന്താണിപ്പോൾ?
പൊയ്പോയ നാളുകളോർത്തു
നില്പാണു നിൻചോട്ടിൽ ഞാൻ
എത്രസുന്ദരം നിന്റെ
യൗവനകാലം മാവേ?
എന്നും പച്ചപ്പുചൂടി നീ
നിന്നതോർപ്പു ഞാനിപ്പോൾ
വഴിവക്കിലെ മാവേ
പൂക്കാത്തതെന്താണിപ്പോൾ?
വാർദ്ധക്യം ഭവിച്ചിട്ടോ
ഓർമ്മകൾ ക്ഷയിച്ചിട്ടോ
വാസയോഗ്യമല്ലാതായ് -
ത്തീർന്നെന്നോ ജഡമിത്?
തളിർത്തും പൂത്തും കായ്ച്ചും
നിൽക്കും നിൻ ചില്ലകളിൽ
കാലാകാലങ്ങളിൽ കിളി-
ക്കൂട്ടങ്ങളെത്താറില്ലേ?
കണ്ണിമാങ്ങകൾ ഉപ്പു-
കൂട്ടിത്തിന്നുവാൻ കൂട്ടം-
കൂട്ടമായെത്താറില്ലേ
കുസൃതിക്കുരുന്നുകൾ?
മാമ്പഴമധുരം കൊത്തി-
ത്തിന്നുവാനെത്താറില്ലേ
കാക്കകൾ, നാനാജാതി-
ജീവികൾ, മനുഷ്യരും?
കുലുക്കി വീഴ്ത്തും കാറ്റ്
നിൻ മധുഫലങ്ങളെ
പെറുക്കാനോടിക്കൂടും
കുട്ടികൾ കൊതിയോടെ.
മറ്റുള്ളവർക്കൊക്കെയും
വേണ്ടപ്പെട്ടവനന്ന്
ഇപ്പോഴോ കായ്ക്കാത്തൊരീ
വൃക്ഷത്തെയാർക്കുവേണം?
ക്ഷയിച്ചു നിൽപാണു നീ
മുതുക്കൻമാവേയിപ്പോൾ.
ആവുന്നകാലം ചേർന്നു
നിൽക്കുവാനാളുണ്ടാവും
ആവാത്ത കാലം വന്നാൽ
തിരിഞ്ഞുനോക്കില്ലാരും!

**മലയത്ത് അപ്പുണ്ണി**
പി.ഒ. ഗോവിന്ദപുരം
കോഴിക്കോട് - 673016
മൊ: 9446438255

# അണു

കഥ:

കെ.വി. മോഹൻകുമാർ

അടഞ്ഞ മനസ്സുകളിൽ അണുക്കൾ പെരുകും. ഇരുട്ട് കുടിപ്പാർക്കും. വാതിലുകളും ജാലകങ്ങളും തുറന്നിട്ട വിശാലമായ അറപോലെയാണ് മനുഷ്യ മനസ്സ്. പകൽ വെളിച്ചത്തിലുമത് കൊട്ടിയടച്ച് തഴുതിട്ടിരുന്നാലോ? അകത്ത് ഇരുളിന്റെ പൊറ്റകളടിയും. മനുഷ്യന്റെ മനസ്സും അതുപോലെയല്ലേ?

സജീവൻ അതാലോചിക്കുകയായിരുന്നു.

അനിത ഈയിടെയായി...

നദീറയെന്ന് കേട്ടതും അവളുടെ മുഖം കറുത്തു. മഞ്ഞപ്പ് വീണ നോട്ടം പുറത്തേക്ക് തെറിച്ചു.

ആശുപത്രിയിൽ തനിച്ചു കഴിഞ്ഞ നാളുകളിലാണ് അവളിൽ ഈ മാറ്റമുണ്ടായത്. ആ ദിവസങ്ങളത്രയും മൊബൈൽ ഫോണായിരുന്നു കൂട്ട്. വേറെന്ത് ചെയ്യാൻ? ആരോടും സമ്പർക്കമില്ലാതെ... കോവിഡ് പേടിയിലാരും...

ഫോണിലൂടെ ഓരോ ദിവസം പിന്നിടുമ്പോഴും അവളുടെ ഉള്ളിൽ അണുക്കൾ പെരുകുന്നതറിഞ്ഞു. അണുക്കൾ അവളുടെ വാക്കുകളിലേക്കും ഇറങ്ങിവന്നതോടെ സജീവനിലത് ആശങ്കയായി.

'അനീ, നിനക്കെന്താപറ്റിയെ? പെട്ടെന്നീ മാറ്റം?'

'മാറ്റവോ? എനിക്കോ?'

ചുറ്റും നടക്കണതൊന്നും സജീവേട്ടൻ അറിയാഞ്ഞിട്ടാ; അവൾ ഏതോ വാട്ട്സാപ്പ് ഗ്രൂപ്പിൽ വന്ന ഫോർവേഡിംഗ് മെസേജുകളെക്കുറിച്ച് വാതോരാതെ പറഞ്ഞു.

അയാളുടെ കാതുകളിൽ കടന്നലുകൾ ഇരമ്പി.

'നീയെങ്ങനെആ ഗ്രൂപ്പിലകപ്പെട്ടു?'

'എനിക്കറിഞ്ഞൂടാ. കോവിഡ് വന്നപ്പഴാ ഞാനാഗ്രൂപ്പിലുണ്ടെന്നറിഞ്ഞെ. മുമ്പ് ഞാനങ്ങനെവാട്ട്സാപ്പൊന്നും നോക്കാറില്ലായിരുന്നല്ലോ? ഇപ്പം എന്നേം അവരഡ്മിനാക്കി. ഞാനും ചേർത്തു ഏഴെട്ടാളെ... സജീവേട്ടനേം ചേർക്കട്ടെ?'

'വേണ്ടാ,' അയാളുടെ മനസ്സ് നുറുങ്ങി.

യാത്ര പറയാൻ ചെന്നപ്പോൾ സത്യപാലൻ ഡോക്ടർ വല്ലാതെ അസ്വസ്ഥനായിരുന്നു. മൂക്കും ചുണ്ടുകളും മറച്ച ഇരട്ട മുഖാവരണത്തിന്റെ മറവിലും അയാളുടെ വരണ്ട മുഖത്തെ പേശികൾ...

'സൂക്ഷിക്കണം', അയാൾ അനിതയെ നോക്കി. 'ഏറെ ആയാസമൊന്നും വേണ്ട, കുറച്ചുനാളത്തേക്ക്, ഈ അണു അത്ര നിസ്സാരക്കാരനല്ല.'

'ഈ അണുവിനെതുരത്താതെ നമുക്കാർക്കും മനസ്സമാധാനത്തോടെ ജീവിക്കാനാവില്ല,' സജീവൻ ആരോടെന്നില്ലാതെ പറഞ്ഞു.

ഏതണുവെന്ന് ഡോ. സത്യപാലനോ അനിതയോ സംശയിച്ചിട്ടുണ്ടാവില്ല. അവരുടെ ചിന്തയിൽ ഒരേയൊരു അണുവേ ഉണ്ടാവൂ. അണുക്കൾ ഉടലിൽ മാത്രമല്ല, മനസ്സിലും...

'അണുക്കൾക്കൊപ്പമുള്ള സഹജീവനം, ഇനിയതേ കഴിയൂ,' സത്യപാലൻ ഡോക്ടർ പറഞ്ഞു. 'മനുഷ്യ ചരിത്രത്തെ ഒരു വൈറസ് രണ്ടായി പകുക്കുന്നു. ലോകം കൊറോണയ്ക്ക് മുൻപും, പിൻപും.'

അനിത ഔപചാരികതനിറവേറ്റി പുറത്തിറങ്ങിയതും ഡോ: സത്യപാലൻ എന്തോ ഓർത്തു. 'ങാ, ഐ.സി.യു.വിൽ കിടന്നിരുന്ന ആ മേരിക്കുട്ടി അമ്മ മരിച്ചു.'

'മരിച്ചോ?' അനിത ഞെട്ടിയെന്ന് തോന്നുന്നു.

'മിനിഞ്ഞാന്ന് വെന്റിലേറ്ററിലേക്ക് മാറ്റും മുൻപേ എന്റെ വിരലുകളിൽ പിടിച്ച്, ഞാൻ മരിക്കുവൊന്നും ഇല്ലല്ലോ മക്കളേ എന്ന് ചോദിച്ചു.' അയാൾ എണീറ്റ് ഞങ്ങൾക്കൊപ്പം വാതിൽ വരെ നടന്നു. 'ഇല്ലമ്മച്ചീ, സമാധാനത്തോടെ ഉറങ്ങൂന്ന് ഞാനും പറഞ്ഞു. എന്റെ വാക്ക് വിശ്വസിച്ച് മനസ്സമാധാനത്തോടെ ഉറങ്ങിയതാണ്, പിന്നെ കണ്ണുതുറന്നില്ല.'

'എന്നോടും പറഞ്ഞു,' അനിത ഓർക്കാൻ ശ്രമിച്ചു. 'കുറച്ചു നാളൂടെ ജീവിച്ചാൽ കൊള്ളാമെന്നൊണ്ട് മോളേന്ന്. കോവിഡ് വാർഡിൽ അടുത്തടുത്ത കിടക്കയിലായിരുന്നല്ലോ ഞങ്ങൾ?'

'അതേയതേ,' ഡോ. സത്യപാലൻ കൈവീശി. 'എന്നാശരി.'

പുറത്ത് നാനാവിധം അണുക്കളെ തീറ്റിപ്പോറ്റി രോഗികൾ കാത്തുനിൽക്കുന്നുണ്ടായിരുന്നു. നാനാതരം അണുക്കളെ വിരിയിച്ചെടുക്കുന്ന ഹാച്ചറിയാണ് മനുഷ്യ ശരീരം. സജീവൻ സ്വന്തം ഉടലിന്റെ അർത്ഥാന്തരന്യാസത്തിലൂടെ കണ്ണോടിച്ചു. മനുഷ്യ ജീവിതം ഒരണുവിനു നിർവ്വചിക്കാവുന്നതേയുള്ളൂ. വിരാമം. പാതിവിരാമം. അതിശയോക്തി. വിരോധാഭാസം... എല്ലാം അണു നിശ്ചയിച്ചിരിക്കുന്നു. എന്നിട്ടും...



# നിങ്ങളുടെ കുടുംബത്തിനേകൂ യഥാർത്ഥ കാൻസർ പരിരക്ഷ.

കാലിക്കറ്റ് സിറ്റി സർവീസ് സഹകരണ ബാങ്കും എം. വി. ആർ കാൻസർ സെന്ററും കെയർ ഫൗണ്ടേഷനും സംയുക്തമായി അവതരിപ്പിക്കുന്ന സൗജന്യ കാൻസർ ചികിത്സാ പദ്ധതി

**15000 രൂപയ്ക്ക്**
**5 ലക്ഷം രൂപയുടെ**
**സൗജന്യ ചികിത്സ.**

MVRCCRI
MASS CARE

▸ വ്യക്തിഗത കാൻസർ ചികിത്സ പരിരക്ഷ
ഏതൊരു വ്യക്തിക്കും 15000 രൂപ നിക്ഷേപിച്ച് ഈ പദ്ധതിയിൽ 5 ലക്ഷം രൂപയുടെ സൗജന്യ കാൻസർ ചികിത്സയ്ക്ക് അർഹത നേടാം.

▸ മാസ് കെയർ ഫാമിലി
കുടുംബപദ്ധതിയിൽ ചേരുന്നവർക്ക് 5 ലക്ഷം രൂപ എന്ന പരിധിയില്ലാതെ മറ്റ് അംഗങ്ങൾക്ക് അവകാശപ്പെട്ട തുകയ്ക്ക് കൂടി സൗജന്യ കാൻസർ ചികിത്സ നേടാം.

▸ മാസ് കെയർ പ്ലസ്
ഒരു വ്യക്തിക്കോ സ്ഥാപനത്തിനോ സ്വന്തം പേരിൽ തന്നെ പണം നിക്ഷേപിച്ച് മറ്റൊരാളെ ഗുണഭോക്താവായി നിർദ്ദേശിക്കാവുന്ന പദ്ധതി. ഗുണഭോക്താവിനെ സംബന്ധിച്ച് പൊതുവ്യവസ്ഥകൾ ബാധകം.

## കാൻസറിനെ ഭയക്കേണ്ട ചികിത്സാചിലവിനെയും

## സവിശേഷതകൾ

- നിക്ഷേപ പദ്ധതിയിൽ ചേർന്ന് ഒരു വർഷം പൂർത്തിയായാൽ 15000 രൂപയക്ക് 5 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ.
- 15000 രൂപയോ അതിന്റെ ഗുണിതങ്ങളോ നിക്ഷേപിക്കാം. 15000 രൂപക്ക് 5 ലക്ഷം രൂപ എന്ന നിരക്കിൽ ചികിത്സ ആനുകൂല്യത്തിന് അർഹത.
- നിലവിൽ കാൻസർ രോഗബാധിതർ അല്ലാത്ത 60 വയസ്സ് വരെ പ്രായമുള്ളവർക്ക് പദ്ധതിയിൽ അംഗമാകാം.
- അംഗമാകുന്നവർക്ക് 70 വയസ്സുവരെ ചികിത്സ ആനുകൂല്യത്തിന് അർഹത.
- 60 വയസ് കഴിഞ്ഞവർക്കും പദ്ധതിയിൽ നിക്ഷേപിച്ച് നിബന്ധനകൾക്ക് വിധേയമായി മറ്റൊരു വ്യക്തിയെ ഗുണഭോക്താവായി നിർദ്ദേശിക്കാം.
- ചികിത്സ ആനുകൂല്യം ലഭിച്ചാലും നിക്ഷേപതുക മടക്കിക്കിട്ടും.
- നിക്ഷേപം നടത്തി ഒരു വർഷം കഴിഞ്ഞ് എപ്പോൾ വേണമെങ്കിലും പദ്ധതിയിൽ നിന്ന് പിന്മാറാം.
- ലളിതമായ നടപടിക്രമങ്ങൾ
- നിബന്ധനകൾക്ക് വിധേയം

കൂടുതൽ വിവരങ്ങൾക്ക്: +91 9446 383 311
+91 9446 034 311
+91 7012 312 511

masscare.calicutcitybank.com

MVRCCRI MASS CARE

CALICUT CITY SERVICE CO-O BANK LTD.

MVR
CANCER CENTRE & RESEARCH INSTITUTE



Since 1760
Lewis Berger
Paint your imagination
Jithu
9037 63 5511
Vyshak
9895 63 6391
UNITED PAINTS
Areekkara Ayyappan Building
Palazhi Road, Pottammal
Authorised Dealers of: asianpaints
Dulux TRADE
Lewis Berger
and other Leading Brands



KERALA BANK
1688 എ ക്ലാസ്സ് അംഗ സംഘങ്ങൾ (PACS & Urban Co-op Banks)
മലയാളത്തിന്റെ സ്വന്തം അഭിമാനം
KERALA BANK
Kerala State Co-operative Bank
A Scheduled Bank
കേരള ബാങ്ക് ഏഷ്യയിൽ നമ്പർ വൺ
2022 ഡിസംബർ 1 ന് പ്രസിദ്ധീകരിച്ച വേൾഡ് കോഓപ്പറേറ്റീവ് മോണിറ്ററിന്റെ വിലയിരുത്തലിൽ, സാമ്പത്തിക സേവന മേഖലയിൽ കേരള ബാങ്കിന് ഏഷ്യയിൽ ഒന്നാം സ്ഥാനവും ലോകത്ത് ഏഴാം സ്ഥാനവുമാണുള്ളത്.
ഇന്റർനാഷണൽ കോഓപ്പറേറ്റീവ് അലയൻസും യൂറോപ്യൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി പ്രസിദ്ധീകരിച്ച വാർഷിക റിപ്പോർട്ടായ വേൾഡ് കോഓപ്പറേറ്റീവ് മോണിറ്ററാണ് സഹകരണ സംഘങ്ങളെ റാങ്ക് ചെയ്യുന്നത്.
ഏഴ് വ്യത്യസ്ത മേഖലകളിലായി ലോകത്തിലെ ഏറ്റവും വലിയ 300 സഹകരണ സംഘങ്ങളുടെ പട്ടികയിൽ കേരള ബാങ്കിന് മുപ്പത്തി അഞ്ചാം സ്ഥാനമാണുള്ളത്.
KB Loan Schemes
Scan the QR Code
823 ശാഖകൾ
Kerala Bank Contacts
Scan the QR Code
കൂടുതൽ വിവരങ്ങൾക്ക് ജില്ലകളിലെ ക്രെഡിറ്റ് പ്രോസസിംഗ് സെന്ററുമായോ, തൊട്ടടുത്തുള്ള കേരള ബാങ്ക് ശാഖയുമായോ ബന്ധപ്പെടുക.
ജില്ലാതല ക്രെഡിറ്റ് പ്രോസസ്സിംഗ് കേന്ദ്രങ്ങൾ: തിരുവനന്തപുരം 0471 2451595, കൊല്ലം 0474 2742301, ആലപ്പുഴ 0477 2251682, പത്തനംതിട്ട 0468 2222271,കോട്ടയം 0481 2563603, ഇടുക്കി 0486 2235291, എറണാകുളം 0484 2424613, തൃശ്ശൂർ 0487 2325700, പാലക്കാട് 0491 2547857, മലപ്പുറം 0483 2734853, കോഴിക്കോട് 0495 2705415, വയനാട് 0493 6209958, കണ്ണൂർ 0497 2714115, കാസറഗോഡ് 0499 4220118.
മേഖലാ ഓഫീസുകൾ: തിരുവനന്തപുരം 0471 2451596, ആലപ്പുഴ 0477 2251682, കോട്ടയം 0481 2563603, തൃശ്ശൂർ 0487 2325700, പാലക്കാട് 0491 2547325, കോഴിക്കോട് 0495 2705408, കണ്ണൂർ 0497 2714115
കോർപ്പറേറ്റ് ബിസിനസ് ഓഫീസ്: കാക്കനാട്, എറണാകുളം 0484 2424613, 2424549
ഹെഡ്ഡാഫീസ്: പി.ബി.നമ്പർ 6515, കോബാങ്ക് ടവർ, വികാസ് ഭവൻ. പി.ഒ, പാളയം, തിരുവനന്തപുരം - 695 033. ഫോൺ : 0471 2547350, 2547200
പരാതികൾ : ഉപഭോക്തൃ പരാതി പരിഹാര വിഭാഗം, കേരള സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്), കോ-ബാങ്ക് ടവർ, പാളയം, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം -695 033, ഫോൺ : 0471- 2547294, ഇ മെയിൽ : cgrc@keralabank.co.in
കരുത്താണ് കേരള ബാങ്ക്, കരുതലാണ് കേരള ബാങ്ക്

‘നദീറ കാറുമായി വന്നാൽ... അവരുടെ വീട്ടിൽ കേറണ്ടി വരുമോ? അനിത താൽപര്യമില്ലാതെ ചോദിച്ചു.

‘വേണ്ടിവരുമല്ലോ. ഇന്ന് ചെറിയ പെരുന്നാളല്ലേ?’

‘വേണ്ടീരുന്നില്ല,’ അവളുടെ മുഖം ചുളിഞ്ഞു.

‘എന്താ?’

‘അജീബിനെവിളിക്കേണ്ടിയിരുന്നില്ല.’

‘നിന്റെ പൊന്നാങ്ങള വന്നോ വിളിച്ചിട്ട്?’

‘അവൻ തിരക്കിലായിട്ടല്ലേ?’

‘അല്ല, കോവിഡിനെപേടിച്ച്. ഡിസ്ചാർജ്ജ് ചെയ്തെന്ന് കേട്ടാലു പേടിയല്ലേ? സ്വന്തം പെങ്ങളായാൽ പോലും,’അവളെ ഒന്നിരുത്തണമെന്ന് കരുതിത്തന്നെയാണ് അയാളത് പറഞ്ഞത്.

ബാറ്ററി വീക്ക് ആയതാവാം കാർ സ്റ്റാർട്ടായല്ല. പരിസരത്തെ മൂന്ന് വർക്ക്ഷോപ്പുകളും തുറന്നിട്ടില്ല. ചെറിയപെരുന്നാൾ അടവ്. അജീബിനെവിളിക്കാനൊരുമ്പെട്ടതും അവൾ തന്നെയാണ് ഫോൺ തട്ടിയെടുത്ത് വാശിയോടെ ആങ്ങളയെ വിളിച്ചത്. നാലു കിലോമീറ്റർ ദൂരമേയുള്ളൂ. വരാമായിരുന്നു. അവൻ എന്തോമുട്ടാപ്പോക്ക് പറഞ്ഞ് ഒഴിഞ്ഞുമാറി. അനിതയുടെ മുഖത്ത് അവനോടുള്ള അമർഷത്തിന്റെ നിഴൽ വീഴുന്നതും താനറിയാതിരിക്കാൻ അവളത് മായ്ക്കുന്നതും സജീവൻ കണ്ടു.

‘അവൻ വരില്ല, അല്ലേ?’

‘അവനെന്തോ തിരക്കിലാണ്. ഇല്ലെങ്കിൽ വന്നേനെ,’ അവൾ മുഖം വെട്ടിച്ചു.

‘അവന്റെ തിരക്ക്? വീയാറെസ് എടുത്ത് വീട്ടിരിരിക്കുന്നവന്?’

‘എന്താ, അവന് തിരക്കായിക്കൂടേ?’ അവളുടെ കണ്ണുകൾ കൂർത്തു. ഉള്ളിലെ ദണ്ഡം കണ്ണുകളിലറിയാം. അവൻ വരാൻ മടിച്ചത് കോവിഡിനെഭയന്നിട്ടാണെന്നവൾക്കും ബോദ്ധ്യമുണ്ട്.

‘നദീറ വന്നാൽ നമ്മളെ വീട്ടിലാക്കാൻ പറഞ്ഞാൽ പേരേ?’ അവൾ കുറച്ചു നേരത്തെ മൗനത്തിനുശേഷം ചോദിച്ചു. ‘അവൾക്കുമുണ്ടാവില്ലേ കോവിഡ് ഭയം?’

‘എങ്കിലവൾ ഇങ്ങോട്ട് വരില്ലായിരുന്നല്ലോ, അജീബ് വിളിച്ചുപറഞ്ഞതും.’

അജീബ് തിരക്കിലായിരുന്നു. ഏതോ മന്ത്രിയുടെ നാക്കുപിഴ. ചാനലുകാർ അതിന്റെ പിന്നാലെയാണ്. പ്രതിപക്ഷമത് ആളിപ്പിടിപ്പിക്കാനുള്ള ശ്രമം. അജീബ് ക്യാമറാമാനുമൊത്ത് നെട്ടോട്ടത്തിലാണ്. പെരുന്നാളിന് ഉമ്മച്ചിയുണ്ടാക്കിയ നെയ്ച്ചോറും ആട്ടെറച്ചി ഒലത്തിയതും ചൂടോടെ കഴിക്കാൻ പറ്റുന്ന് തോന്നുന്നില്ലെടാ, അവൻ പറഞ്ഞു. വയ്യാതെ വന്നതോടെ വിശേഷ ദിവസങ്ങളിലേ ഉമ്മച്ചി അടുക്കളയിൽ കേറൂ. അധികനേരവും മുറിക്കകത്തിരിപ്പാണ്. മുട്ടുകൾക്ക് ബലക്ഷയം.

‘എന്റെ അജീബേ, നാവിൽ വെള്ളമൂറുന്നു.’

‘ഇല്ലേലും നിനക്കൊള്ള പങ്ക് അങ്ങെത്തുമായിരുന്നല്ലോ?’ നദിയോട് കാലത്തേ ഉമ്മച്ചി പറേണകേട്ടു, ‘വിളിച്ചു ചോദിച്ചിട്ട് ചൂടാറും മുൻപേ ആശുപത്രീൽ എത്തിക്കാൻ.’

‘വെയിൽ മൂക്കുന്നു; അനിത മരത്തണലിലേക്ക് മാറി നിന്നു. നിലത്ത് ചപ്പിലകൾക്കിടയിൽ കൊത്തിപ്പെറുക്കിയിരുന്ന കരിയിലക്കിളികൾ കൊക്കിച്ചിലച്ചു.

‘നദീറ ഇങ്ങോട്ട് വരാനിരിക്കുകയായിരുന്നു.’ അയാൾ പറഞ്ഞു. ‘ഉമ്മച്ചിവച്ച പെരുന്നാൾ പങ്കുമായി.... നെയ്ച്ചോറുംലാംബൊലത്തിയതും...’

‘എനിക്ക് വയ്യ, അതൊക്കേം വെട്ടി വിഴുങ്ങാൻ?’

‘എന്തേ?’

‘ഓ, വായ്ക്ക് രുചിയില്ല.’

‘ഉമ്മച്ചീടെ കൈപ്പുണ്യം ഒന്നു വേറെയല്ലേ?’

‘അത് നിങ്ങൾക്ക്.’ അവളുടെ മുഖത്ത് അണുക്കൾ ഇരച്ചുകയറി.

‘അനീ, നിനക്കെന്തുപറ്റി? നീ ഈയിടെയായി...’ സജീവന്റെ വാക്കുകൾ വിറയാർന്നു.

‘ഗ്രൂപ്പിൽ വരണത് ഓരോന്ന് വായിച്ചുനോക്കണം, ഇവറ്റകളുടെ മനസ്സിലിരിപ്പറിയാൻ.’

‘ഇവറ്റകളോ?’

‘പിന്നല്ലാതെ.’

‘നീ കഴിക്കണ്ടാ ഉമ്മച്ചി വച്ചത്. നിന്റെ ഉള്ളിൽ..’

അയാളെന്തോ പറയാനൊരുമ്പെട്ടതും നദീറയുടെ കാർ പാർക്കിംഗ് യാർഡിലേക്കിഴഞ്ഞുവന്നു.

‘ഞാൻ വൈകിയോ?’ നദീറ ചില്ലുതാഴ്ത്തി തലനീട്ടി.

‘ഏയ്,’ അയാൾ അനിതയെ നോക്കി.

‘എന്നാവാ, പോകാം. ഉമ്മച്ചി സജീവ് മേനോനെനോക്കിയിരിക്ക്യാ. വരുന്നൂന്ന് കേട്ടതും മൂപ്പത്തി ത്രില്ലിലാ.’

അനിത ബാഗുകൾ ഒതുക്കിവച്ച് പിന്നിൽ കയറി. അയാൾ മുന്നിലും.

'എങ്ങനെയുണ്ട്?' കാർ മുന്നോട്ടെടുക്കുന്നതിനിടയിൽ നദീറ അനിതയുടെ നേർക്ക് കണ്ണിറുക്കി. 'ആളൊന്ന് ചീർത്തല്ലോ, അന്ന് കണ്ടതിനേക്കാളും.'

'അണുക്കളല്ലേ അകവും പുറവും,' അയാൾ പരിഹസിച്ചു.

നദീറ നെറ്റി ചുളിച്ചു.

'അണുക്കൾ വാടകയ്ക്കെടുത്ത ഗോഡൗൺ,' അയാൾ കളിയാക്കി. 'ഇതിലും പറ്റിയൊരിടമുണ്ടോകിട്ടാൻ?'

നദീറ ആസ്വദിച്ച് ചിരിച്ചു.

അനിത പിന്നിൽ നിന്ന് കയ്യെത്തി കൈത്തണ്ടയിൽ ഞെരടി.

'അനൂപ്ജെലോട്ടയുടെ ഭജൻ കേട്ടാലോ?'

നദീറ ഷാളിന്റെ തലപ്പുകഴുത്തിലേക്ക് ഇറക്കിയിടുന്നതിനിടയിൽ സ്റ്റീരിയോ ഓൺ ചെയ്തു.

'വേണ്ട, നല്ല ഏതേലും ഗസൽ ഇടൂ.' അയാൾ പറഞ്ഞു.

നദീറയുടെ ഇടത്തെ കൈവിരലുകൾ ടച്ച് സ്ക്രീനിൽ തത്തിക്കളിച്ചു.

'മെഹ്ദിഹസ്സൻ... ജഗജിത്സിംഗ്... ഗുലാം അലി... ഉംബായി...'

'ഗുലാംഅലി,' അയാൾ പെട്ടെന്ന് മൂളി. 'ചുപ്കെചുപ്കേരാത് ദിൻ.. ആംസൂബഹാനാ യാദ്ഹേ..'

'ഹംകോഅബ്തക്ആഷികികാ

വോസമാനായാദ്ഹേ...' നദീറയും ഒപ്പം ഈണത്തിൽ മൂളി.

ഗുലാംഅലി സ്റ്റീരയോയിലൂടെ ഒഴുകി വന്നു.

രാവും പകലും രഹസ്യമായി കണ്ണീർ പൊഴിക്കാനോർക്കുക..

സ്നേഹത്തിന്റെ ആ കാലം ഞങ്ങൾ ഇപ്പോഴുമോർക്കുന്നു...

സജീവൻ കണ്ണുകളടച്ചിരുന്നു.

'ചുപ്കെചുപ്കേരാത്ദിൻ...

ആംസൂബഹാനാ... യാദ്ഹേ...

ഹംകോഅബ്തക്ആഷികികാ

വോസമാനാ... യാദ്ഹേ...

'ഇയാൾ പാക്കിസ്ഥാൻ കാരനല്ലേ,' അനിത പാട്ടിനിടയിൽ കട്ടുറുമ്പായി. നദീറ പിന്നിലേക്ക് ചെറുതായൊന്ന് മുഖം വെട്ടിച്ചതേയുള്ളൂ. അയാളത് കേട്ടതായേ ഭാവിച്ചില്ല.

ഗുലാംഅലി വരികളിൽ നിന്ന് വരികളിലേക്ക് പുഴയായൊഴുകുകയാണ്.

'തുജ്സേമിൽതേഹേവോകുച്ച്

ബേബാക്ക്ഹോജാനാമേരാ..'

ഞാൻ നിന്നെകണ്ടുമുട്ടിയതും എന്തോ എന്നിൽ അസഹനീയമായിത്തീരുന്നു...

'ചുപ്കെചുപ്കേരാത്ദിൻ

ആംസൂബഹാനാ. യാദ്ഹേ..'

അല്ലാ, സംഗീതം നിങ്ങൾക്ക് ഹറാമല്ലേ? അനിത പിന്നിൽ നിന്ന് വീണ്ടും.

ഇത്തവണ അയാൾക്കരിശം വന്നു. മീശരോമങ്ങൾ വിറച്ചു.

'നീ പാട്ട് കേൾക്കുന്നോ... അതോ?...'

അയാൾ പിന്നിലേക്ക് തലവെട്ടിച്ച് പല്ലുകൾ ഞെരിച്ചു.

നദീറ മുന്നിലേക്ക് നോക്കിയിരുന്നതിനാൽ വലിയൊരു ഹമ്പ് ഒഴിവായി.

അവൾ ബ്രേക്കിൽ നിന്ന് കാലയച്ചു. 'സംഗീതം ഹറാമോ? എന്നാരു പറഞ്ഞു?'

'ദാ,' അനിത ആവേശത്തോടെ വാട്ട്സാപ്പ് തുറന്നു. കേൾക്ക്, ഏതോ മൗലവി പറേണെ... 'അള്ളാവിന്റെ കലാം ഖുറാനാണ്, സംഗീതം സെയ്ത്താന്റെ കലാമാണെന്ന്.'

അവളത് കേൾപ്പിക്കാനൊരുമ്പെട്ടതും നദീറ സ്റ്റിയറിംഗിൽ നിന്ന് കയ്യെടുത്ത് തലയിൽ വച്ചു. 'എന്റെ അനിതാ, ഈ വക പ്രാന്തന്മാരു പുലമ്പുന്നേനൊന്നും ദയവായി ചെവി കൊടുക്കാതിരിക്ക്. ഇവറ്റോൾക്കൊക്കെ എന്തിന്റെ കേടാ, ന്റെപടച്ചോനേ.'

ഫോൺ മുഴങ്ങി. അജീബായിരുന്നു.

നദീറ വോളിയം കുറച്ചു.

'എടാ നദി വന്നോ വിളിക്കാൻ?'

'നദി എപ്പഴേ വന്നു. ഞങ്ങളുദാ, വീടെത്താറായി.'

'ഞാനോർത്തു, അവൾ ഓൺലൈൻ ക്ലാസിൽ കുടുങ്ങിക്കാണുമെന്ന്.'

'ഇന്ന് ക്ലാസില്ലല്ലോ അജീബ്ക്കാ,' നദീറ പറഞ്ഞു.

'ഓ, ഞാനത് മറന്നു.'

'നീ എപ്പോ എത്തും?' സജീവൻ തിരക്കി.

'എന്റെ പെരുന്നാൾ കട്ടപ്പൊകയായെടാ,' അജീബ് പറഞ്ഞു.

'എന്തുപറ്റി അജീബ്ക്കാ?' നദീറ ആശങ്ക

പ്പെട്ടു.

'മന്ത്രി രാജിവയ്ക്കണമെന്ന് പറഞ്ഞ് ബഹളം... കോലം കത്തിക്കൽ.' അജീബിന് ശ്രദ്ധവിട്ടു. 'ഓ, ലാത്തിച്ചാർജ്ജ്... ഞാൻ പിന്നെ വിളിക്കാം.'

കാർ ഉമ്മറത്തെത്തി.

മുകളിൽ നബീസുമ്മേടെ പതറിച്ച ഒച്ച കേൾക്കാം.

'ഉമ്മച്ചി കൊച്ചുമക്കൾക്ക് ബലിപെരുന്നാളിന്റെ വിശേഷം പറഞ്ഞു കൊടുക്കുകയാണു,' നദീറ മുകളിലേക്കുള്ള കോണി കയറി. 'ഞാൻ ചെന്ന് വിളിച്ചിട്ട് വരാം.'

'ശ്,' നദീറ മറഞ്ഞതും അനിത ചുണ്ടനക്കി.

'ങും?'

ഈ വാട്ട്സാപ്പൊന്ന് നോക്കിയേ,

ബലിപെരുന്നാളിന്റെ ശരിക്കൊള്ള വിശേഷം അറിയണേൽ... പാവം ആട്ടിൻ കുഞ്ഞിനെവാങ്ങി മക്കളെപ്പോലെ സ്നേഹിച്ച് വളർത്തീട്ട്...'

'അനീ,' അയാൾ വിറച്ചു. 'നിർത്ത് നിന്റെയീ...'

സഹനത്തിന്റെ പിടിവള്ളി ഊർന്നിറങ്ങിപ്പോയി.

ചെറുതായൊന്ന് അമറിയോ?

അയാൾ പെട്ടെന്ന് ഒച്ചയടക്കി. നദീറ നബീസുമ്മയെ കൈപിടിച്ച് താഴേക്ക് കൊണ്ടുവരുന്നു.

'സജിമോനേ,' നബീസുമ്മ പകൽ നിലാവ് പോലെ ചിരിച്ചു. 'എത്ര നാളായി അന്നെ കണ്ടിട്ട്.'

'കോവിഡ് കാലമല്ലേ ഉമ്മച്ചീ,' അയാൾ തിടുക്കത്തിൽ കോണി കയറിച്ചെന്ന് നബീസുമ്മേടെ വിരലുകൾ കൈക്കുള്ളിലാക്കി.

'ങാ, അനിമോളേ,' ഉമ്മ താഴേക്ക് നോക്കി. 'അസുഖമെല്ലാം ഭേദമായോ?'

നബീസുമ്മ താഴേക്കിറങ്ങിവന്ന് അനിതയെ ചേർത്തു പിടിച്ചു. അനിതയുടെ മുഖത്തെ ഭാവം... യാന്ത്രികമായ ഒഴിഞ്ഞുമാറൽ... ഉമ്മച്ചിയത് അറിഞ്ഞില്ലെന്ന് തോന്നുന്നു. നദീറയത് കണ്ടുകാണും.

'ഉമ്മച്ചീ, അവൾക്ക് അസുഖം മാറിയതല്ലേയുള്ളൂ... ഉമ്മച്ചിയവളോട്... വയസ്സായവർ സൂക്ഷിക്കണമെന്നാണു...' അയാൾ അവൾക്കൊരു മറയിടാൻ ശ്രമിച്ചു.

'അതിനവൾ എന്റെ മോളല്ലേ?' നബീസുമ്മ അനിതയുടെ നെറ്റിയിൽ ഉമ്മവച്ചു.' ന്റെ മൊല കുടിച്ചു വളർന്ന സജിമോന്റെ പെണ്ണല്ലേ?'

നബീസുമ്മേടെ കണ്ണുകൾ നിറഞ്ഞു. അയാൾ ഉമ്മച്ചിയെ സെറ്റിയിലിരുത്തി.

നബീസുമ്മ കണ്ണുകളടച്ചിരുന്നു. പഴയ കാലം അയവിറക്കുകയാവാം. വലത് കൈ മടിയിൽ വച്ച് തഴുകി അയാൾ അരികെ ചേർന്നിരുന്നതും ഉമ്മച്ചി തോളിലേക്ക് തലചായ്ച്ചു. 'ശാരദ പോയീന്ന് വിശ്വസിക്കാനാവണില്ല മോനേ. ഇപ്പഴുവൊണ്ട് ഓളെന്റെ കൺമുമ്പിൽ.'

'അമ്മേടെ ആണ്ട് ഇക്കഴിഞ്ഞ മാസമായിരുന്നു.' അയാൾ പറഞ്ഞു. 'ഇക്കുറി ആണ്ട് ബലിയിടാൻ കഴിഞ്ഞില്ല, അടച്ചിടൽ കാരണം.'

കോവിഡിന്റെ മൂർദ്ധന്യത്തിലായിരുന്നു അമ്മയുടെ വേർപാട്. നബീസുമ്മയ്ക്കെന്നല്ല ആർക്കും കാണാനൊത്തില്ല. കഷ്ടിച്ച് അഞ്ചോ പത്തോ പേർ. അജീബ് എങ്ങനെയോ എത്തിപ്പെട്ടു.

നബീസുമ്മ ചുമരിലെ ചില്ലിട്ട ചിത്രത്തിലേക്ക് നോക്കി.

'ഇന്നോ ഇന്നലെയോ തൊടങ്ങിയ ബന്ധവല്ലല്ലോ, എന്റുപ്പാന്റെ കാലം തൊട്ടേ...'

'ഉപ്പുപ്പാ സ്വാതന്ത്ര്യസമരസേനാനിയായിരുന്നു.' നദീറ അനിതയോട് പറഞ്ഞു.

'അറിയാം സജീവേട്ടന്റെ അച്ഛനുമൊത്ത് ജയിലീകെടന്നത്...'

നദീറ അകത്തുപോയി കസ്കസിട്ട സർബത്ത് കൊണ്ടുവന്നു.

'ഉമ്മച്ചി ഇടയ്ക്കിടെ പറയാറുണ്ട് സജീവേട്ടനെമുലയൂട്ടിയകാര്യം.'

'ഓ,' നബീസുമ്മനിറക്കെ ചിരിച്ചു.

'വേണ്ടാ, തണുപ്പ്,' അനിത സർബത്ത് എടുത്തില്ല.

'ന്നാ, തണുപ്പില്ലാതെയെടുക്കാം, ഞാനോർത്തില്ല.' നദീറ വിഷമത്തിലായി.

'വേണ്ടാ,' അനിത നിരസിച്ചു.

'ശാരദയ്ക്ക് മാറത്ത് നീർക്കെട്ട് വന്നു. അപ്പോ ഇവിടത്തെ ഉപ്പയാ പറഞ്ഞെ, കുഞ്ഞിനെഎടുത്തോണ്ട് വന്ന് മൊലകൊടുക്കാൻ. തലേന്നും പിറ്റേന്നും ആയിരുന്നല്ലോ ഞങ്ങടെ പ്രസവം. 'നബീസുമ്മ സജീവിനെചേർത്തു പിടിച്ചു.' അങ്ങനെഎന്റെ മൊല കുടിച്ചു വളർന്ന കുട്ടിയാ...'

'അതിന്റെ കണക്ക് തീർക്കാൻ അജീബ്ക്കാ അപ്പുറത്തും പോയി കുടിച്ചെന്ന് കേട്ടല്ലോ,' നദീറ കളിയാക്കി ചിരിച്ചു.

'അത് ദീനവൊക്കെ മാറിയപ്പം ശാരദ പിടിച്ച പിടിയാലേ കൊണ്ടുപോയി കുടിപ്പിച്ചതാ. അപ്പുറത്തും ഇപ്പുറത്തും രണ്ടാളേം ചേർത്തുപിടിച്ച്... നിന്റെ അജീബ്ക്കാ പിന്നെ അതൊരുതരവാക്കി.'

അയാൾ നബീസുമ്മയെ തോളിലേക്ക് ചായ്ച്ചു കിടത്തി മുടിയിഴകളിൽ തഴുകി. മൂക്കിൻ തുമ്പ് നെറ്റിയിലുരഞ്ഞതും അയാൾ മൂക്ക് വിടർത്തി. അമ്മേടെ അതേ മണമാണു നബീസുമ്മയ്ക്ക്. പണ്ടേ അങ്ങനെയാണ്. അമ്മയ്ക്കും നബീസുമ്മായ്ക്കും ഒരേ മണം വന്നതെങ്ങനെയെന്ന് അയാൾ അതിശയിക്കാറുണ്ടായിരുന്നു. അജീബും പറയുമായിരുന്നു. അതേടാ, ഉമ്മച്ചിക്കും അമ്മച്ചിക്കും ഒരേ മണവാണു. അത് കേൾക്കുമ്പോ അമ്മ പറയും 'നിന്റച്ഛനും പറയാറുണ്ട്, അച്ഛച്ഛനും ഉപ്പുപ്പായ്ക്കും ഒരേ മണമായിരുന്നെന്ന്.'

'ന്നാ, കഴിക്കാനെടുത്താലോ?' നദീറ ഉമ്മച്ചിയെനോക്കി.

'ഞാനേതായാലും അജീബ് വരുമോന്ന് നോക്കീട്ടാവാം,' അയാൾ എണീറ്റു.

'എന്നാ ഉമ്മച്ചിക്കും കുട്ട്യോൾക്കും കൊടുക്കാം. മരുന്ന് കഴിക്കണതല്ലേ, അനിതേം ഇരുന്നോളൂ.. ഞാൻ കൂട്ടിരിക്കാം,' നദീറ അകത്തേക്ക് തിരിഞ്ഞു.

അയാൾ നബീസുമ്മയെ എണീപ്പിച്ച് കൈ കഴുകിച്ച് തീൻ മേശയ്ക്കരികെ എത്തിച്ചു. നദീറ നാലഞ്ച് പിഞ്ഞാണങ്ങളിലായി നെയ്ച്ചോറും മട്ടണും പകർന്നു.

അനിത മനസ്സില്ലാമനസോടെ അയാളെ നോക്കി. അയാൾ കണ്ണുകൊണ്ട് തീൻമേശയുടെ നേർക്കൊരു വരവരച്ചു.

'സജീവേട്ടാ, ഒന്നൂടെ വിളിച്ചുനോക്കിയാലോ, അജീബ്ക്കായെ,' നദീറ പറഞ്ഞു. 'ഇല്ലേലു നമുക്കെല്ലാർക്കും ഒന്നിച്ചിരിക്കാല്ലോ.'

'അവൻ മന്ത്രീടെ നാവ് പിഴേടെ പിന്നാലെ തന്നെ; അയാൾ തിരികെ വന്നു.

നദീറ കുട്ടികളെ കഴിക്കാൻ വിളിക്കാൻ നാലഞ്ച് പടി കോണി കയറി.

പെട്ടെന്ന് അനിത ഓക്കാനിക്കുന്ന ഒച്ചകേട്ടു. അയാൾ വാഷിനരികിലേക്ക് ഓടിച്ചെന്നു. അവൾ വാഷ്ബെയ്സിലേക്ക്കവിട്ടി.

'ആ നെയ്ച്ചോറുവായിലിട്ടപ്പഴാ ഓർമ്മ വന്നത്... വാട്ട്സാപ്പീകണ്ടൊരു...' അവൾ ഒച്ചയടക്കി. 'നബീസുമ്മാ അതിലൊക്കെ തുപ്പീട്ടുണ്ടാവുവോ?'

'അനീ,' അവളുടെ കഴുത്തിനുനേർക്കാണു കൈ നീണ്ടത്. അയാളുടെ ഉടലാകെ വിറച്ചു.

നദീറ ഓടിവന്നതും അയാൾ കൈ പിൻവലിച്ചു.

'എന്തുപറ്റി?' നദീറ പരിഭ്രമിച്ചു.

'അണുക്കൾ,' അയാൾ തീൻമേശയുടെ നേർക്ക് തിരിഞ്ഞുനടന്നു.

■



Sengupta was repeatedly arrested due to his political activities. In January 1932, he was arrested and detained in Poona and then in Darjeeling. Later, he was transferred to prison in Ranchi. There, his health started to decline and he died on 23 July 1933


A MEDLEY OF DESIRES
MERALDA
JEWELS
meraldajewels.com
KOZHIKODE | KOCHI | KANNUR

# KAREYOU PHARMACY

## WHOLESALE & RETAIL

8089103353 / 0495 4605178

Spinton Tower, Mangottuvayal Road, Kottooli, Kozhikode

# ഇംഗ്ലീഷ് മരുന്നുകൾക്ക്

# 15%-70%

# കിഴിവ്




viega

## Over 120 years
of experience and competence in plumbing

## World leader
in press connecting technology

## 4000+ employees
worldwide

## 17000+ products
in installation technology

## 10
production locations in Germany, USA. China & India

## Exports
to around 75 countries worldwide

## 21
subsidiary companies on 5 continents



innovations@viega.in

Viega. Connected in Quality

Piping | Pre Wall | Drainange

# കാട്
## -കാട്ടുജാതിക്കാർ

**Dr. Jamunabini**
Asst. Professor
Dept. of Hindi
Rajiv Ganghi University
Rono HIlls, Arunachal Pradesh

**ഡോ: ജമുനാബനി**
**വിവ: ഡോ: ആർസു**

ഇത് അരുണാചൽ-
ആദിവാസി മൂപ്പൻമാർ
കണ്ടെത്തിയ കുന്നുകൾ
കൂരകൾ പണിയാൻ!
ഇവിടേയ്ക്കണയില്ല ശത്രുക്കൾ
ആക്രമിക്കുവാൻ ഞങ്ങളെ
കുന്നിൻമുകളിൽ കഴിയുമ്പോൾ
കാണാം കീഴെ നടക്കുന്നതൊക്കെയും
കൊടുംകാട് നിൽക്കും
ഞങ്ങൾക്ക് കവചമായ്
രക്ഷയുമാശ്വാസവും കിട്ടുന്നിടം
പേടിയെന്നിയേ കഴിഞ്ഞിടാം.
ഇടയ്ക്കുമാനത്തേക്ക്
നോക്കവേ കുളിരുന്നു മനം
പാറിപ്പാറിക്കളിപ്പൂ
പിന്നിപ്പിന്നിയെറിഞ്ഞ
പരുത്തി പോൽ വെൺ മേഘങ്ങൾ
മോഹമേറുന്നൊന്നു തൊട്ടു നോക്കാൻ
മാമലകൾക്കിടയിലായ്രുണ
നുദിക്കുന്നേര മകലുന്നു
മേഘപാളികൾ താനെ,
സൂര്യ ദിനചര്യ തുടരുന്നു മുറയ്ക്ക്
താഴെ നിന്നു നോക്കുന്നേരം
തോന്നുമൊരു കൺപൊത്തിക്കളിയായ്
അഭയമേകുന്നു മലയും കാടും
വിശ്വസിക്കുന്നു മൂപ്പൻമാർ
മാറികാലം, രീതികളിന്നു
വികസനമറവിൽ
ഇടിക്കുന്നു കുന്നുകൾ
വെട്ടുന്നു കാടുകൾ തോന്നുന്നപോലെ
കാടുവേറെ, കാട്ടു ജാതിക്കാർ വേറെ
ചിന്തപോകുന്നീമട്ടിൽ
വികസനവീരൻമാരേ
വിതക്കുന്നു നിങ്ങൾ
വിനാശം വിവേക ശൂന്യരായ്.



**കഥ:**

# ജാതിമരങ്ങളുടെ മാതാവ്

- സി.വി. ബാലകൃഷ്ണൻ

സിൽവിയ നിശ്ചയിക്കപ്പെട്ട വിവാഹത്തിന് അനുഗ്രഹം തേടിച്ചെല്ലുമ്പോൾ അവളുടെ വല്യമ്മച്ചിയായ വൊറോണിക്കാമ്മ തന്റെ ദീർഘവൈധവ്യവും പ്രായക്ലേശങ്ങളുമൊക്കെ അപ്പാടെ മറന്ന് തൊടിയിൽ ജാതിക്കപെറുക്കുകയായിരുന്നു. ജാതിയുടെ ആൺമരങ്ങളും പെൺമരങ്ങളും തൊടിയിലാകെ നിറഞ്ഞുനിന്നു. ഇരുണ്ട പച്ചനിറമുള്ള ഇലകൾക്കുകീഴെ മണ്ണിന് കുളിർമ്മ. വൊറോണിക്കാമ്മ കായ പെറുക്കാനായി കൂടെക്കൂടെ കുനിഞ്ഞുകൊണ്ട് ഇടം കൈയിലൊരു വട്ടിയുമായി കുളിർത്ത മണ്ണിലൂടെ നടന്നു.

മരങ്ങൾ എന്നും പച്ച. അവയത്രയും വൊറോണിക്കാമ്മതന്നെ നട്ടതാണ്. ഓരോരോ തൈ നട്ട് മുലപ്പാലിനു തുല്യം വാൽസ്യലമേകി വളർത്തിയവ. ഓരോന്നും മുതിർന്നു കായ്ച്ചു വിളയുമ്പോൾ ഇളംമഞ്ഞയായ കായയുടെ നടുവിലെ വരിപ്പുള്ള ഭാഗത്തൂടെ ജാതിക്ക പിളർന്നു. വിളഞ്ഞുപൊട്ടിയ കായ്ക്കുള്ളിൽ കറുത്തു തിളങ്ങുന്ന വിത്തും അതിന്റെ ആവരണമായി പാടലവർണ്ണത്തിൽ ജാതിപത്രിയും. വൊറോണിക്കാമ്മ അവ മലഞ്ചരക്കു വ്യാപാരിയായ വറുതുണ്ണിക്ക് വിൽക്കുന്നു. പിന്നെ വൊറോണിക്കാമ്മ കാശിന് ആവശ്യമുള്ള ദരിദ്രരെ തേടിയിറങ്ങുന്നു. വൊറോണിക്കാമ്മയുടെ കാശ് മരുന്നായും അപ്പമായും മീനായും മാറുന്നു.

വല്ല്യമ്മച്ചീ എന്ന വിളികേട്ട് വൊറോണിക്കാമ്മ അതിശയപൂർവ്വം അതിനു നേർക്ക് തിരിഞ്ഞു. കണ്ണുകളിൽ സിൽവിയയുടെ സൗന്ദര്യവും യൗവനവുമായി. അവൾ വല്ല്യമ്മച്ചിയുടെ അടുത്തെത്താനായി ദുരിശപ്പെട്ടു. മീതെകൂടി പൂത്താങ്കീറുകൾ പറന്നു നീങ്ങി. എങ്ങോ ഒരു മണ്ണാത്തിപ്പുള്ള് കരഞ്ഞു. സിൽവിയയും വൊറോണിക്കാമ്മയും ഒരു ആശ്ലേഷത്തിലായി. അതിന് ഒരു ചെമ്പോത്ത് സാക്ഷിയായി.

ചെമ്പോത്ത് കണ്ടുനിൽക്കെ വൊറോണിക്കാമ്മ മണ്ണിലിരുന്നു. സിൽവിയ വല്യമ്മച്ചിയുടെ മടിയിൽ തലവെച്ച് കിടന്നു. ഇരുവർക്കും മീതെയായി പച്ചിലകളുടെ പന്തൽ. സിൽവിയ ആർദ്രതയോടെ വല്യമ്മച്ചിയുടെ വലതുകരം തടവി.

കുരിശിന്റെ വഴിയിൽ ആറാംസ്ഥലത്തേക്ക് പോകുമ്പോൾ ഈശോയുടെ രക്തം പുരണ്ട മുഖം തൂവാലയെടുത്ത് തുടച്ചത് ഈ കൈകൊണ്ടല്ലേ?

ചെമ്പോത്തിന് പൊടുന്നനെകൂടിന്റെയും കുഞ്ഞുങ്ങളുടെയും ഓർമ്മയായി. ചുകന്ന കണ്ണുകൾ ചിമ്മിത്തുറന്ന് അതിരിലെ പനലക്ഷ്യമാക്കി അതു നീങ്ങി.

വൊറോണിക്കാമ്മ സിൽവിയയുടെ നനുനനുത്ത കവിളിൽ തന്റെ പരുക്കനായ കൈത്തലം ചേർത്തു. “നിന്നെ കാണണമെന്ന് ഏറെ ആശിച്ചതാ. വന്നല്ലോ. എന്റെ ജീവിതം ഇനി എത്ര നീളുമെന്ന് എനിക്കറിഞ്ഞുകൂടാ. ആർക്കും വേലചെയ്യാനാവാത്ത രാത്രി അടുത്തുവരുന്നു. ഞാൻ ഈയിടെയായി സന്ധ്യകളിൽ ചെല്ലുന്നത് നന്മരണ ലുത്തിനിയ. മിശിഹായേ, പ്രാർത്ഥനകേൾക്കണമേ! നല്ല മരണം തരണമേ! പ്രാർത്ഥനകൈക്കൊള്ളണമേ”

കാറ്റില്ലാതെതന്നെ ജാതിയുടെ ഏതോ ചില്ലയിൽ നിന്നും ഒരു ജാതിക്ക അടർന്നുവീണു. അതിന് മൂപ്പെത്തിയിരുന്നു. വീഴ്ചയോടെ തോട് രണ്ടായി. കായ ഒരു വയറ്റിൽനിന്നെന്നോണം പുറത്തുചാടി. അൽപദൂരം ഉരുണ്ടശേഷം ഒരു കരിയിലയ്ക്കടിയിൽ പതുങ്ങിയിരിപ്പായി.

സിൽവിയ വല്യമ്മച്ചിയുടെ ഉടലിന്റെ ചൂടറിഞ്ഞു. “ഞാൻ വന്നത് മരണത്തെക്കുറിച്ചോ ആത്മാക്കളുടെ രാജ്യത്തെക്കുറിച്ചോ കേൾക്കാനല്ല. വല്യമ്മച്ചി മരണസമയത്തിന്റെ അടുത്തൊന്നുമല്ല. എല്ലാമനുഷ്യരും ഒരിക്കൽ മരിക്കണെമെന്ന് വിധിച്ചുകൊണ്ട് അവരുടെ മരണത്തിന്റെ സമയം അവരിൽനിന്ന് മറച്ച ദൈവം വല്യമ്മച്ചിയോട് അത് വെളിപ്പെടുത്താറായില്ല. മണവാട്ടിയാകാൻ ഒരുങ്ങുന്ന എന്നെ വല്യമ്മച്ചി വേണ്ടുംപ്രകാരം ഉപദേശിക്ക്. ഭക്തയല്ലേ വിശുദ്ധയല്ലേ കുറേ ഉപദേശങ്ങള് വേണം എനിക്ക്. നല്ല നല്ല ഉപദേശങ്ങള്.”

വൊറോണിക്കാമ്മയുടെ ഉള്ളം തെരിക്കനെസഹതാപത്താൽ നിറഞ്ഞു. ഇവിടത്തെ നാലു മക്കളിൽ പ്രായം കുറഞ്ഞവനായ കൊച്ചുകുര്യന് പിറന്നതാണ് സിൽവിയ. അവൾക്ക് താഴെയായി ലണ്ടനിൽ പഠിക്കുന്ന കെവിനെന്ന മകനുമുണ്ട്. കൊച്ചുകുല്യനും സോഫിയും ചേർന്ന് ബംഗ്ലാവ് പണിതത് ദൂരനഗരത്തിലാണ്. ബിസിനസ്സിലൂടെ സ്വരൂപിച്ച കാശിന് കണക്കില്ല. സോഫിയും അതേ വഴിക്കാണ്. വസ്ത്രവ്യാ



പാരം ചെയ്യുന്നു. എന്നും ലാഭത്തിന്റെ കണക്കെഴുതുന്നു.

“മോളെ, സിൽവിയക്കൊച്ചേ, നിനക്കറിയാമോ? നിന്റെ വല്യപ്പന് തൊടുന്നതെല്ലാം പൊന്നാക്കണമെന്നായിരുന്നു ആശ. പക്ഷേ, അങ്ങേര് പാവം വൊറോണിക്കയെ തൊട്ട് വെറും അടുക്കളക്കാരിയാക്കി. അവസാനത്തെ പന്ത്രണ്ടുവർഷക്കാലം ഞങ്ങൾ തമ്മാമ്മില് മിണ്ടുകേലാര്ന്നു. ഒരേ വീട്ടിൽ പാർപ്പെങ്കിലും വെവ്വേറെ മുറികളിൽ കെടപ്പ്. ഒരു ജപവും ഫലം ചെയ്തില്ല. ദാ, ആ കാണുന്ന ചെറിയ വീടുണ്ടല്ലോ. അതിലെ ഒരു മുറിയിലാണ് നിന്റെ അപ്പൻ കൊച്ചുകുര്യനും അവന് മുമ്പേ മൂന്നുപേരും പിറന്നത്. മുതിർച്ചയായതോടെ അവർക്ക് മാതൃക കാശ് കുന്ന് കൂടുന്ന അപ്പനായി. അപ്പന് വേണ്ടാത്ത ഞാൻ അവർക്ക് ആരുമല്ലാതായി. അവരാരും താഴ്മയിലല്ല. എവിടെയൊക്കെയോ നിക്ഷേപങ്ങൾ. എത്രയോ വസ്തുവകകൾ. വലിയ വലിയ ആൾക്കാരുമായി ബന്ധങ്ങൾ. ആഢംബരകാറുകൾ. മുന്തിയ ഇനം വീഞ്ഞ്. ആ ലോകത്തുനിന്നും ഇറങ്ങിവരും വല്ലപ്പോഴും. നേരെ കാണുമ്പോൾ മുഖത്ത് ശാന്തതവരുത്താൻ ഞാൻ ഒത്തിരിപണിപ്പെടണം. കാശ് എന്തേലും വെച്ചേച്ച് പോയാൽ അത് കൈകൊണ്ട് തൊടാൻ എനിക്ക് അറയ്ക്കും. എന്നാലും ഞാനതെടുത്ത് മെഡിക്കൽ കോളേജ് ആശുപത്രിയിലോ വയോജനമന്ദിരത്തിലോ ചെന്ന് ആവശ്യക്കാർക്ക് കൊടുക്കും. അന്നദാനവണ്ടീല് ഭക്ഷണവുമായി നട്ടുച്ചനേരത്ത് ഏതെങ്കിലും തെരുവിൽ നിൽക്കും. നമ്മളെന്തെങ്കിലും ചെയ്ത് മറ്റുള്ള മനുഷ്യർക്ക് സന്തോഷമുണ്ടാകുന്നുവെങ്കിൽ അതിൽപരം മറ്റെന്തുണ്ട് ?”

ഇപ്പോൾ സിൽവിയ വല്യമ്മച്ചിയെ ചുംബിച്ചു. അവരുടെ ചുണ്ടുകൾ പരസ്പരം ചേർന്നു. തികഞ്ഞ വാർദ്ധക്യത്തിന്റെയും തളിർത്ത യൗവനത്തിന്റെയും ചേർച്ച. മീതെയുള്ള പ്രായംചെന്ന ഇലകളും തളിരിലകളും അതുകണ്ടു.

പനയിലെ കൂടുവിട്ട് വീണ്ടും ചെമ്പോത്ത് മണ്ണിറങ്ങുമ്പോൾ വെറോണിക്കാമ്മയും സിൽവിയയും ജാതിമരങ്ങൾക്കിടയിലൂടെ പതുക്കെ നടക്കുകയായിരുന്നു. വെറോണിക്കാമ്മയുടെ വാക്കുകൾ സിൽവിയ ദൈവവചനം പോലെ കേൾക്കുന്നു.

“മോളേ, രാത്രീല് നന്നായി ഉറങ്ങാനാവുന്നില്ലെങ്കിൽ ജാതിക്കയുടെ പൊടി പാലിൽ ചേർത്ത് കഴിച്ചാൽ മതി. നല്ല ഉറക്കം കിട്ടും. കൊച്ചിന് വയറുനോവോ ദഹനക്കേടോ ഉണ്ടായാൽ ജാതിക്ക ഉരച്ച് തേനിലോ പച്ചവെള്ളത്തിലോ കലർത്തി മൂന്ന് നേരം കഴിക്കണം. അതോടെ പ്രയാസങ്ങള് മാറും. തലവേദനയായാൽ ഒരു വിത്ത് നല്ലവണ്ണം അരച്ച് നെറ്റിയിൽ പുരട്ടുക. അത്രയേ വേണ്ടൂ. പല്ലുവേദനയോ മോണപഴുപ്പോ ശല്യപ്പെടുത്തുമ്പോൾ ജാതിക്കയും ഇന്തുപ്പുംകൂടി പൊടിച്ച് പല്ലുതേക്കുക. ഒന്നൂടെ ഓർത്തുവെച്ചാൽ നന്ന്. നിന്റെ മക്കൾക്ക് മൂക്കുവാലിച്ച വരമ്പോഴൊക്കെ ജാതിക്കപ്പൊടി കടുകെണ്ണയിൽ ചാലിച്ച് നെറുകയിൽ ഒപ്പുക.”

സിൽവിയ ചിരിച്ചു: “ഞാൻ കെട്ടുന്നില്ലെങ്കിലോ?” വെയിൽ ചാഞ്ഞു. വീടിനു മുകളിലൂടെ കാക്കകൾ പറന്നുപോയി. സിൽവിയയ്ക്ക് യാത്രപറച്ചിലിന്റെ നേരമായി. കാർ സ്റ്റാർട്ട് ചെയ്യുന്നതിന് മുമ്പായി സിൽവിയ ഇടത് സീറ്റിലുണ്ടായിരുന്ന ഹാൻഡ്ബാഗ് തുറന്ന് കുറേ കാശെടുത്ത് വല്യമ്മച്ചിയുടെ നേർക്ക് നീട്ടി. വെറോണിക്കാമ്മ കൈ വിലക്കിക്കൊണ്ട് രണ്ട് ചുവട് പിറകോട്ട് മാറി. “മോളേ, ശവക്കച്ചക്ക് കീശയില്ല.”

■

# മരീചിക

പൂനൂർ കെ. കരുണാകരൻ



ചിരിക്കാൻ മറക്കുന്ന
കാലമേ, സ്നേഹത്തിന്റെ
ചിറകിൽ സ്വപ്നങ്ങൾക്കു
പട്ടട തീർക്കുന്നു നീ.
ഗ്രാമ ശാന്തിയിലേയ്ക്ക്
നീണ്ടുപോം പഥങ്ങളിൽ
രാക്കറുപ്പുകൾ കൊണ്ടു
തുരങ്കം തീർക്കുന്നു നീ.
കണ്ണുനീർക്കണത്തിലെ-
യുപ്പു നീരുകൾ വീണ
മണ്ണിനെചുടുകാറ്റാ-
ലൂഷരമാക്കുന്നു നീ.
ഉണരും പ്രതീക്ഷകൾ-
ക്കുള്ളിലെ വെളിച്ചത്തെ
ലണയ്ക്കാൻ ദുര തീർത്ത
മഞ്ഞിനെതേടുന്നു നീ.
ഭീതിദം തവരൂപം
ഭാവ നിഷ്ഠൂരം, പക്ഷെ
ഭാവിയെയുപാസിച്ചു
നീങ്ങുകയല്ലോ ഞങ്ങൾ.
പുലരിത്തുടിപ്പിന്റെ
യാശ്ലേഷ സൗഖ്യംനുക-
ർന്നുണരും കൈത്തോടിന്റെ
സംഗീത മന്ദ്രസ്വരം.
വഴിയോരത്തെക്കൊച്ചു
പച്ചിലക്കാട്ടിന്നുള്ളിൽ
വാശിയിൽ നൃത്തം വെയ്ക്കും
തെന്നലിൽതുംഗാവേശം
വിജനം, വിമൂകമീ
പ്പാതയിൽ പരാജയ-
വിഷമം സഹിയ്ക്കുവാൻ
ഞങ്ങൾക്ക് കൂട്ടാകുന്നു.
പിന്നെയും മരീചിക
ശാപമായ് വളരുമ്പോൾ
മുന്നിലെ ജയം മാത്രം
ലക്ഷ്യമാക്കുന്നു ഞങ്ങൾ


(0495) 2721004 / 2722105 / 4013858
+91 8848987188
www.srikrishnatex.in
srikrishnatex.calicut@gmail.com
Srikrishna Tex
Wholesale Dealers inTextiles
61/10679, RAJAJI CROSS ROAD, KOZHIKODE,KERALA- 673 004
GSTIN: 32AEEFS0698Q1ZE
Our Bank:KotakMahindra A/c.No:5745172814,IFSC: KKBK000\9299


SOUTH INDIA'S LARGEST
OPTICAL GROUP
Our Branches:
CALICUT: SM Street, Ph: 0495 2722088
CALICUT: Mavoor Road, Ph: 0495 2721163
CALICUT: Near Coronation Theatre, Ph: 0495 4080000
CALICUT: Mavoor Road, Ph: 0495 2721764
CALICUT: Kottooli, Ph: +91 8606 918 394
MUKKAM: Bypass Road, 0495 2297744
NARIKKUNI: Kumaraswami Road, Ph: 0495 2247727
PALAKKAD: College Road, Ph: 0491 2544671
TRIVANDRUM: MG Road, Ph: 0471 2320110
KOCHI: Palarivattom, Ph: 0484 2342011
TELICHERI: Logans Road, Ph: 0490 2325901
TIRUR: City Junction, Ph: 0494 2421163
info@cityopticals.com
www.cityopticals.com
0495 - 2722088/27222399
CUSTOMER CARE: +91 9562 605 605
TRADITION SINCE 189
ISO 9001-2008
CITY OPTICALS
EYE CLINIC & CONTACT LENS CENTRE
SM Street, KOZHIKODE - 673 001


THE TERRACE By LADDER
SAPTHA
RESORT & SPA
Sulthan Bathery, Wayanad, Kerala, India 673592. Tel: 0493 6233 333
THE TERRACE
BUSINESS HOTEL
BY LADDER - CALICUT
Link Road, Calicut
Tel: 0495 2300 422
THE TERRACE
HOTEL APARTMENT
BY LADDER - MANJERI
Kozhikode Road, Manjeri 676121
Tel: 0483 2765 022
LADDER
MOVE UP
KERALA LAND REFORMS AND DEVELOPMENT CO-OPERATIVE SOCIETY LTD No. 4482
Head Office:
3rd Floor, Commercial Complex, Mankavu Greens
Azhchavattam, Kozhikode, Tel: 0495 2333 422
Branches:
Thiruvananthapuram, Ernakulam, Ottappalam, Palakkad
Sulthan Batheri, Manjeri


Lose yourself in
South Asia's remotest
Luxury Jungle Resort
A heavenly
abode
on earth...
Wild Planet®
NILGIRIS
LUXURY JUNGLE RESORT
Mob: 9400738000
www.wildplanetresort.com
Wild Planet®
BANA HEIGHTS
LUXURY MOUNTAIN RESORT
VELLAMUNDA - WAYANAD
Ph: 9526276111, 9526276222

ലേഖനം:

# നന്മയുടെ ഉറവ വറ്റാതിരിക്കണമെങ്കിൽ...

നവാസ് പൂനൂർ

ശാസ്ത്രവും സാങ്കേതിക രംഗവും ഏറെ മുന്നോട്ട് പോയിട്ടുള്ള കാലമാണിത്. ജീവിതത്തിന്റെ ഓരോ മേഖലയിലും വിവര സാങ്കേതിക വിദ്യയുടെ വിസ്മയകരമായ വിസ്ഫോടനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. അതിർത്തികൾ ഇല്ലാതാവുകയോ അപ്രസക്തമാവുകയോ ചെയ്തുകൊണ്ടിരിക്കുന്നു എന്നത് ഇക്കാലത്തിന്റെ വലിയൊരു സവിശേഷതയാണ്. വൻകരകളും മഹാസമുദ്രങ്ങളും സൃഷ്ടിച്ച ഭൗതികമായ അകലങ്ങളെ ശാസ്ത്ര സാങ്കേതിക വിദ്യകൾ മായ്ച്ച് കളയുന്നു. ആശയ വിനിമയോപാധികളും ദൃശ്യശ്രാവ്യ സാങ്കേതികതയും ചേർന്ന്, മുമ്പ് ദൂരങ്ങൾ ഉണ്ടാക്കിയിരുന്ന വിഘ്നങ്ങളെ ഇല്ലാതാക്കിക്കഴിഞ്ഞു. എന്നാൽ മനസ്സുകൾ മ്മിൽ അകലം വർദ്ധിച്ച് വരികയും വ്യക്തികൾ തമ്മിലുള്ള അപരിചിതത്വത്തിന്റെ ആഴം കൂടുകയും ചെയ്യുന്നു എന്ന ദുഃഖസത്യത്തിന് നേരെ കണ്ണടക്കാൻ നമുക്ക് കഴിയുമോ.

മനുഷ്യ നന്മയുടെ ഉറവ വറ്റിവരണ്ട് പോകുന്നതായി ഉൽക്കണ്ഠപ്പെടുമ്പോഴും സ്നേഹവും കാരുണ്യവുമടങ്ങുന്ന മൂല്യങ്ങൾ നിലനിർത്താനുള്ള മാർഗ്ഗത്തെക്കുറിച്ച് താത്വികമായും പ്രായോഗികമായും ചിന്തിക്കാനോ പ്രവർത്തിക്കാനോ നാം മിനക്കെടുന്നില്ല. സ്നേഹവും സാഹോദര്യവും ശുഷ്ക്കിച്ച് തീരുകയും കാരുണ്യം നിഷ്ക്കാസിതമാവുകയും ധാർമ്മിക ചിന്തകൾ മരവിച്ച് പോവുകയും ചെയ്യുന്ന ഒരവസ്ഥയുടെ അടിമകളായി മാറുന്നുണ്ട് ഇക്കാലത്തെ മനുഷ്യർ - ഞാൻ, എന്റേത് തുടങ്ങിയ സ്വാർത്ഥ നിബദ്ധമായ ചിന്തകൾ ഓരോ വ്യക്തിയേയും ഗ്രസിച്ചുകൊണ്ടിരിക്കുന്നു. സ്വന്തത്തെക്കുറിച്ചും സ്വന്തത്തിന് വേണ്ടിയുമുള്ള ബോധം, ദാർശനികരും മതാചാര്യന്മാരും ആദർശ പുരുഷന്മാരും പഠിപ്പിച്ച ധർമ്മത്തിന്റെ പാഠങ്ങളെ നിരാകരിക്കുന്ന ഒരവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. സ്നേഹം അന്യമാവുകയും കാരുണ്യം കടംകഥയായി മാറുകയും ചെയ്യുമ്പോൾ ശത്രുതയും വൈരവുമുണ്ടാകുന്നു, പോരടിക്കുന്ന മനസ്ഥിതി രൂപപ്പെടുന്നു. വൈരനിര്യാതനവും ക്രൂരതയും മനുഷ്യന്റെ മനസ്സിൽ കൂടിയേറുന്നു. അവ മാനുഷ്കതയെ കടിച്ച് കുടയുകയും മനുഷ്യ ജീവിതത്തെ ദുർഗന്ധ പൂരിതമാക്കുകയും ചെയ്യുന്നു.

വ്യക്തികൾ മാത്രമല്ല വ്യക്തികളുടെ കൂട്ടായ്മകളായ കുടുംബങ്ങൾ, സമൂഹങ്ങൾ, സമുദായങ്ങൾ, മതങ്ങൾ, രാഷ്ട്രങ്ങൾ എല്ലാം പരസ്പരം വൈരത്തോടെയും മത്സര ബുദ്ധിയോടെയും പെരുമാറുന്ന ഒരവസ്ഥയിലേക്ക് ലോകക്രമം മാറ്റിയെഴുതപ്പെട്ട ഒരവസ്ഥയാണ് നിലനിൽക്കുന്നത്. പ്രത്യയ ശാസ്ത്രങ്ങളുടെയും നീതി പാഠങ്ങളിലൂടെയും വെളിച്ചം കൊണ്ടൊന്നും തുറക്കാൻ കഴിയാത്ത വിധം അടഞ്ഞ് പോയിരിക്കുന്നു ഇന്നത്തെ മനുഷ്യന്റെ അകക്കണ്ണ്. പള്ളിയിൽ നിന്ന് ഒഴുകി വരുന്ന ബാങ്കൊലിയും ചർച്ചുകളിൽ നിന്ന് മുഴങ്ങുന്ന മണിനാദവും ക്ഷേത്രങ്ങളിൽ കേൾക്കുന്ന കീർത്തനങ്ങളും മനുഷ്യന്റെ അകത്ത് ഘനീഭവിച്ച് കിടക്കുന്ന കാപട്യത്തേയും കാഠിന്യത്തേയും അൽപ്പം പോലും അലിയിക്കുന്നില്ല.

എല്ലാ മൂല്യങ്ങളേയും നിരാകരിച്ച്, നിഷ്ഠൂരതയുടെ കൊടുങ്കാടുകളിൽ കൊമ്പ് കുലുക്കി ഓടി നടക്കാൻ മാത്രം മനുഷ്യന്റെ ഹൃദയ വികാരങ്ങൾ വക്രവും വികലവുമായി

**ഓരോ ഭാരതീയനും മനസ്സാക്ഷിയോട് ചോദിക്കേണ്ട ചില ചോദ്യങ്ങളുണ്ട്.**

**സ്നേഹം ഇല്ലാതാക്കി ദേശത്തിന്റെയും സംസ്കാരത്തിന്റെയും മുഖം വ്യക്തമാക്കാൻ ഇനിയും കൂട്ടുനിൽക്കേണ്ടതുണ്ടോ.**

**സൗഹാർദ്ദത്തിന്റെ പാതയിൽ തടസം സൃഷ്ടിക്കുന്നവരെ ഇനിയും പ്രോത്സാഹിപ്പിക്കണമോ.**

**ഐക്യത്തിന്റെ പൊൻ പ്രകാശം തല്ലിക്കെടുത്തുന്ന കൈകൾക്ക് ഇനിയും ശക്തി പകരേണ്ട കാര്യമുണ്ടോ.**

**ഇതിനൊക്കെ നിഷേധാർത്ഥത്തിലാണ് നമ്മുടെ മനസ്സാക്ഷിയുടെ മറുപടിയെങ്കിൽ നമുക്കും ഈ നാടിനും ഭാവി തലമുറക്കും പ്രതീക്ഷക്ക് വകയുണ്ട്. മറിച്ചാണെങ്കിൽ കൂട്ടുനാശത്തിന്റെ പടുകുഴികൾ തേടിയാണ് നമ്മുടെ പ്രയാണം എന്ന് തിരിച്ചറിയുക.**

പരിണമിച്ചതിന്ന് പിന്നിലെ പ്രേരക ശക്തി എന്താവാം. അധികം ചുഴിഞ്ഞാലോചിക്കേണ്ട കാര്യമൊന്നുമില്ല. മനുഷ്യനെപിടിപ്പെട്ടിരിക്കുന്ന സ്വാർത്ഥത - ഹൃദയത്തിന്റെ സ്നേഹരാഹിത്യം, ഇവിടെ കവിയുടെ വാക്കുകൾ പ്രസക്തമാവുന്നു. 'സ്നേഹമാണഖില സാരമൂഴിയിൽ' ഈ വാക്കുകളിലൂടെ തുറക്കപ്പെടുന്നത് പ്രപഞ്ച സത്യത്തിന്റെ തന്നെ വാതിലുകളാണ്. സ്നേഹത്തിൽ നിന്ന് ലോകം ഉദയം കൊള്ളുകയും സ്നേഹ സാന്ത്വനങ്ങളിൽ വളർച്ച നേടുകയും പ്രപഞ്ചത്തിന്റെ നിലനിൽപ്പ് തന്നെ സ്നേഹത്തിലായിത്തീരുകയും ചെയ്യുന്നു എന്ന് പ്രസ്താവത്തിന്റെ അന്തരാർത്ഥങ്ങൾ നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതുണ്ട്.

ചർച്ചുകളും പള്ളികളും ക്ഷേത്രങ്ങളും ഒരേ ദൈവത്തിന്റെ വൈവിധ്യമാർന്ന പ്രതിഫലനങ്ങളായി ഉൾക്കൊള്ളാൻ നമുക്ക് കഴിയേണ്ടതുണ്ട്. ആ കഴിവാണ്, ആ തിരിച്ചറിവാണ്, ആ കണ്ടെത്തലാണ് റിലീജിയസ് ഹാർമണി - മതപരമായ താളൈക്യത്തിന്റെ - മധുര നാദമായി ഉയർന്ന് മുഴങ്ങേണ്ടത്. മതങ്ങൾക്കിടയിൽ നിഷേധത്തിന്റേയോ വിരോധത്തിന്റേയോ ശത്രുതയുടേയോ പുക പടരാൻ പഴുതുണ്ടായിക്കൂടാ. മത സമന്വയത്തിന്റേയും സമുദായ സൗഹാർദ്ദത്തിന്റേയും ആശയ സഹിഷ്ണുതയുടേയും അന്തരീക്ഷത്തിലേ ഒരു രാഷ്ട്രത്തിന്റെ നാഡിമിടിപ്പുകൾ സന്തുലിതവും സംശുദ്ധവും സമാധാനപരവും ആയിത്തീരുകയുള്ളൂ.

തന്നെപ്പോലെ തന്റെ അയൽക്കാരനേയും സ്നേഹിക്കുക എന്ന് യേശുദേവൻ ഉദ്ബോധിപ്പിച്ചപ്പോഴും അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറ് നിറച്ചുണ്ണുന്നവൻ എന്നിൽ പെട്ടവനല്ലെന്ന് പ്രവാചക തിരുമേനി പഠിപ്പിച്ചപ്പോഴും മനുഷ്യ നന്മയെക്കുറിച്ച് ഉപനിഷദ് പാഠങ്ങൾ ഉദ്ഘോഷിച്ചപ്പോഴും ഒരേ ലക്ഷ്യത്തിലേക്കാണ് അതെല്ലാം മനുഷ്യ ചിന്തയെ വിളിച്ചുണർത്തുന്നതെന്ന്, വിരൽ ചൂണ്ടുന്നത് എന്ന് മനസ്സിലാക്കാൻ നമുക്ക് കഴിയണം. അതാകട്ടെ സ്നേഹത്തിന്റെ, സൗഹാർദ്ദത്തിന്റെ, സമന്വയത്തിന്റെ, സാഹോദര്യത്തിന്റെ പാഠമാകുന്നു.

മഹാത്മജിയുടെ സത്യ ധർമ്മാദികളിൽ അധിഷ്ഠിതമായ അഹിംസാ സമരമാർഗ്ഗത്തിലൂടെയാണ് നാം സ്വാതന്ത്ര്യത്തിന്റെ പൊൻ പ്രഭാതത്തിലേക്ക് പ്രയാണം ചെയ്തത്. ആയുധമേന്താത്ത സമരമുറകളിലൂടെ വിദേശാധിപത്യത്തിൽ നിന്ന് നാം മോചിതരായത് ലോകചരിത്രത്തിലെ തന്നെ മഹാത്ഭുതങ്ങളിലൊന്നാണ്. സ്നേഹത്തിന്റെയും സഹിഷ്ണുതയുടേയും ഭാഷയാണ് ഗാന്ധിജി ഭാരതീയരെ പഠിപ്പിച്ചത്. പക്ഷേ, സ്വാതന്ത്ര്യത്തിന്റെ പ്രഭാതം പുലർന്നതിന്ന് ശേഷം ഏഴര പതിറ്റാണ്ട് പിന്നിട്ട ഭാരതത്തിന്റെ മക്കളുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് ആത്മ പരിശോധനനടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഛിദ്രവാസനകളുടെയും വിഘടനവാദത്തിന്റേയും ചേരിപ്പോരിന്റേയും അത്യാചാരങ്ങളുടെ ഫാസിസ്റ്റ് പ്രവണതകളുടേയും ചീഞ്ഞ് മണക്കുന്ന വികൃത വദനങ്ങൾ ഇന്ത്യൻ പൗരന്റെ ഉറക്കം കെടുത്തുന്ന ഭീകരാന്തരീക്ഷത്തിലാണ് നാം ജീവിതം മുന്നോട്ട് നീക്കുന്നത്. ഭാരതത്തെ സംബന്ധിച്ചിടത്തോളം ചരിത്രത്തിലെ ദുഃഖകരമായ ഒരധ്യായമാണിത്. മഹാത്മജിയുടെയും പണ്ഡിറ്റ്ജിയുടെയും മൗലാനാ ആസാദിന്റേയും സ്വപ്നങ്ങൾക്ക് മേൽ പരക്കുന്ന കരിമേഘമാണത്.

ഓരോ ഭാരതീയനും മനസ്സാക്ഷിയോട് ചോദിക്കേണ്ട ചില ചോദ്യങ്ങളുണ്ട്.

സ്നേഹം ഇല്ലാതാക്കി ദേശത്തിന്റെയും സംസ്കാരത്തിന്റെയും മുഖം വികൃതമാക്കാൻ ഇനിയും കൂട്ടുനിൽക്കേണ്ടതുണ്ടോ.

സൗഹാർദ്ദത്തിന്റെ പാതയിൽ തടസം സൃഷ്ടിക്കുന്നവരെ ഇനിയും പ്രോത്സാഹിപ്പിക്കണമോ.

ഐക്യത്തിന്റെ പൊൻ പ്രകാശം തല്ലിക്കെടുത്തുന്ന കൈകൾക്ക് ഇനിയും ശക്തി പകരേണ്ട കാര്യമുണ്ടോ.

ഇതിനൊക്കെ നിഷേധാർത്ഥത്തിലാണ് നമ്മുടെ മനസ്സാക്ഷിയുടെ മറുപടിയെങ്കിൽ നമുക്കും ഈ നാടിനും ഭാവി തലമുറക്കും പ്രതീക്ഷക്ക് വകയുണ്ട്. മറിച്ചാണെങ്കിൽ കൂട്ടനാശത്തിന്റെ പടുകുഴികൾ തേടിയാണ് നമ്മുടെ പ്രയാണം എന്ന് തിരിച്ചറിയുക.

നമ്മുടെ ഉള്ളിന്റെ ഉള്ളിൽ ഉറക്കത്തിലും ഉണർവ്വിലും ചിന്തയിലും ചലനത്തിലും ഉത്തേജകമായിത്തീരേണ്ട കാര്യം ഇതാണ്.

ഒരു രാഷ്ട്രത്തിന്റെ നിലനിൽപ്പ് സ്നേഹ സമ്പന്നരായ, ഐക്യബോധമുള്ള സമൂഹങ്ങളുടെ കൂട്ടായ്മയിലാണ്. സ്നേഹ സൗരഭ്യത്തിന്റെ, സൗഹാർദക്കുളിർമ്മയുടെ, ഐക്യസംഗീതത്തിന്റെ, മാനുഷിക നൈർമ്മല്യത്തിന്റെ പൂവാടിയിൽ ജീവിതം തളിർക്കാനും പൂക്കാനും പ്രജനനം ചെയ്യാനും സാധ്യമാകുന്ന ഒരു കാലാവസ്ഥയുടെ പിറവിക്ക് വേണ്ടി നാം ജാഗരൂകരാവേണ്ടതുണ്ട്. അതിനായി സ്നേഹത്തിന്റെ പാതയിലൂടെ നമുക്ക് മുന്നോട്ട് പോകാം. ■

# അടിവാരം അഥവാ ഒരു കാരൂർക്കഥ

വി.ആർ. സുധീഷ്

താമരശ്ശേരിയിൽ നിന്ന് രാവിലെ എട്ടേമുക്കാലിന് ബസ് എടുക്കും. പത്തുമണിക്ക് കോഴിക്കോട്ടെത്തും. അവിടെനിന്നു നേരെ അടിവാരത്തേക്ക്. ലോഫ്ളോർ എ.സി. ബസ്സാണ്. കുളിരു ചൂടി എ.സി. കാറിലെന്നപോലെ പോകാം. പ്രജിഷ കുറേയായി വിളിക്കുന്നു. വനിതാ കണ്ടക്ടറായി അവൾ ജോലിയിൽ കയറിയിട്ട് ആറ് മാസത്തിലേറെയായ്. എന്റെ പഴയ ശിഷ്യയാണ്. പ്രീഡിഗ്രിക്കും ഡിഗ്രിക്കും പഠിപ്പിച്ചു. ഡിഗ്രി മലയാളമായിരുന്നു. കവിതയും കഥയുമെഴുതിയിരുന്നു. കവിതയ്ക്ക് ഇന്റർസോണിന് രണ്ടാം സമ്മാനമുണ്ടായിരുന്നു. ബി.എഡും കഴിഞ്ഞിരിക്കുന്ന കാലത്ത് കല്ല്യാണമുറച്ചു. കവിതയും കഥയുമില്ലാത്ത ഒരാൾ വന്ന് ജീവിതത്തോടു കെട്ടി. പ്രജിഷയുടെ ഭാഷയിൽ വരിഞ്ഞുകെട്ടി. എഴുത്തച്ഛനെയും കുമാരനാശാനെയും പഠിച്ചു സ്കൂളിൽ പഠിപ്പിക്കാനാവാതെ ബസ്സിൽ ബാലൻസ് പിടിച്ച് ടിക്കറ്റ് കൊടുത്ത് കണ്ടക്ടർ ജോലി ചെയ്യുന്ന എന്നെ കാണണ്ടേ മാഷിന്?

"കാണണം... എന്നാണ് വരേണ്ടത്?"

"ഞായറും ബുധനും വെള്ളിയുമാണ് എനിക്ക് ഡ്യൂട്ടി. മാഷിന് എന്നാ സൗകര്യപ്പെടുക?"

"ഞാൻ പറയാം..."

പറയാമെന്നുപറഞ്ഞിട്ട് കാലമങ്ങനെപോയി. ഓരോ ആഴ്ചയും വിചാരിക്കും. നടന്നില്ല. ഒടുവിൽ ലീവെടുത്ത് ഒരു ബുധനാഴ്ച ഉറപ്പിച്ചു. ഇന്നു ബുധനാഴ്ച.

"മാഷ് കെ.എസ്.ആർ.ടി.സി. സ്റ്റാന്റിൽ നിന്നാൽ മതി. ബസ്സ് ഒമ്പതേ മുക്കാലിന് എത്തും. പത്ത് മണിക്ക് പുറപ്പെടും. ശിഷ്യയുടെ യാത്രാനുഭവം മാഷ് നേരിൽ കണ്ടോളൂ."

ജോലി കിട്ടീട്ട് വിളിച്ച് പറഞ്ഞപ്പോൾ പ്രജിഷയോട് ഞാൻ പറഞ്ഞിരുന്നു, നിന്റെ ബസ്സിൽ അടിവാരം വരെ യാത്ര ചെയ്യണമെന്ന്. പ്രത്യേകിച്ചും ലോഫ്ളോർ ബസ്സാണല്ലോ.

ആഴമുള്ള വലിയ പോക്കറ്റുള്ള നീല യൂണിഫോമണിഞ്ഞ പ്രജിഷയെ ദൂരെ നിന്നുതന്നെ കണ്ടു. കയ്യിൽ ഇലക്ട്രോണിക് മെഷീൻ. "ചായ കുടിക്കാം മാഷേ."

"വേണ്ട. ഞാൻ കുടിച്ചതാ. പ്രജിഷ കഴിച്ചോ..."

"എന്നാ മാഷ് കയറിയിരുന്നു. അങ്ങേ അറ്റത്താ ബസ്. അടിവാരം ബോർഡ് കാണാം."

പ്രജിഷ ചൂണ്ടിയ ദിശയിൽ ബസ് കണ്ടു. പച്ചയും മഞ്ഞയും വരഞ്ഞ നീളൻ ഗജവാഹനം. യാത്രക്കാരായി കുറച്ചു പേർ മാത്രം. ഞാനടക്കം ആറു പേർ. ഒത്ത മധ്യത്തിൽ ഇടതുഭാഗത്ത് വിൻഡോ ഗ്ലാസിനരികിലിരുന്നു. രണ്ടു പേർക്ക് ഇരിക്കാവുന്ന സീറ്റാണ്. ബസ് യാത്രയിൽ ഏറ്റവും നല്ല ഇരിപ്പിടം അവിടമാണെന്ന് പണ്ട് സുകുമാരൻ മാഷ് ക്ലാസിൽ പറയുമായിരുന്നു. മുന്നിൽ നിന്നും പിന്നിൽ നിന്നും കയറുന്നവരെ കാണാം. കഴുത്തിനും ശരീരത്തിനും നല്ല ആയാസവും കിട്ടും. പിന്നെ ഇടതുപക്ഷത്താണെന്ന ആത്മവിശ്വാസവും.

മുൻകോണി കയറി പ്രജിഷ വന്നു. ഡ്രൈവറെ പരിചയപ്പെടുത്തി നൗഷാദ്. "എന്റെ മാഷാ." ഒരുപാട് മാസ്റ്റർമാരെ കണ്ട ലാഘവച്ചിരിയോടെ അയാൾ ഡ്രൈവർ സീറ്റിലേക്കു കയറി. പ്രജിഷ എനിക്കു ടിക്കറ്റ് തന്നു. "പൈസ ഞാൻ കൊടുത്തോളാം. മാഷ് ടിക്കറ്റ് കൈയിൽ വെച്ചാൽ മതി." പ്രജിഷ ബെല്ല് കൊടുത്തു. പുറമെ നിന്നു നോക്കുമ്പോൾ ശൂന്യമായി തോന്നുന്ന ബസ് ചില്ലുജാലകങ്ങൾക്കു മേലെ പ്രകാശത്തോടെ സ്ഥലപ്പേരുകൾ ഒന്നൊന്നായി കാട്ടി ഷെൽട്ടറിൽ നിന്നും പതുക്കെ പിൻവാങ്ങി. ആറു പേർക്ക് ടിക്കറ്റ് കൊടുത്തു പ്രജിഷ വേബില്ലിൽ ജേണി റിപ്പോർട്ട് എഴുതാൻ എനിക്കു മുന്നിലെ സീറ്റിലിരുന്നു. അടിവാരം തേടി ബസ് നീങ്ങി.

പ്രീഡിഗ്രിക്കാലത്തെ പ്രജിഷ എന്റെ മനസ്സിൽ വന്നു.

ബസ് സ്റ്റേഡിയം കടന്നു മാനാഞ്ചിറയുടെ വളവെടുത്തു. അലസമായി അവിടവിടെ കവിതകൾ കുറിച്ചിട്ട ഒരു ഡയറിയുമായാണ് തെല്ലുമടിയോടെ പ്രജിഷ ആദ്യം എന്റെ മുന്നിലെത്തുന്നത്. കവിതകളിൽ കൗമാരത്തിന്റെ കുതൂഹലങ്ങൾ വേണ്ടുവോളമുണ്ടായിരുന്നു. ഡിഗ്രി കാലത്ത് എഴുതിയ കവിതകളിൽ യൗവനം നിലവിളിച്ചു. കെട്ടുപോകുന്ന നഭശ്ചരങ്ങളെക്കുറി

ച്ചു ചോദിച്ചപ്പോൾ പ്രജിഷയുടെ കണ്ണു നിറഞ്ഞു. എനിക്കൊന്നും അറിയില്ലായിരുന്നു. അവളുടെ കുടുംബത്തെക്കുറിച്ചോ അവളെക്കുറിച്ചോ ഒന്നും. കല്യാണത്തിന് എനിക്ക് പോകാൻ കഴിഞ്ഞില്ല. ഏതെങ്കിലും മീറ്റിങ്ങിനായിരിക്കും പിന്നീട് കാണുക. മൊബൈൽക്കാലം വന്നതോടെ ഇടയ്ക്കു വിളിക്കും. വിശേഷങ്ങൾ പറയും. ഇപ്പോൾ പ്രജിഷയ്ക്ക് രണ്ടു കുഞ്ഞുങ്ങൾ. ഇരട്ട പെൺകുഞ്ഞുങ്ങൾ.

ബസ് എരഞ്ഞിപ്പാലം കടന്നു. സിവിൽ സ്റ്റേഷനിൽ നിന്ന് ഒരുപാടു പേർ കയറിയതോടെ സീറ്റൊക്കെ നിറഞ്ഞു. എന്റെ അരികിലും ഒരാൾ ഇരുന്നു. മലാപ്പറമ്പ് സിഗ്നലിൽ ബസ് വരിനിന്നു. "എഴുത്തൊക്കെയുണ്ടോ ഇപ്പോ?" വെറുതേ ചോദിച്ചപ്പോൾ പ്രജിഷ ഒന്നു മന്ദഹസിച്ചു. ചില്ലറ ബാക്കി കിട്ടാനായി കാത്തു നിൽക്കുന്ന ഒരാളോട് രണ്ടു രൂപയുണ്ടോ എന്നു ചോദിച്ചു. അയാൾ കൈമലർത്തിയപ്പോൾ തല ചൊറിഞ്ഞ് അഞ്ചുരൂപയുടെ നോട്ടു കൊടുക്കുന്നതു കണ്ടു. പ്രജിഷയുടെ വിരലുകൾക്കിടയിൽ നോട്ടുകൾ വിദഗ്ധമായി ഒതുങ്ങിനിന്നിരുന്നു.

"ബാലൻസ് കൊടുക്കാനാ പാട്. ചില്ലറ കിട്ടില്ല." പ്രജിഷ പറഞ്ഞത് എന്നോടാണ്. യാത്രക്കാർ, അതു പൊതുവായി കേട്ടു. ശരിയാണ്. ബാക്കി കിട്ടാൻ രണ്ടു രൂപയായാലും ചിലർ ശാഠ്യക്കാരാകും. കർക്കശമായി വാങ്ങാൻ സ്റ്റോപ്പിലെത്തിയാലും കാത്തുനിൽക്കും. കിട്ടാഞ്ഞാൽ പ്രാകും. ലോഫ്ളോർ ബസ്സായാലും അനുഭവം ടൗൺ ബസ്സിന്റേതു തന്നെ. പ്രജിഷ എനിക്കു കുറേ കടലാസുകൾ തന്നു. അവൾ എഴുതിയ കുറിപ്പുകൾ.

"മാഷ് ഒന്നു വായിച്ചു നോക്കൂ. ഇതിലെ അനുഭവങ്ങളാണ്."

ബസ് കാരന്തൂരേക്കു തിരിഞ്ഞു. വെള്ളിമാടുകുന്നു കഴിഞ്ഞത് അറിഞ്ഞില്ല. നന്നായി. അവിടെയെത്തിയാൽ പിന്നോട്ടു പായുന്ന ഓർമകൾക്കു വല്ലാത്ത ചവർപ്പാണ്. കാരന്തൂരിലെ ചന്ദ്രൻ ഗുരുക്കൾ ഇന്നില്ല. കുട്ടിയായപ്പോൾ മോൾ വീണു കൈ പൊട്ടയപ്പോൾ ഗുരുക്കളാണ് ഉഴിഞ്ഞു കെട്ടിയത്. ഗുരുക്കളുടെ വൈദ്യശാല കാണാനുണ്ട്. ബസ് കണ്ടക്ടറുടെ പെൺവേഷാനുഭവങ്ങളാണ് പ്രജിഷ എഴുതിയിരിക്കുന്നത്. എന്നും കാണുന്ന മുഖങ്ങളും അപരിചിത മുഖങ്ങളും ലോഫ്ളോറിലെത്തും. അവരിൽ ഉദ്യോഗസ്ഥരുണ്ട്, സെയിൽസ്ഗേളുണ്ട്, കൂലിപ്പണിക്കാരുണ്ട്, നഴ്സുമാരുണ്ട്. ഇടയ്ക്ക് ടിക്കറ്റ് പരിശോധകൻ കടന്നു വരുന്നു. വേ ബിൽ വാങ്ങി നോക്കുന്നു. ബിഡിയായാൽ സുഖമായി എന്ന വാചകത്തിൽ ഞാൻ ആലോചിച്ചു നിന്നു. പ്രജിഷയോടു ചോദിച്ചു: "ബ്രെയ്ക്ക് ഡൗൺ." ബിഡിയായാൽ പിന്നെ അന്നു ഡ്യൂട്ടിയില്ല. വർക്ക് ഷോപ്പിൽ വിളിച്ച് ആളെ വരുത്തി ബസ് ഏൽപിച്ച് ഡ്രൈവർക്കും കണ്ടക്ടർക്കും വീട്ടിൽ പോകാം. അതുകൊണ്ട് ബസ് ജീവനക്കാർ ജോലിക്കു വരുമ്പോൾ ഒരു ബിഡി പ്രാർത്ഥനനടത്തും എന്നു പ്രജിഷയുടെ ഫലിതം. ഞാൻ ചിരിച്ചു.

"ഇന്നു ബിഡിയാവല്ലേ. ഞാൻ പെടും."

"മാഷേ ഞാൻ വേറെ ലോഫ്ളോറിൽ അയക്കും."

പ്രജിഷയുടെ എഴുത്ത് ചിലയിടങ്ങളിൽ എന്നെ ചിന്തിപ്പിച്ചു. പെണ്ണായതുകൊണ്ട് കുട്ടിക്കാലം തൊട്ടേ എല്ലാവരും കാലൊതുക്കിവെക്കാനാണ് ശാസിക്കാറുള്ളത്. ഇപ്പോൾ വനിതാ കണ്ടക്ടറോട് പരിശീലകർ പറയുന്നത് കാലകറ്റിവെക്കാനാണ്. എന്നാലെ നിൽപിൽ ബാലൻസ് കിട്ടുകയുള്ളൂ. പലപ്പോഴും ബാലൻസ് തെറ്റി വീണിട്ടുണ്ട്. ടിക്കറ്റുകൾ പറന്നുപോയിട്ടുണ്ട്. ബസ്സിന്റെ പിൻവാതിൽ ഇളകി അടക്കാനാവാതെ ടിക്കറ്റും ഡോറും മാറിമാറിനോക്കി തളർന്നുപോയിട്ടുണ്ട്. പിടിച്ചുനിൽക്കാതെ വയ്യ. ബാലൻസ് തെറ്റിയാൽ എന്റെ രണ്ട് കുഞ്ഞുങ്ങൾ...

കുന്ദമംഗലത്തുനിന്നു പുറത്തിറങ്ങി ഒരു പാക്കറ്റ് ബിസ്ക്കറ്റ് വാങ്ങി വന്ന് പ്രജിഷ എന്റെ മടിയിൽ വെച്ചു. ഒരെണ്ണം പൊട്ടിച്ചെടുത്ത് ഞാൻ തിരികെ കൊടുത്തു. അവിടെ നിന്ന് കയറിയ രണ്ട് സ്ത്രീകൾ പ്രജിഷയോട് കുശലം പറഞ്ഞ് സീറ്റ് തേടി. "മാഷ്ക്ക് ഇനി എത്ര കാലമുണ്ട്?"

പ്രജിഷയുടെ ചോദ്യം കേട്ട് ഞാൻ ആലോചനയിൽ നിന്ന് ഉണർന്നു.

"മുകളിൽ നിന്ന് വിചാരിക്കുന്നതുപോലെ."

"അയ്യോ, സർ, അതല്ല റിട്ടയർമെന്റിന്."

"അതുതന്നെയാ പറഞ്ഞെ, പെൻഷൻ പ്രായം കൂട്ടിയാൽ കുറേക്കൂടി കിട്ടും."

പ്രജിഷ ജാള്യച്ചിരിയോടെ ബെല്ല് കൊടുത്തു. ഞാൻ എഴുത്തിലൂടെ പിന്നെയും കടന്നുപോയി. ഏതെങ്കിലും ഹയർ സെക്കൻഡറി സ്കൂളിൽ അധ്യാപികയായി കഴിയേണ്ടവളാണ് കാലകറ്റി ബാലൻസ് പിടിച്ചു യാത്രക്കാരെ സേവിക്കുന്നത്. ലോഫ്ളോർ ബസ്സിൽ ധാരാളം തൂണുകളുള്ളതുകൊണ്ട് ഒരു വിധത്തിൽ പിടിച്ചുനിൽക്കാൻ പ്രജിഷയ്ക്ക് കഴിയുന്നുണ്ട്. ഉയരമില്ലാത്തതിനാൽ മേൽക്കമ്പിയെ ആശ്രയിക്കാനാവില്ല. പ്രജിഷയുടെ എഴുത്ത് ജീവിതദൈന്യങ്ങളെ മറച്ചുവെച്ച് മന്ദഹസിക്കുന്നതുപോലെ തോന്നി. ഒരിടത്തും അവളുടെ ഭർത്താവിനെക്കുറിച്ചുള്ള പരാമർശം കണ്ടില്ല. കുഞ്ഞുങ്ങൾക്ക് വയസ്സ് പത്ത്. ജോലിക്കു വരുന്ന ദിവസം കുട്ടികളെ അമ്മയുടെ അടുത്തു നിർത്തും. രാത്രി പത്തരയാകും വീട്ടിലെത്താൻ. നാല് ട്രിപ്പാണ് നാലുതവണ അങ്ങോട്ടുമിങ്ങോട്ടും സർവീസ് നടത്തി ഒടുവിൽ താമരശ്ശേരിയിൽ അവസാനിപ്പിക്കുമ്പോൾ സമയം



എട്ടര. അവിടെനിന്ന് ട്രാൻസ്പോർട്ട് ബസ്സിൽ ഒന്നര മണിക്കൂർ യാത്ര ചെയ്തുവേണം മേപ്പയ്യൂരിൽ വീട്ടിലെത്താൻ. അധ്യാപികയാകാൻ, കവിയാകാൻ, കഥാകാരിയാകാൻ മോഹിച്ച വിദ്യാർത്ഥിനി ഇതാ വിളിച്ചു പറയുന്നു - അടിവാരം, അടിവാരം, അടിവാരം. ബസ് അടിവാരത്തെത്തുന്നു. പന്ത്രണ്ടുമണി ആകുന്നതേയുള്ളൂ.

"ഊണു കഴിക്കാം മാഷേ... പത്തു മിനിട്ടുകൊണ്ട് മടങ്ങണം."

"എനിക്ക് ഊണു വേണ്ട. പ്രജിഷ കഴിച്ചോ. ഞാൻ വെറും ചായ കുടിക്കാം."

അടിവാരം, വയനാടൻ ചുരങ്ങളുടെ അടിവാരം. ബസ് റൂട്ട് കൽപറ്റവരെയോ ബത്തേരി വരെയോ നീണ്ടിരുന്നെങ്കിൽ ചുരം കയറുന്ന കുളിരു കിട്ടിയേനെ. അടിവാരം റോഡിൽ ബസ് തിരികെ നിർത്തി ഡ്രൈവറും ഊണു കഴിക്കാൻ വന്നു.

പ്രജിഷ ഊണു പറഞ്ഞു. ഞാൻ ചായയും.

"ഈ ജോലിയോട് താൻ പൊരുത്തപ്പെട്ടോ?"

"പൊരുത്തപ്പെടാതെ വയ്യ മാഷേ... പ്രായം കഴിയുന്നു. ലിസ്റ്റിലുണ്ടെങ്കിലും ഇതേവരെ വിളിച്ചില്ല. ഇനി അതു കാൻസലായിപ്പോകും. കാലാവധി കഴിയാൻ പോകുന്നു."

കുറച്ചു നേരത്തെ മൗനത്തിനു ശേഷം പ്രജിഷ തുടർന്നു:

"മാഷ് പണ്ട് ഒരു കാരൂർക്കഥ പഠിപ്പിച്ചിരുന്നു. സ്വന്തം കർമ്മത്തിന്റെ മഹത്വമറിഞ്ഞു ജീവിക്കുന്ന ഒരു കുട നന്നാക്കുന്നവന്റെ കഥ. ഞാനതോർക്കാറുണ്ട്. കാലകറ്റിയാലും ഇല്ലെങ്കിലും അതോർക്കുമ്പോൾ ബാലൻസ് തെറ്റില്ല."

അടിവാരത്തുനിന്ന് ബസ് മടങ്ങുന്നു. ഇനി കോഴിക്കോട്ടേക്ക്. പുതുപ്പാടി കടന്നു, താമരശ്ശേരി കടന്നു ലോഫ്ളോർ ബസ് കുളിർത്തു പായുന്നു. ഇലക്ട്രോണിക് ടിക്കറ്റ് മെഷീനിൽ വിരലമർത്തി പ്രജിഷ അനായാസം ടിക്കറ്റ് മുറിച്ചെടുക്കുന്നു. പിൻവാതിൽ വലിച്ചടയ്ക്കുന്നു. ബെല്ല് നീട്ടി അടിക്കുന്നു. കുന്ദമംഗലം, സിവിൽ, കോഴിക്കോട് എന്നു ഉറക്കെ ഓരോ സ്റ്റോപ്പിലും വിളിച്ചു പറയുന്നു. ആൾക്കാരെ വിളിച്ചുകയറ്റണം എന്ന് ഇൻസ്പെക്ടർമാരുടെ പ്രത്യേക നിർദേശമുണ്ട്. സിവിൽ... കോഴിക്കോട്... കോഴിക്കോട്... എന്റെ സ്റ്റോപ്പിൽ ഞാനിറങ്ങുകയായി. പ്രജിഷ ഇനിയും അടിവാരത്തുപോയി തിരിച്ചുവന്നു വീണ്ടും അടിവാരത്തുപോയി തിരിച്ചുവന്നു വീണ്ടും അടിവാരത്തു പോയി....

"കാണാം മാഷേ... ഞാൻ ഇടയ്ക്കു വിളിക്കാം."

പ്രജിഷ ബെല്ലടിച്ചു. ഞാനിറങ്ങി. അവളെ നോക്കാതെ. നോക്കാൻ കഴിഞ്ഞില്ല. ഉള്ളിൽ ഒരു നോവരിക്കുന്നുണ്ടോ എന്നു തോന്നി. ഇല്ല. ഞാൻ എന്നോടുതന്നെ തീർത്തു പറഞ്ഞു.

നാലു ട്രിപ്പുകളിലായി അടിവാരത്തെത്തി മടങ്ങുന്ന പ്രജിഷ രാത്രി തന്നെ കാത്തിരിക്കുന്ന കുഞ്ഞുങ്ങളുടെ ഉറക്കം തൂവുന്ന കണ്ണുകളിലേക്ക് ചെന്ന് നിറഞ്ഞുചിരിക്കുന്നു. അടുത്ത നാൾ വിശ്രമിക്കുന്നു. ഒന്നും അവളെ ബാധിക്കുന്നില്ല. ഒരു തടസ്സവുമില്ല വഴിയിൽ.

ലോകം ശാന്തമാണ്. അടിവാരവും.

■

ലേഖനം:



# അന്ധവിശ്വാസങ്ങളുടെ ലോകം

എ.ജി. ഗീത

ഒരു ആശ്രമത്തിൽ ഗുരുവും ശിഷ്യന്മാരും കൂടി ഹോമം ചെയ്തുകൊണ്ടിരിക്കുമ്പോൾ അവിടെ കയറിവന്ന ഒരു പൂച്ച പാത്രങ്ങളൊക്കെ തട്ടിമറിച്ച് ഓടിനടന്നു. അതുകണ്ട ഗുരു പറഞ്ഞു. "ആ പൂച്ചയെ ഹോമം കഴയുന്നതുവരെ കെട്ടിയിടൂ." അങ്ങനെപൂച്ചയെ കെട്ടിയിട്ടു. പിറ്റേന്ന് പൂച്ച വന്നു. കെട്ടിയിട്ടു. അതൊരു പതിവായി. കുറെ കഴിഞ്ഞപ്പോൾ ഗുരു സമാധിയായി. ശിഷ്യരിൽ പ്രധാനി ഗുരുവായി ഹോമം തുടർന്നു. ഒരു ദിവസം പൂച്ച വന്നില്ല. "പൂച്ച എവിടെ?" ഗുരു ചോദിച്ചു. "പൂച്ച ചത്തുപോയി" "എവിടെയെങ്കിലും പോയി ഒരു പൂച്ചയെ കൊണ്ടുവന്ന് കെട്ടിയിടൂ. പൂച്ചയെ കെട്ടിയിട്ടിട്ടുവേണം ഹോമം തുടരാനെന്ന് അറിയില്ലേ?"

ഇതാണ് അന്ധവിശ്വാസം കയറിവരുന്ന വഴി - കുമാരനാശാൻ പാടിയതുപോലെ "ഇന്നലെ ചെയ്ത അബദ്ധം മൂഢർക്ക് ഇന്നത്തെ ആചാരമാവുന്നു. നാളത്തെ ശാസ്ത്രവും അതായിമാറുന്നു."

യാത്രപോകുമ്പോൾ പൂച്ച കുറുകെ ചാടിയാൽ വളരെ മോശമാണ് എന്നാണ് വിശ്വാസം. യാത്രതന്നെ വേണ്ടെന്ന് വെക്കുന്നതാണ് ഉത്തമം. യാത്രപോകുമ്പോൾ പിന്നിൽനിന്ന് വിളിക്കരുത്. മൂന്നുപേർ കൂടി ഒന്നിച്ച് യാത്ര പോകരുത്. ചൂല് കണികണ്ട് പോകരുത്. എന്നാൽ ശവം നല്ല കണിയാണ്.

ദിവസങ്ങളുടെ കാര്യത്തിലും അന്ധവിശ്വാസം പിടിമുറുക്കിയിട്ടുണ്ട്. ചൊവ്വയും വെള്ളിയും വീട്ടിൽ നിന്ന് യാത്രതിരിക്കരുത്. വ്യാഴം ചതിക്കുന്ന നാളാണ്. ബുധൻ വിദ്യയ്ക്ക് ഉത്തമമാണ്. ബുധനാഴ്ച കോടിയുടുത്താൽ ഉടൻ കോടികിട്ടും. ശനിയാഴ്ച പിറന്നാൾ വന്നാൽ ദോഷമാണ്. ചൊവ്വാഴ്ച മുടിമുറിക്കരുത് എന്നും അന്ധവിശ്വാസം പറയുന്നു.

അക്കങ്ങളുടെ കാര്യത്തിലും അന്ധവിശ്വാസം പിടിമുറുക്കിയിട്ടുണ്ട്. 1 ന് എന്താരംഭിച്ചാലും നീണ്ടുനിൽക്കും. അതേസമയം ഡോക്ടറെ കാണാനോ ആശുപത്രിയിൽ പോകാനോ പേടിയാണ്. ഭാഗം കെട്ട അക്കം 13 ആണ്. ഹാൾട്ടിക്കറ്റിലോ ഇന്റർവ്യൂ നമ്പറിലോ പതിമൂന്ന് കണ്ടാൽ ആകെ വെപ്രാളമായി. ആ നമ്പറുള്ള ഹോട്ടൽമുറിപോലും ആർക്കും വേണ്ട.

അന്ധവിശ്വാസങ്ങളുടെ പട്ടിക വളരെ വലുതാണ്.

ഉമ്മറപ്പടിയിൽ ഇരിക്കരുത്, ജന്മദിനത്തിൽ വയസ്സ് പറയരുത്, രാത്രി കൂമൻ മൂളിയാൽ മരണം നിശ്ചയം, കാക്ക തലയിൽ കാഷ്ടിച്ചാൽ പുലകുളിക്കണം, ഒറ്റമൈനയെ കണ്ടാൽ ദോഷം, തൂവാല കൊടുത്താൽ ബന്ധം മുറിയും,



FEDERAL BANK
YOUR PERFECT BANKING PARTNER
ഈ ആത്മബന്ധം, ആപ്പിനും അപ്പുറം
1800 420 1199
1800 425 1199
+91 484 2630994/5 (NRI)
www.federalbank.co.in




FEDERAL BANK
YOUR PERFECT BANKING PARTNER
ഗ്രാമിന് ₹4400* വരെ
സ്വർണ്ണ വായ്പ
ഫെഡറൽ ബാങ്കിന്റെ സ്വർണ്ണവായ്പകൾ
നിങ്ങൾക്ക് നൽകുന്നു ഉയർന്ന വായ്പാ തുക കുറഞ്ഞ പലിശ നിരക്കിൽ
പ്രധാന സവിശേഷതകൾ
• കുറഞ്ഞ പലിശ നിരക്ക്
• ദ്രുതഗതിയിലുള്ള വായ്പാ അനുമതി
• ലളിതമായ നടപടിക്രമങ്ങൾ
• ഗ്രാമിന് കൂടുതൽ വായ്പാതുക
• സൗകര്യപ്രദമായ തിരിച്ചടവു കാലാവധികൾ
ഇപ്പോൾ ആഭരണങ്ങൾ തിരിച്ചെടുക്കാം,
ലോൺ ക്ലോസ് ചെയ്യാതെ തന്നെ.
1800 420 1199
1800 425 1199
+91 484 2630994/5 (NRI)
www.federalbank.co.in




myTUTEES
CENTRE FOR ACADEMIC TRAINING & DEVELOPMENT.
ADMISSION 2023 -2024
NOW OPEN FOR REGISTRATION
ENTRANCE COACHING
COMMERCE
GRADE 3 TO 12 (CBSE,ICSE & STATE)
SPOKEN ENGLISH CLASSES
CLASSES FOR MALAYALAM & HINDI (READING & WRITING)
MUSIC & ART CLASSES
COUNSELING FOR STUDENTS
TRAIN & DEVELOP
ENROL NOW
+91 9947 321 011
+91 9633 322 862
www.mytutees.com
" We are committed to the academic and personal development of our students "
THIRD FLOOR,HEAVEN ARCADE,NEAR DESAPOSHINI LIBRARY,CALICUT -673 016



www.rigindiaconnect.com
RIG INDIA
WAY TO GET ON THE NET
എല്ലാവർക്കും ഇന്റർനെറ്റ് കണക്ഷൻ
മോഡം സൗജന്യം
300 Mbps വരെയുള്ള വിവിധ പ്ലാനുകൾ
KCL
5G ഇനി
FTTH ലൂടെ നിങ്ങളുടെ സ്വീകരണ മുറിയിൽ
30 Mbps ULTD ₹388*
5G FTTH 100 ₹2888/- (Including 3 Months)
5G മോഡം സൗജന്യം
5G FTTH 75 ₹4444/- (Including 6 Months)
60 Mbps ₹1888/- (Including 3 Months)
മോഡം സൗജന്യം
30 Mbps ₹2444/- (Including 6 Months)
60 Mbps ₹1090/- (Including 1 Months)
15Mbps, 25Mbps, 35Mbps, 65Mbps
KCL STB Combo Plans Avalable..
ഈ ഓഫർ പരിമിതകാലത്തേക്ക് മാത്രം
* Modem Right to Use, Upto 50Mtr
* The Monthly Plan with Same Speed Must Be Continued for 6 Months. After new Connection Offer
* GST Applicable
Dijital Vision
KUTHIRAVATTOM
PH 9895808575




A company with a mission to serve
RAWABI Travels & Resorts
RAWABI RESORT @ WAYANAD
Swimming Pool
Camp fire
Trecking
Homely Food
For Booking
8129 910 123
8848 581 801
RAWABI TOURS & TRAVEL
Air Tickets
Visa Stamping
Hajj & Umrah Services
Holiday Packages
Certificate Attestations
Passport Services
Contact Us
9544 183 377
8281 552 777
9544 183 388
8281 554 777

വടക്കോട്ട് തലവെച്ച് കിടക്കരുത്, വീട്ടിൽ പൊട്ടിയ കണ്ണാടി വെക്കരുത്,...... അവസാനിക്കുന്നില്ല.

ചൊവ്വാദോഷത്തിന്റെ പേരിൽ എത്രയോ പെൺകുട്ടികൾ കണ്ണീർ കുടിക്കുന്നു. ശുദ്ധജാതകം, ദോഷജാതകം, പാപജാതകം എന്നിങ്ങനെപറഞ്ഞ് പൊരുത്തങ്ങൾ ഇല്ലാതാക്കുന്നു. ഇതൊന്നും നോക്കാതെ വിവാഹം കഴിച്ചവർ എത്രയോപേർ സുഖമായി സന്തോഷമായി കഴിയുന്നു. അതാരും കാണുന്നില്ല. അന്ധർ അന്ധർക്ക് വഴികാട്ടിക്കൊടുക്കുന്നു.

എന്തും കണ്ണടച്ച് വിശ്വസിച്ചാൽ അന്ധവിശ്വാസമാകും. എന്തിന്, എന്തുകൊണ്ട് എന്നൊക്കെ മനസ്സിലാക്കി വിശ്വസിച്ചാൽ അന്ധവിശ്വാസമാകുന്നില്ല. ഉപ്പ് കയ്യിൽ കൊടുക്കരുത് എന്ന് പറയാറുണ്ട്. നിത്യോപയോഗ അവശ്യവസ്തുവാണ് ഉപ്പ്. താരതമ്യേനവില കുറവുമാണ്. എത്ര ചെറിയ വസ്തുവായാലും കൊടുക്കുന്നത് ബഹുമാനത്തോടെ ആയിരിക്കണം, എന്നായിരിക്കും ഉദ്ദേശിച്ചത്. "കടുക് കളയരുത്" എന്നും പറയാറുണ്ട്. കടുക് കളഞ്ഞുപോയാൽ പെറുക്കിയെടുക്കാൻ പ്രയാസമാണ്. ഏത് കാര്യവും ശ്രദ്ധയോടെ ചെയ്യണം. നിലവിളക്ക് കരിന്തിരി കത്തരുത്. കരിന്തിരി കത്തിയാൽ വൃത്തിയാക്കാൻ പ്രയാസമാണ്.



ചില പ്രത്യേക ചെടികൾ വീട്ടിൽ വെച്ചാൽ ഭാഗ്യം വരും. പ്രത്യേക പ്രതിമയെ തൊട്ടുതലോടിയാൽ പണം വരും എന്നൊക്കെ ഇന്നും വിശ്വസിക്കുന്നവരുണ്ട്. ഏതെങ്കിലും ദേവനോ ദേവിയോ ആണ് വീടിന്റെ ഐശ്വര്യം എന്ന് മുൻവാതിൽക്കൽ എഴുതിവെക്കുന്നവരുണ്ട്. വീടിന്റെ ഐശ്വര്യം അതിൽ താമസിക്കുന്നവരുടെ ചിന്തകളും പ്രവൃത്തികളും ത്യാഗമനോഭാവവുമാണ്.

അന്ധവിശ്വാസങ്ങൾ പുതിയ രൂപത്തിലും ഭാവത്തിലും കടന്നുവരുന്നു. പുതിയ തലമുറയ്ക്ക് അതൊക്കെവിറ്റ് കാശാക്കാൻ അറിയാം. അക്ഷയതൃതീയ ദിവസം സ്വർണ്ണം വാങ്ങിയാൽ പതിന്മടങ്ങായി വാങ്ങാൻ കഴിയും എന്ന വിശ്വാസത്തെ ഉയർത്തിക്കാട്ടിയതുകൊണ്ട് കച്ചവടം പൊടിപൊടിക്കുന്നു. വലംപിരിശംഖ് വീട്ടിൽ വെച്ചാൽ ഐശ്വര്യമുണ്ടാകും എന്ന് പരസ്യങ്ങളിലൂടെ ആവർത്തിക്കുന്നതുകൊണ്ട് ജനങ്ങൾ അത് വിശ്വസിച്ചുപോകുന്നു. പണ്ടൊക്കെ ഒരു പോസ്റ്റ്കാർഡ് കിട്ടും. ദേവിയുടേയോ ദേവന്റേയോ മാത്രം എഴുതിയിട്ടുണ്ടാകും. അത് പത്തുപേർക്ക് അയച്ചുകൊടുത്താൽ ഉദ്ദിഷ്ടകാര്യം സാധിക്കും. ഇന്ന് വാട്സ്-ആപ്പിലൂടെ പത്തുപേർക്ക് ഷെയർ ചെയ്താൽ മതി. ഐശ്വര്യം ഇഷ്ടപ്പെടാത്തവർ ആരുണ്ട്. പണ്ട് സഞ്ജയൻ കണ്ട ആൾക്കാർ തന്നെയാണ് ഇന്നുള്ളത്. മാറ്റമില്ല.

പുസ്തകത്താളുകളിൽ മയിൽപീലി സൂക്ഷിച്ചുവെച്ച് അത് പെറ്റുപെരുകുന്നത് കാണാൻ കാത്തിരുന്ന ഒരു ബാല്യകാലം നമുക്കുണ്ടായിരുന്നു. നിരുപദ്രവമായ വിശ്വാസങ്ങൾ. ഇന്ന് അന്ധവിശ്വാസങ്ങൾ വളരെ അപകടം പിടിച്ചവയാണ്. കുട്ടിയുണ്ടാകണമെങ്കിൽ വേറൊരു കുട്ടിയെ ബലികൊടുക്കണം. നിധി കിട്ടണമെങ്കിൽ നരബലി നൽകണം. കള്ളിനുപകരം ഇളനീരും കോഴിയ്ക്കുപകരം കുമ്പളങ്ങയും മതി എന്ന് പഠിപ്പിച്ച നാരായണ ഗുരുവിനെനാം മറന്നുപോകുകയാണോ?

അന്ധവിശ്വാസങ്ങളുടെ ലോകം വളരെ വലുതാണ്. അവിടെ തലവെച്ചുകൊടുത്താൽ വാമനന് ആതിഥ്യമരുളിയ മഹാബലിയുടെ അനുഭവമായിരിക്കും ഉണ്ടാകുക. മൂന്നുലോകവും കൊണ്ടേ അത് പോകൂ. ■

ലേഖനം:

എൻ. ദേവദാസൻ

# രാജലക്ഷ്മി

## ആത്മവിഷാദത്തിന്റെ ബലിക്കല്ലിൽ വീണ കണ്ണീർ



മൂന്ന് ദശകങ്ങളോളം മാത്രമുള്ള ഹ്രസ്വകാലജീവിതം കൊണ്ട് തന്റെ സർഗാത്മകശേഷിയാൽ മലയാളത്തെ വിസ്മയിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്ത് കടന്നുപോയ പ്രതിഭാശാലിയായ എഴുത്തുകാരിയാണ് രാജലക്ഷ്മി.

1930-ൽ പാലക്കാട്ടെ ചെർപ്പുളശ്ശേരിയിൽ ജനിച്ച രാജലക്ഷ്മി 1965-ൽ ആത്മഹത്യചെയ്ത് സൗഹൃദലോകത്തെ കണ്ണീരണിയിച്ചു.

മഹാരാജാസ് കോളേജിൽ നിന്ന് ഫിസിക്സിൽ ബിരുദം നേടിയ അവർ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ മലയാളസാഹിത്യത്തിൽ എം.എയ്ക്ക് ചേർന്നെങ്കിലും പഠനം പൂർത്തിയാക്കിയില്ല. പിന്നീട് തന്റെ ഇഷ്ട വിഷയമായ ഫിസിക്സിൽ മാസ്റ്റർ ബിരുദം നേടി. പന്തളം, ഒറ്റപ്പാലം, NSS കോളേജുകളിൽ ഫിസിക്സ് അധ്യാപികയായി.

1956-ൽ മാതൃഭൂമി ആഴ്ചപതിപ്പിൽ പ്രസിദ്ധപ്പെടുത്തിയ 'മകളി'ലൂടെയാണ് രാജലക്ഷ്മി തന്റെ സാഹിത്യപ്രവേശം നടത്തിയത്. 'ഒരു വഴിയും കുറെ നിഴലുകളും' എന്ന ആദ്യ നോവലിന് സാഹിത്യ അക്കാദമി പുരസ്ക്കാരം ലഭിക്കുകയുണ്ടായി. 1960-ൽ 'ഉച്ചവെയിലും ഇളം നിലാവും' എന്ന നോവൽ മാതൃഭൂമിയിൽ പ്രസിദ്ധപ്പെടുത്തിയെങ്കിലും അവരുടെ ആവശ്യപ്രകാരം തുടർ പ്രസിദ്ധീകരണം നിർത്തിവെച്ച്, അത് കത്തിച്ചുകളഞ്ഞ സംഭവം സഹൃദയലോകത്തെ ഞെട്ടിച്ചു. ലോകസാഹിത്യത്തിൽത്തന്നെ ഇത്തരമൊരു സംഭവം ഉണ്ടായിട്ടുണ്ടോ എന്നത് സംശയമാണ്. കഥയെഴുതാതെ ഞാൻ രണ്ടുകൊല്ലം ഇരുന്നുനോക്കി. അതെന്നെക്കൊണ്ടാവില്ല, ഇനി ഞാൻ പോട്ടെ. എന്ന് അവർ പിന്നീട് അതേപ്പറ്റി പറയുകയുണ്ടായി.

'തന്റെ ഏറ്റവും സഫലമായ രചനയായി രൂപപ്പെടേണ്ടിയിരുന്ന ഒരു കൃതിയുടെ നേർക്ക് അവർ കാണിച്ച ഹിംസ' എന്നാണ് പ്രസിദ്ധനിരൂപകൻ ശ്രീ. വി. രാജകൃഷ്ണൻ ഇത് സംബന്ധിച്ച് പ്രസ്താവിച്ചത്. വാസ്തവത്തിൽ അതൊരു പ്രതീകാത്മക ആത്മഹത്യ തന്നെയായിരുന്നു. '**മരണത്തിന്റെ ഹൃദ്യമായ മുന്നറിയിപ്പുകളാണ് രാജലക്ഷ്മിയുടെ രചനകളെന്നുള്ള** ശ്രീ. കെ.പി. അപ്പന്റെ കണ്ടെത്തൽ വളരെ ശരിയാണെന്ന് അവരുടെ രചനകളിലൂടെ സഞ്ചരിക്കുന്ന വായനക്കാരന് നിസ്സംശയം ബോധ്യപ്പെടും.' സർഗ്ഗശക്തി തുടിക്കുന്ന അതിലോലമായ ഒരു ഹൃദയവും സാമൂഹ്യജീവിതവുമായുള്ള പൊരുത്തക്കേടുകൾ പെരുകിപ്പെരുകിയുമാണ് ദാരുണമായ ഈ സംഭവത്തിൽ എത്തിച്ചേർന്നതെന്ന് എം.ടി. വാസുദേവൻ നായർ 'ഏകാന്തപഥിക' എന്ന ലേഖനത്തിൽ എഴുതുകയുണ്ടായി.

ലോകസാഹിത്യത്തിൽ ഔന്നത്യം പുലർത്തിയ പല സാഹിത്യസൃഷ്ടികളിലും മൃത്യുവിന്റെ ഇരുണ്ട നിഴലുകളും നിലനില്പിന്റെ അർത്ഥരാഹിത്യ ദർശനങ്ങളും സർഗ്ഗചേതനയുമായി ഇഴചേർന്നു വർത്തിക്കുന്നതിന്റെ ഉദാഹരണങ്ങളേറെയുണ്ട്. ശതാബ്ദങ്ങളോളം മതകാർക്കശ്യത്തിന്റെ കരാളഹസ്തങ്ങളിൽപ്പെട്ട് ഇരുണ്ടുപോയ യൂറോപ്പിനെ നമുക്കറിയാം. പിന്നീട് യുദ്ധവും ഫാസിസവും മനുഷ്യമനസ്സിൽ സൃഷ്ടിച്ച ശൈഥില്യവും വ്യർത്ഥതാബോധവും ഫ്രാൻസ്കാഫ്ക, കാമു തുടങ്ങിയ മഹാസർഗ്ഗ പ്രതിഭകൾക്ക് ജന്മം നൽകി. ആ ഇരുണ്ട അരക്ഷിതബോധത്തിന്റെ ഗർഭഗൃഹം തന്നെയാണ് യൂറോപ്പിൽ നവോത്ഥാനത്തിന്റെ സൂര്യോദയത്തിനു ജന്മം നൽകിയത്. ഇവിടെയും അസ്തിത്വവ്യഥയുടെയും വ്യർത്ഥതാബോധത്തിന്റെയും നേരിയ തോതിലെങ്കിലുമുള്ള അലകൾ സാഹിത്യാദികലകളിൽ സ്വാധീനം ചെലുത്തുകയുണ്ടായി. ശ്രീ. എം. മുകുന്ദന്റെ ഒരു കഥാപാത്രം, പ്രത്യക്ഷത്തിൽ നമുക്ക് ബോധ്യം വരുന്ന ഒരു കാരണവുമില്ലാതെ ആത്മഹത്യ ചെയ്യാൻപോകുന്നതിന്റെ ചിത്രമുണ്ട്. ഖസാക്കിന്റെ ഇതിഹാസത്തിലെ രവി സർപ്പത്തിന്റെ (മൃത്യു) നേർക്ക് കാല് നീട്ടിവെച്ചു കൊടുക്കുന്നപോലുള്ള ഒരു വായനാനുഭവം മുമ്പുണ്ടായിട്ടില്ല. ജീവിതത്തിന്റെ അർത്ഥരാഹിത്യം രാജലക്ഷ്മിയുടെയും വരികളിൽ നിഴലിക്കുന്നുണ്ട്. മുപ്പത്തേഴുകൊല്ലത്തെ ഹ്രസ്വകാലജീവിതംകൊണ്ട് വരകളുടെയും വർണങ്ങളുടെയും വിസ്മയലോകം തീർത്ത

വിൻസെന്റ് വാൻഗോഗ്, ഇനിയൊന്നും ക്യാൻവാസിലേക്ക് പകർത്താനില്ലെന്ന മനസ്സിന്റെ ശൂന്യാവസ്ഥയിലാണെന്നു പറയപ്പെടുന്നു, ആത്മഹത്യ (സ്ഥിരീകരിക്കപ്പെട്ടിട്ടില്ല) ചെയ്യുകയുണ്ടായി. എന്നാലിവിടെ, സർഗധനയായ ഒരു എഴുത്തുകാരി എഴുതാതിരിക്കാൻ വയ്യാത്തതിനാലും എഴുതിയാൽ അത് കുടുംബ-സാമൂഹ്യബന്ധങ്ങൾക്ക് അലോസരമാവുകയും ചെയ്യുമെന്ന കാരണത്താൽ തന്റെ ധീഷ്ണാ സമ്പന്നമായ ജീവിതം നിഷ്ക്കരുണം ഹോമിച്ചുകളഞ്ഞു.

ആത്മഹത്യ ചെയ്ത കലാകാരന്മാരുടെ സൃഷ്ടികളെയും അവരുടെ സങ്കീർണമായ മനോവ്യാപാരങ്ങളെയും അധികരിച്ചുകൊണ്ടുള്ള ഒട്ടേറെ (മന:ശാസ്ത്ര) പഠനങ്ങളുണ്ടായിട്ടുണ്ട്. മനസ്സിന്റെ പുറത്തുള്ള സാമൂഹ്യാവസ്ഥയും ഉള്ളിലേല്പിക്കുന്ന ആഘാതങ്ങളും അവയോട് ബന്ധപ്പെട്ടുകൊണ്ടുള്ള ആവിഷ്കാരസമസ്യകളും ആത്മഹത്യാ പ്രവണതകളുണ്ടാക്കുന്നുവെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. റഷ്യൻ കവി മയക്കോവ്സ്കി, ഓൾഡ്മാൻ ആന്റ് ദ സി എന്ന വിഖ്യാതകൃതിയുടെ കർത്താവായ ഹെമിംഗ്‌വെ എന്നിവർ ആത്മഹത്യ ചെയ്ത ലോകപ്രതിഭകളാണ്. (ഹെമിംഗ്‌വേയുടേത് ആത്മഹത്യയല്ല എന്ന ലോകാഭിപ്രായവുമുണ്ട്). നമ്മുടെ മലയാളത്തിൽ തന്നെയുണ്ടായ ഇടപ്പള്ളി രാഘവൻപിള്ളയുടെ ആത്മഹത്യയെ വെറും പ്രേമനൈരാശ്യത്തിന്റെ കള്ളിയിലൊതുക്കാൻ കഴിയില്ല. നിരാശാ-മോഹഭംഗങ്ങൾ മനസ്സിന്റെ ആഴങ്ങളിലേല്പിക്കുന്നക്ഷതങ്ങളും സർഗ്ഗാത്മകതയുടെ വേദനകളും അദ്ദേഹത്തിന്റെ ആത്മമിത്രമായ ചങ്ങമ്പുഴയുടെ കവിതകളിലും കാണാൻ കഴിയും. രാജലക്ഷ്മിയുടെ രചനകളെയും അവരുടെ ആത്മഹത്യയെയും ബന്ധപ്പെടുത്തിയുള്ള തന്റെ 'ഏകാന്തപഥിക' എന്ന ലേഖനത്തിൽ ശ്രീ. എം.ടി. വാസുദേവൻനായർ എഴുത്തുകാരിയായ എമിലിബ്രോണ്ടിയെ സ്മരിക്കുന്നുണ്ട്. 'ജീവിതത്തിന്റെ പുറമ്പോക്കുഭൂമിയിൽ ഒരു തടവുകാരിയായി കഴിഞ്ഞ്, രോഗത്തിനു സ്വയം കീഴടങ്ങിക്കൊടുത്ത് ജീവിക്കാൻ വേണ്ടി ഒരു പിടിച്ചിൽകൂടി നടത്താതെ മരണത്തിന്റെ കാലടിവെയ്പുകൾ കേട്ടുകിടന്ന് തന്റെ നോവലെഴുതിയ ഏകാകിനിയായ എമിലിബ്രോണ്ടി. എഴുതാതിരിക്കാൻ കഴിയാത്ത അവസ്ഥ, എഴുതിയാലുണ്ടാവുന്ന വേദനകളും ഭവിഷ്യത്തുകളും - ഈ ധർമ്മസങ്കടം രാജലക്ഷ്മിയെ നിരന്തരം വേട്ടയാടിയിരുന്നു. എഴുതുന്നതിലും എഴുതിയില്ലെങ്കിലും എഴുതിക്കഴിഞ്ഞാലും വേദനഅനുഭവിച്ച വർജീനിയ വുൾഫിനെഎം.ടി. അനുസ്മരിക്കുന്നുണ്ട് അദ്ദേഹത്തിന്റെ ലേഖനത്തിൽ മരണത്തെ മുഖാമുഖം, നേരിൽ സ്പർശിക്കുന്ന ഒരു ചിത്രീകരണമുണ്ട്, 'ഒരുവഴിയും കുറെ നിഴലുകളും' എന്ന കൃതിയിൽ. മണിക്ക് ഏക സൗഹൃദമുണ്ടായിരുന്ന, കഥ പറഞ്ഞുകൊടുക്കുന്ന വൃദ്ധനായ വെളിച്ചപ്പാടിന്റെ വിയോഗം, അയാളുടെ ഒഴിഞ്ഞ കട്ടിൽ. സന്തതസഹചാരിയായ നായ കട്ടിലിന്റെ ഒരു ഭാഗത്ത് തറയിൽ കിടക്കുന്നു. അവൾ അതിനെസ്പർശിച്ച് പെട്ടെന്നുതന്നെ കൈ പിൻവലിച്ചു. മരണത്തിന്റെ തണുപ്പ്.

പ്രസിദ്ധ സാഹിത്യനിരൂപകൻ ശ്രീ. എം. കെ. സാനു രാജലക്ഷ്മിയെ നേരിൽ കണ്ടതിന്റെ ഒരു ചിത്രം വിവരിക്കുന്നുണ്ട്: 'ആരെയും സ്വാഗതം ചെയ്യാത്തതായ ഏതോ നിർവികാരഭാവമാണ് ആ മുഖത്ത് നിറഞ്ഞുനിന്നതെന്ന് ഞാനോർക്കുന്നു. മറ്റേതോ ലോകത്തിൽവെച്ച് ഒരു യുവതിയെ കണ്ടുമുട്ടിയതുപോലെയാണ് എനിക്ക് തോന്നിയത്. അസാധാരണമെന്ന് എനിക്ക് അനുഭവപ്പെട്ട ഒരു മുകതയുടെ സാന്ദ്രതയും ആ അന്തരീക്ഷത്തെ വിചിത്രമാക്കി ത്തീർത്തു.' നമുക്ക് ലഭ്യമായ രാജലക്ഷ്മിയുടെ ചിത്രങ്ങളും സാനുമാസ്റ്ററുടെ ഈ ചിത്രീകരണത്തെ സാധൂകരിക്കുന്നുണ്ട്. നിസ്സംഗതയും നിഷേധഭാവവും കൂസലില്ലായ്മയും വിഷാദവും കൂടിക്കലർന്ന മുഖഭാവം.

ജീവിതത്തിലും എഴുത്തിലും ഒരു ദ്വന്ദഭാവം പുലർത്തിയ എഴുത്തുകാരിയാണ് രാജലക്ഷ്മി. സർഗ്ഗാത്മകവ്യഥകളും മൃത്യുവിനോട് കാമനയോടടുത്തുള്ള ആഭിമുഖ്യവും വെളിച്ചവും നിഴലും പോലെ അവരുടെ രചനകളിൽ ഒളിഞ്ഞും തെളിഞ്ഞും കാണാം. ജീവിതത്തോടുള്ള കാമനപോലെ മൃത്യുവിനോടും അവർക്ക് ശക്തമായ ആകർഷണമുണ്ടായിട്ടുണ്ട്. ഇത് ഒരുപക്ഷേ സാധാരണ മനസ്സുകൾക്ക് അത്രസുഗ്രാഹ്യമായിരിക്കില്ല. കഥാപാത്രങ്ങൾക്കു മറ്റുള്ളവരോടുള്ള ബന്ധങ്ങളിലും ഈ ആകർഷണ-വികർഷണ സ്വഭാവമുണ്ട്. ഒരു വഴിയും കുറെ നിഴലുകളും എന്ന ആദ്യനോവലിലെ മണിക്ക് അപ്പുവിനോടുള്ള അടുപ്പവും അകൽച്ചയും ഉദാഹരണമാണ്. 'മകളി'ലെ ഭാസ്ക്കര മേനോനോട് ശാരദയ്ക്കുണ്ടായ പ്രണയവും പിന്നീട് കുടുംബത്തിന്റെ ഉത്തരവാദിത്തബോധം മനസ്സിലുണർത്തുന്നതുമൂലമുണ്ടായ നിഷേധഭാവവും ആ പ്രേമചഷകത്തെ നിർദയം തട്ടിയുടയ്ക്കുകയും ശാരദയുടെ ജീവിതത്തെ ദുരന്തപര്യവസാനി (Tragic End)യാക്കിത്തീർക്കുകയും ചെയ്യുന്നു. ജീവിതത്തിന്റെ വല്ലാത്തൊരു പ്രതിസന്ധിഘട്ടമാണിത്. അത് രാജലക്ഷ്മി ചുരുങ്ങിയ വാക്കുകൾകൊണ്ട് വരച്ചുകാണിച്ചിട്ടുണ്ട്. വാക്കുകൾക്കിടയിൽ ഉറഞ്ഞുകൂടുന്ന ധ്വനിസാന്ദ്രമായ മൗനങ്ങൾ രാജലക്ഷ്മിക്കഥകളിൽ വായനക്കാരന് ഹൃദ്യമായ വേദനാനുഭവങ്ങൾ തരുന്നു.

'ആത്മഹത്യ'യിലെ നീരജ കഥാകാരിക്കുള്ള കത്തുകളിൽ തന്നെക്കുറിച്ച് ഒന്നും എഴുതാതിരുന്നത് സ്വന്തം നിലനില്പിനെനിർദയം നിഷേധിക്കുകയാണ് ചെയ്യുന്നത്. അവനവന്റെ

തന്നെ ഇത്തരം അസ്തിത്വനിഷേധം തത്വചിന്തയിൽ ആത്മഹത്യയുടെ ചിഹ്നമാണെന്ന് രാജലക്ഷ്മി കൃതികളെ അധികരിച്ചുകൊണ്ടുള്ള ഒരു പഠനത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ആചാരബദ്ധമായ കുടുംബ-സാമൂഹ്യവ്യവസ്ഥാമൂല്യങ്ങളും, സമ്പ്രദായങ്ങളും, സർഗചേതനസ്പന്ദിക്കുന്ന മനസ്സിനേല്പിക്കുന്ന നീറ്റലും, പോറലുകളും അവരുടെ കൃതികളിൽ വായിക്കാൻ കഴിയും. 'പുരുഷമേധാവിത്വം പുലർത്തുന്ന പുരുഷൻ തന്റെ അഭിപ്രായങ്ങളും വീക്ഷണഗതികളും അടിച്ചേല്പിക്കാൻ സദാവ്യഗ്രത' കാട്ടുന്ന ഒരു സമൂഹത്തിൽ എഴുത്തുകാരിയായിത്തീരാൻ കൈക്കൊണ്ട തീരുമാനം രാജലക്ഷ്മിയെ സംബന്ധിച്ചിടത്തോളം നിർണായകമായ ഒന്നായിരുന്നു. അങ്ങനെയുള്ള ഒരു സമൂഹത്തിന്റെ വിളുമ്പിൽ നിലകൊള്ളുന്ന ഒരു നിർഭാഗ്യവതിയുടെ തേങ്ങലാണ് രാജലക്ഷ്മി തന്റെ കഥകളിൽ പിടിച്ചെടുത്തിട്ടുള്ളത് എന്ന് ശ്രീ. വി. രാജകൃഷ്ണൻ നിരീക്ഷിക്കുന്നത് അർത്ഥവത്താണ്. 'എഴുത്തുകാരികൾക്ക് നേരെയാകുമ്പോൾ ഈ ആരോപണ വ്യവസായം വൈകൃതസ്വഭാവം ആർജിക്കുന്നതായി മാധവിക്കുട്ടി തുടങ്ങിയ പ്രശസ്ത എഴുത്തുകാരികളുടെ അനുഭവം നമ്മുടെ മുമ്പിലുണ്ട്.'

അകാലത്തിൽ മറഞ്ഞുപോയ രാജലക്ഷ്മിയെ ഓർക്കുമ്പോൾ മദ്ധ്യാഹ്നത്തിനു മുമ്പേ കൊഴിഞ്ഞുപോയ ഒരു പൂവിന്റെ ചിത്രം മനസ്സിൽ വിടരുന്നു; ഉദിച്ച് ഉച്ചാവസ്ഥയിലെത്തുംമുമ്പേ അസ്തമിച്ചുപോയ ഒരു നക്ഷത്രം. സർഗ്ഗസമ്പന്നയായ ഈ എഴുത്തുകാരിയുടെ കൃതികളെയും പ്രത്യേകിച്ച് അവരുടെ സ്ത്രീകഥാപാത്രങ്ങളെയും അധികരിച്ചുകൊണ്ടുള്ള ഗൗരവമാർന്ന പഠനങ്ങൾ മലയാളസാഹിത്യത്തിൽ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിലുള്ള അലംഭാവത്തിനും മേൽ പ്രസ്താവിച്ച പുരുഷാധിപത്യപ്രവണതകൂടി കാരണമാകുന്നില്ലേ എന്ന് നാം ചിന്തിക്കേണ്ടതുണ്ട്.




Nellie and Jatindra Mohan Sengupta
on a 1985 stamp of India

| | |
|---|---|
| Born | 22 February 1885<br>Chittagong, Bengal Presidency, British India |
| Died | 23 July 1933 (aged 48)<br>Ranchi, Bihar and Orissa Province, British India<br>Alma mater Downing College, Cambridge |
| Occupation | Lawyer |
| Spouse(s) | Edith Ellen Gray<br>(Later known as Nellie Sengupta) |




**Peekay TMT** bars have the highest grade of purity and lowest Sulphur and Phosphorous content which makes it stronger and sustainable.

**Fe 550D, Fe 500**
**TMT+CRS BARS**
South India's only real TMT

**Peekay Fe550 D, Fe500 TMT + CRS bars – A quick glance**

- Tempcore Technology • Cooling Bed System • Better weldability
- Earthquake behaviour with high yield strength, ductility and durability
- Corrosion resistance • Fire resistance
- Uniform structure gives more carpet area

TEMPCORE CRM BELGIUM

PEEKAY STEEL
Steel, the world trusts

PEEKAY ROLLING MILLS PVT. LTD.

Nallalam, Calicut-673 027, Kerala, India. Tel: 0495-2422500, 2421701, Fax: 0495-2420724
Thottada, Kannur, Tel: 0497-2835560, 3243003 Mob: 99610 50083 Email: sales@peekayrm.com

Customer Care: 99950 88888 (9.30 to 17.30)


"Love & Serve"
SENGUPTA PUBLIC LIBRARY
Reg.No:11/KKD 2002
"LOVE & SERVE"
SENGUPTA PUBLIC LIBRARY
CELEBRATING
1933
90 YEARS
2023
ANNIVERSARY
SILPAM:Clt:9447385503

# 90 YEARS OF SENGUPTA LIBRARY



PARAYANCHERY

KOZHIKODE

Indic Digital Archive Foundation
gpura.org